# ഭരണഘടന




## Standard VI

## CHAPTER 10

## ജനാധിപത്യവും അവകാശങ്ങളും

PART -2

### നെൽസൺ മണ്ടേല

- ദക്ഷിണാഫ്രിക്കയിലെ ട്രാൻസ്കോയി ഗ്രാമത്തിൽ കസോസ ഗോത്ര വിഭാഗത്തിൽ 1918 ജൂലൈ 18 ന് ജനിച്ചു.
- ദക്ഷിണാഫ്രിക്കയിലെ നീഗ്രോ വംശജരുടെ അവകാശ സംരക്ഷണത്തിനു വേണ്ടി പോരാടിയ നേതാവ്.
- ദക്ഷിണാഫ്രിക്കയിലെ ജനാധിപത്യ വിരുദ്ധ ഭരണകൂടത്തിനെതിരെ സമരം നയിച്ച പ്രമുഖ നേതാവ്.
- ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ മുൻനിര പോരാളി.
- രാജ്യദ്രോഹ കുറ്റം ചുമത്തി മണ്ടേല തടവിലാക്കപ്പെട്ട കാലയളവ്

  **- 26 വർഷം 7 മാസം 10 ദിവസം**
- മണ്ടേല ജയിൽ മോചിതനായ വർഷം

  **- 1990 ഫെബ്രുവരി 11**
- മണ്ടേല ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായ വർഷം

  **- 1994 മെയ് 10**
- മണ്ടേല അന്തരിച്ചത്

  **- 2013 ഡിസംബർ 5 (95 വയസ്)**

"രാജ്യത്തെ എല്ലാ മേൽക്കോയ്മകൾക്കും എതിരായിട്ടാണ് ഞാൻ പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളത്. സ്വാതന്ത്ര്യവും ജനാധിപത്യവും സഹവർത്തിത്വവും സമത്വവുമുള്ള ഒരു രാഷ്ട്രത്തിനുവേണ്ടിയാണ് ഞാൻ പടവെട്ടുന്നത്. ഇത് നേടിയെടുക്കുകയാണെന്റെ ലക്ഷ്യം... ജനാധിപത്യവ്യവസ്ഥയിൽ നിങ്ങളും ഞങ്ങളും തുല്യരാവും."



നെൽസൺ മണ്ടേല

## ജനാധിപത്യഗവണ്മെന്റ്

- ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ നടത്തുന്ന ഭരണക്രമത്തെയാണ് ജനാധിപത്യ ഗവണ്മെന്റ് എന്നുപറയുന്നത്.
- ലോകത്ത് ഭൂരിഭാഗം രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത് ജനാധിപത്യ ഭരണക്രമമാണ്.
- ജനാധിപത്യ ഭരണത്തിന്റെ മേന്മകൾ
  - ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും അവകാശങ്ങളും നിയമപരമായി ഉറപ്പു നൽകുന്നു.
  - ജനാഭിലാഷം മാനിക്കുന്നു.
  - വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്നു.
  - ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയരാണ്.
  - ഭരണാധികാരികൾ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു.
  - ജനങ്ങളെല്ലാം സമന്മാരാണ്. (അതായത് ജനങ്ങൾക്കിടയിൽ വലിയവരോ ചെറിയവരോ ഇല്ല.)
  - കൃത്യമായ കാലപരിധിയിൽ തിരഞ്ഞെടുപ്പ് നടക്കുന്നു.
- ജനാധിപത്യ ഭരണം നിലനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ.

## ജനാധിപത്യേതര ഗവണ്മെന്റ്

- ഒരു വ്യക്തിയോ ഒന്നിലധികം വ്യക്തികളോ സ്വന്തം ഇഷ്ടാനുസരണം നടത്തുന്ന ഭരണക്രമമാണ് ജനാധിപത്യേതര ഭരണവ്യവസ്ഥ.
- രാജാവിന്റെ/സുൽത്താന്റെ/പട്ടാള മേധാവിയുടെ ഭരണം ജനാധിപത്യേതര ഗവണ്മെന്റിനുദാഹരണമാണ്.
- ജനാധിപത്യേതര ഭരണവ്യവസ്ഥയുടെ സവിശേഷതകൾ
  - അധികാരം പരമ്പരാഗതമായി കൈമാറുകയോ പിടിച്ചെടുക്കുകയോ ചെയ്യുന്നു.
  - ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും അവകാശങ്ങളും പരിമിതമാണ്.
  - ഭരണാധികാരി നിയമത്തിന് അതീതനാണ്. കാരണം അവർ തീരുമാനിക്കുന്നതാണ് നിയമം.
  - കോടതികൾക്ക് നിയന്ത്രണം.

### ജനാധിപത്യേതര ഭരണം നടത്തുന്ന രാജ്യങ്ങൾ

| രാജ്യം | ഗവൺമെന്റിന്റെ രൂപം |
|---|---|
| ❖ ഭൂട്ടാൻ | ഭരണഘടനാപരമായ രാജവാഴ്ച |
| ❖ ബ്രൂണയ് | സുൽത്താൻ ഭരണം |
| ❖ മ്യാൻമാർ | പട്ടാളഭരണം |

ഭൂട്ടാൻ രാജാവും ബ്രൂണയ് സുൽത്താനും പിന്തുടർച്ചാടിസ്ഥാനത്തിലാണ് അധികാരത്തിൽ വരുന്നത്.

## അവകാശങ്ങൾ

- ജനാധിപത്യ ഗവൺമെന്റുകളെ ഇതര ഗവൺമെന്റുകളിൽ നിന്ന് വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം അവ ഉറപ്പു നൽകുന്ന അവകാശങ്ങളാണ്.
- പൗരന്മാർക്ക് ജനാധിപത്യജീവിതം സാധ്യമാകണമെങ്കിൽ പൗരാവകാശങ്ങൾ നിലനിൽക്കണം.

- ഒരു പൗരന് മെച്ചപ്പെട്ട ജീവിതം കൈവരിക്കുന്നതിനും തന്റെ ശേഷിയും കഴിവും വികസിപ്പിക്കുന്നതിന് സഹായകമായതും സമൂഹവും രാഷ്ട്രവും ഉറപ്പുനൽകുന്നതുമായ വ്യവസ്ഥകൾ

  **- അവകാശങ്ങൾ**

- ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വ വികാസത്തിനും വളർച്ചയ്ക്കും ലഭിക്കുന്ന അവസരങ്ങളാണ്

  **- അവകാശങ്ങൾ**

- ഓരോ രാജ്യവും ഭരണഘടനയിലുൾപ്പെടുത്തി പൗരന് ഉറപ്പു നൽകുന്ന അവകാശങ്ങളുടെ പട്ടിക

  **- അവകാശ പത്രിക**

- ഇന്ത്യയുടെ അവകാശ പത്രിക അറിയപ്പെടുന്നത്

  **- മൗലികാവകാശങ്ങൾ**

❖ **ഇന്ത്യയിൽ ലഭ്യമായ ചില അവകാശങ്ങൾ**

- ജീവിക്കാനുള്ള അവകാശം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- അഭിപ്രായസ്വാതന്ത്ര്യം
- സംഘടനാസ്വാതന്ത്ര്യം

## മനുഷ്യാവകാശങ്ങൾ

- മനുഷ്യവംശത്തിലെ ഒരു അംഗം എന്ന നിലയിൽ എല്ലാവർക്കും ഒരുപോലെ ലഭ്യമായിരിക്കേണ്ട അവകാശങ്ങൾ അറിയപ്പെടുന്നത്

  **- മനുഷ്യാവകാശങ്ങൾ**

- ഓരോ വ്യക്തിക്കും അന്തസുറ്റ ജീവിതം നയിക്കുന്നതിനുള്ള മൗലികവും അനർഘവും ആരാലും അന്യാധീനപ്പെടുത്താനാകാത്തതുമായ ജന്മസിദ്ധമായ അവകാശങ്ങളാണ്

  **- മനുഷ്യാവകാശങ്ങൾ**

- ഓരോ വ്യക്തിക്കും തന്റേതായ സാഹചര്യങ്ങളിൽ അന്തസുറ്റ ജീവിതം നയിക്കുന്നതിന് ആവശ്യമായ ജീവിതസാഹചര്യങ്ങളും അവസരങ്ങളും ലഭ്യമാക്കുന്നതിലൂടെ മാത്രമേ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളൂ.
- വ്യക്തികൾക്ക് സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കുന്നതിനുതകുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.

**ഉദാ:** സ്വന്തം അഭിപ്രായം നിർഭയമായി പ്രകടിപ്പിക്കുന്നതിനുള്ള അവകാശം

## മനുഷ്യാവകാശം : നാൾവഴികൾ

### അമേരിക്കൻ സ്വാതന്ത്ര്യസമരം

- സ്വാതന്ത്ര്യത്തിനും സ്വൈര്യജീവിതത്തിനും വേണ്ടി അമേരിക്കയിലേക്ക് കുടിയേറിയവരെ കോളനിഭരണത്തിലൂടെ നിയന്ത്രിക്കാൻ ബ്രിട്ടൺ ശ്രമിച്ചു.
- ഈ ശ്രമം കോളനിവാഴ്ചയിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ അമേരിക്കയിലെ കോളനിവാസികളെ പ്രേരിപ്പിച്ചു.
- കോളനിവാസികളുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ സമ്മേളിച്ച് 1776 ജൂലൈയിൽ കോളനികളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.
- അമേരിക്കൻ കോളനിവാസികളുടെ സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും സ്ഥാപിച്ചെടുക്കൽ കൂടിയാണ് ഈ സ്വാതന്ത്ര്യ പ്രഖ്യാപനം.
- അമേരിക്കൻ ഐക്യനാടുകളിൽ നിലവിൽ വന്ന ഭരണഘടന യൂറോപ്പിൽ നിന്നും കുടിയേറിയ അമേരിക്കക്കാരുടെ മനുഷ്യാവകാശങ്ങൾക്ക് പരിരക്ഷ നൽകി.

- **"ഭരണകൂടത്തിനും രാഷ്ട്രത്തിനും അവയെ സൃഷ്ടിക്കുകയും അവയ്ക്ക് കീഴിൽ ജീവിക്കുകയും ചെയ്യുന്ന മനുഷ്യരുടെ താൽപര്യങ്ങൾക്കപ്പുറം ഒരു ലക്ഷ്യവുമില്ല."**

  - അവകാശങ്ങളും സ്വാതന്ത്ര്യവും സംബന്ധിച്ച് അമേരിക്കൻ സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നു വന്ന ചിന്തകരുടെ വാക്കുകൾ

## ഫ്രഞ്ച് വിപ്ലവം

- പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവവും അതിന്റെ ഭാഗമായുള്ള മനുഷ്യാവകാശ പ്രഖ്യാപനവും നടന്നു.
- ഏകാധിപതിയായ ഫ്രഞ്ച് ഭരണാധികാരി ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റ് പിരിച്ചു വിടുകയും ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തു.
- ഇതേത്തുടർന്ന് ജനങ്ങളുടെ നേതൃത്വത്തിൽ ഫ്രാൻസിലെ ദേശീയ അസംബ്ലി ചേർന്ന് മനുഷ്യാവകാശ പ്രഖ്യാപനത്തിന് രൂപം നൽകിയത്

  **- 1789 ൽ**
- ഫ്രഞ്ച് വിപ്ലവത്തിന്റെ അടിത്തറയായി വർത്തിച്ച ആശയങ്ങൾ

  **- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം**
- ഈ ആശയങ്ങൾ മനുഷ്യസ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനകൾക്ക് രൂപം നൽകാൻ ലോകരാഷ്ട്രങ്ങൾക്ക് പ്രചോദനമായി.

## റഷ്യൻ വിപ്ലവം

- വിപ്ലവത്തെ തുടർന്ന് സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണത്തിന് പകരം ജനങ്ങൾക്ക് പങ്കാളിത്തമുള്ള സോഷ്യലിസ്റ്റ് ഭരണക്രമത്തിലേക്ക് റഷ്യ മാറി.
- വിശക്കുന്നവന് ആഹാരം, കൃഷിഭൂമി കർഷകന് തുടങ്ങിയ മുദ്രാവാക്യങ്ങൾ വിപ്ലവാനന്തരം അധികാരത്തിൽവന്ന സോഷ്യലിസ്റ്റ് ഭരണകൂടം നടപ്പിൽ വരുത്താൻ തയ്യാറായിരുന്നു.
- തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾ ഉറപ്പാക്കി.

## ദാർശനിക ചിന്തകൾ

- ഭരണാധികാരം ദൈവദത്തമാണെന്ന വാദത്തിനെതിരെ അത് മനുഷ്യേച്ഛയിൽ അധിഷ്ഠിതമാണെന്നു പ്രഖ്യാപിക്കുന്ന ആശയങ്ങൾ ലോകത്ത് പ്രചാരം നേടി.
- മനുഷ്യാവകാശസങ്കൽപ്പങ്ങൾക്ക് വിത്തു പാകാൻ തോമസ് ഹോബ്സ്, ജോൺ ലോക്ക്, റൂസോ തുടങ്ങിയ ദാർശനികരുടെ ചിന്തകൾ പ്രചോദനവും നൽകി.

## ദേശീയ പ്രസ്ഥാനവും മനുഷ്യാവകാശങ്ങളും

- ബ്രിട്ടീഷ് ആധിപത്യകാലത്ത് ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്തുന്ന ജാതി-മതപ്രാദേശിക ചിന്തകൾക്ക് എതിരായി ജനങ്ങളെ ഒന്നിപ്പിച്ച് നിർത്താൻ ദേശീയ പ്രസ്ഥാനത്തിന് കഴിഞ്ഞിരുന്നു.
- ഇന്ത്യയിലെ ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ദേശീയപ്രസ്ഥാനം ഉന്നയിച്ചു.
- സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന ഭരണഘടനയിൽ ഈ അവകാശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.
- ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശയങ്ങൾ

  **- ജനാധിപത്യം, മതനിരപേക്ഷത, പരമാധികാരം, സോഷ്യലിസം, റിപ്പബ്ലിക്ക്**
- ഇന്ത്യയിലെ ജനങ്ങളുടെ പേരിൽ ഭരണഘടന സമർപ്പിക്കുന്നതും, ഭരണഘടനയിൽ വിവിധ ആശയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതും പൗരന്റെ അവകാശങ്ങൾ ഉറപ്പുവരുത്താൻ വേണ്ടിയാണ്.

### സൈറസ്

- 2500 വർഷങ്ങൾക്ക് മുമ്പ് പേർഷ്യയിലെ ചക്രവർത്തിയായിരുന്ന സൈറസ് തന്റെ ജനതയ്ക്കുമുന്നിൽ ഒരു പ്രഖ്യാപനം നടത്തി.
- അടിമത്തവും അടിമക്കച്ചവടവും നില നിന്നിരുന്ന പേർഷ്യയിൽ അടിമകളെയെല്ലാം മോചിപ്പിക്കുന്നതായും സ്വതന്ത്രരായി ജീവിക്കുവാൻ അനുവദിക്കുന്നതായും പ്രഖ്യാപിച്ചു.
- മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ മദ്ദളത്തിന്റെ ആകൃതിയിലുള്ള ഒരു കളിമൺ സിലിണ്ടറിൽ രേഖപ്പെടുത്തി കുഴിച്ചിട്ടിരുന്നു.

## ജീവിക്കാനുള്ള അവകാശം

- ജീവിക്കാനുള്ള അവകാശമെന്നാൽ അന്തസ്സോടെയുള്ള ജീവിതം എന്നാണർഥമാക്കുന്നത്.
- ശുദ്ധവായു, ശുദ്ധജലം, മതിയായ പോഷകാഹാരം എന്നിവ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ്.

## സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം

- ലോകസമാധാനവും സുരക്ഷയും ലക്ഷ്യമാക്കിയും ഇനിയൊരു യുദ്ധം ഉണ്ടാവുന്നതു തടയുന്നതിനും വേണ്ടി രൂപം കൊണ്ട സംഘടന

  **- ഐക്യരാഷ്ട്രസംഘടന**
- മനുഷ്യാവകാശസങ്കൽപ്പത്തിന് ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം ഉത്തേജനമേകി.
- ഐക്യരാഷ്ട്രസഭയെ മനുഷ്യാവകാശ പ്രഖ്യാപനത്തിലേക്ക് നയിച്ചത്
  - രണ്ടാം ലോകയുദ്ധത്തിന് ശേഷവും എല്ലാ ഭരണകൂടവും ജനാധിപത്യവത്ക്കരിക്കപ്പെട്ടിരുന്നില്ല
  - പല രാജ്യങ്ങളിലും മനുഷ്യാവകാശധ്വംസനങ്ങൾ അനുസ്യൂതം തുടർന്നു.
- ഐക്യരാഷ്ട്രസഭ സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights) നടത്തിയത്

  **- 1948 ഡിസംബർ 10**
- മനുഷ്യന്റെ മൗലിക സ്വാതന്ത്ര്യവും അവകാശങ്ങളുമടങ്ങിയതാണ് ഈ പ്രഖ്യാപനം.
- സാർവ്വദേശീയ മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്

  **- ഡിസംബർ 10**
- ഈ പ്രഖ്യാപനപ്രകാരം ജാതി, മതം, വംശം, ഭാഷ, പൗരത്വം, വിശ്വാസം, സംസ്കാരം, കുടുംബം, സ്ത്രീ-പുരുഷ ഭേദം തുടങ്ങി യാതൊരു തരത്തിലുമുള്ള വിവേചനവും കൂടാതെ ജീവിതം നയിക്കുവാനുള്ള അർഹത മനുഷ്യവർഗ്ഗത്തിലെ എല്ലാവർക്കുമുണ്ട്. അതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ ലോകരാജ്യങ്ങളോട് യു.എൻ. നിർദ്ദേശിക്കുന്നു

"എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുന്നു. അവർ ബുദ്ധിയും മനഃസാക്ഷിയും കൊണ്ട് അനുഗൃഹീതരും പരസ്പര സാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്."

**- സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം**

### ❖ സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന ചില അവകാശങ്ങൾ

- സ്വാതന്ത്ര്യത്തോടെ ജീവിക്കാനും വ്യക്തി സുരക്ഷിതത്വം അനുഭവിക്കുവാനുമുള്ള അവകാശം.
- സംഘടനാ സ്വാതന്ത്ര്യം
- തൊഴിലവകാശം
- സംസ്കാരവും ഭാഷയും ലിപിയും സംരക്ഷിക്കാനുള്ള അവകാശം
- അടിമത്തത്തിൽനിന്നുള്ള മോചനം.
- നിയമത്തിന്റെ മുന്നിൽ തുല്യതയും തുല്യ നിയമപരിരക്ഷയും.
- സ്വേച്ഛാപരമായ അറസ്റ്റിനോ തടങ്കലിനോ നാടുകടത്തലിനോ ആരെയും വിധേയരാക്കരുത്.
- കുറ്റകൃത്യം നിയമപരമായി തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയായി പരിഗണിക്കപ്പെടാനുള്ള അവകാശം.
- രാജ്യത്തെവിടെയും സഞ്ചരിക്കാനും താമസിക്കാനുമുള്ള അവകാശം
- സ്വന്തം രാജ്യത്തെ ഗവണ്മെന്റിൽ നേരിട്ടോ

പ്രാതിനിധ്യ രൂപത്തിലോ പങ്കാളിത്തത്തിനുള്ള അവകാശം

- പ്രായപൂർത്തിയായവർക്ക് വിവാഹത്തിലേർപ്പെടാനും കുടുംബം സ്ഥാപിക്കുവാനുമുള്ള അവകാശം.
- തനിച്ചും കൂട്ടായും സ്വത്ത് സമ്പാദിക്കാനുള്ള അവകാശം.
- അഭിപ്രായത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം.
- തുല്യജോലിക്ക് തുല്യവേതനം.
- മാതൃത്വം, ശൈശവം ഇവയ്ക്ക് പ്രത്യേക സംരക്ഷണവും സഹായവും.
- വിദ്യാഭ്യാസത്തിനുള്ള അവകാശം.

♦ മനുഷ്യാവകാശങ്ങളുടെ സൈദ്ധാന്തിക അടിത്തറയായി കണക്കാക്കുന്നത്

**- സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം**

♦ 1966 ലെ സിവിൽ - രാഷ്ട്രീയവകാശങ്ങളെക്കുറിച്ചും സാമൂഹിക-സാമ്പത്തിക -സാംസ്കാരിക അവകാശങ്ങളെക്കുറിച്ചും ലോകരാജ്യങ്ങൾ ചേർന്നുള്ള ഉടമ്പടികളും മനുഷ്യാവകാശങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കുന്നു.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

♦ മനുഷ്യാവകാശ സംരക്ഷണത്തിനു വേണ്ടി ദേശീയ തലത്തിൽ രൂപം കൊണ്ട കമ്മീഷൻ

**- ദേശീയ മനുഷ്യാവകാശ കമ്മീഷൻ**

♦ മനുഷ്യാവകാശ സംരക്ഷണ നിയമം പാർലമെന്റ് പാസാക്കിയത്

**- 1993**

♦ ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങൾ

**- ആറ് (ചെയർമാനുൾപ്പെടെ)**

♦ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്/ജഡ്ജ് പദവി വഹിച്ച ഒരാളായിരിക്കണം കമ്മീഷന്റെ ചെയർമാൻ.

### Smack Dab

■ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ

**- ജസ്റ്റിസ് രംഗനാഥ മിശ്ര**

■ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിലവിലെ ചെയർമാൻ

**- അരുൺ കുമാർ മിശ്ര**

♦ ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ മറ്റംഗ ങ്ങൾ

- സുപ്രീം കോടതിയിലെ നിലവിലെ ജഡ്ജി/ മുൻ സുപ്രീം കോടതി ജഡ്ജായ ഒരംഗം
- ഹൈക്കോടതിയുടെ നിലവിലെ ചീഫ് ജഡ്ജ്/ മുൻ ഹൈക്കോടതി ചീഫ് ജഡ്ജായ ഒരംഗം
- മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവോ പ്രായോഗിക പരിചയമോ ഉള്ള വ്യക്തികളിൽ നിന്നോ 3 അംഗങ്ങൾ (ഇതിലൊരാൾ വനിതയായിരിക്കണം).

■ **മനുഷ്യാവകാശ കമ്മീഷന്റെ എക്സ് ഒഫീഷ്യോ അംഗങ്ങൾ**

- ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർ പേഴ്സൺ
- ദേശീയ പട്ടികജാതി കമ്മീഷൻ ചെയർ പേഴ്സൺ
- ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ ചെയർ പേഴ്സൺ
- ദേശീയ വനിതാ കമ്മീഷൻ ചെയർ പേഴ്സൺ
- ദേശീയ പിന്നാക്കവിഭാഗ കമ്മീഷൻ ചെയർ പേഴ്സൺ
- ദേശീയ ഭിന്നശേഷി കമ്മീഷൻ ചീഫ് കമ്മീഷണർ
- ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ

## ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ

- മനുഷ്യാവകാശലംഘനവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തുക.
- ജയിലുകളും മറ്റും സന്ദർശിച്ച് അന്തേവാസികളുടെ ജീവിത സൗകര്യം പഠിച്ച് ശിപാർശകൾ നൽകുക.
- മനുഷ്യാവകാശ സംരക്ഷണത്തിന് ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുക.
- മനുഷ്യാവകാശ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ പരിപോഷിപ്പിക്കുക.
- പൗരാവകാശങ്ങൾ സംരക്ഷിക്കുക.
- മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ പുനരവലോകനം ചെയ്യുക.
- ഭരണനിർവ്വഹണരംഗത്തെ പരിഷ്ക്കരണങ്ങൾ.
- തടവറകളിലെ അതിക്രമങ്ങൾ തടയുക.
- പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യാവകാശ നിഷേധങ്ങൾ ഇല്ലാതാക്കുക.
- വനിതകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുക.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

- കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്

  **- 1998**
- ചെയർമാനുൾപ്പെടെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങൾ

  **- മൂന്ന്**
- ദേശീയമനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ തന്നെയാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ഉള്ളത്.
- ഹൈക്കോടതി ചീഫ് ജസ്റ്റിസോ ജഡ്ജിയോ ആയിരുന്ന വ്യക്തി ആയിരിക്കണം ചെയർപേഴ്സൺ ആകേണ്ടത്.

## കുട്ടികളുടെ അവകാശങ്ങൾ

- മനുഷ്യാവകാശപ്രഖ്യാപനത്തിന്റെയും ഉടമ്പടികളുടെയും തുടർച്ചയായി അന്താരാഷ്ട്രതലത്തിൽ കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച കീഴ്വഴക്കങ്ങൾ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ അംഗീകരിക്കുകയുണ്ടായി (Convention on the Right of the Child).
- യു.എൻ. കുട്ടികളുടെ അവകാശപ്രഖ്യാപനം നടത്തിയത്

  **- 1989 നവംബർ 20**
- ലോകത്തിലെ ഭരണകൂടങ്ങളോട് കുട്ടികളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുവാൻ ഈ പ്രഖ്യാപനത്തിലൂടെ യു.എൻ. നിർദ്ദേശിച്ചു.
- ശിശുവിന് വാത്സല്യം, സ്വാതന്ത്ര്യം, സമാധാനം, സമഭാവന, സഹാനുഭൂതി എന്നിവയിലൂന്നി വ്യക്തിത്വ വികാസം ഉറപ്പുവരുത്താൻ മാതാപിതാക്കളോടും സമൂഹത്തോടും ഈ പ്രഖ്യാപനം ആഹ്വാനം ചെയ്തു.
- ഇന്ത്യയിലും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമങ്ങൾ ഉണ്ടായിട്ടുണ്ട്.

  ഉദാ: **വിദ്യാഭ്യാസ അവകാശനിയമം, ബാലവേല നിരോധന നിയമം**

## വിദ്യാഭ്യാസ അവകാശ നിയമം

- ✶ വിദ്യാഭ്യാസ അവകാശ നിയമം (ആർ.റ്റി.ഇ. ആക്ട്) പാർലമെന്റ് പാസാക്കിയത്

  **- 2009**
- ✶ 6 മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്ന നിയമം

  **- വിദ്യാഭ്യാസ അവകാശ നിയമം** (Right to Education Act)

### ❖ കുട്ടികളുടെ പ്രധാന അവകാശങ്ങൾ

- അതിജീവനത്തിനും സംരക്ഷണത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നും സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം
- പേരിനും ദേശീയതയ്ക്കുമുള്ള അവകാശം
- ബാലവേലയിൽ നിന്നുള്ള സംരക്ഷണാവകാശം
- പഠനാനുകൂല അന്തരീക്ഷത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അവകാശം.
- കുട്ടികളുടെ വ്യക്തിത്വസംരക്ഷണം
- മാതാപിതാക്കളിൽനിന്നു വേർപെടാതിരിക്കാനുള്ള അവകാശം
- ആരോഗ്യത്തിനുള്ള അവകാശം
- വിവേചനങ്ങളിൽ നിന്നുള്ള സംരക്ഷണം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- മയക്കുമരുന്ന് പോലുള്ള ഹാനികരമായ വസ്തുക്കളിൽ നിന്നുള്ള സംരക്ഷണം

♦ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ദേശീയ തലത്തിൽ രൂപം കൊണ്ടിട്ടുള്ളത്

**- ദേശീയ ബാലാവകാശ കമ്മീഷൻ**

♦ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി സംസ്ഥാന തലങ്ങളിൽ രൂപം കൊണ്ടിട്ടുള്ളത്

**- സംസ്ഥാന ബാലാവകാശ കമ്മീഷൻ**

✹ ബാലവേലയ്ക്കെതിരെ ബച്പൻ ബച്ചാവോ ആന്ദോളൻ എന്ന സംഘടന രൂപീകരിച്ചത്

**- കൈലാസ് സത്യാർത്ഥി**

✹ 2014 ൽ മലാലയോടൊപ്പം സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയത്

**- കൈലാസ് സത്യാർത്ഥി**

✹ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പോരാടിയതിന് പതിനേഴാം വയസ്സിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയത്

**- മലാല യൂസഫ് സായി**

## സ്ത്രീകളുടെ അവകാശങ്ങൾ

♦ സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി സ്ത്രീവിവേചന ഉന്മൂലന ഉടമ്പടി ഐക്യരാഷ്ട്രസഭ അംഗീകരിച്ചത്

**- 1979**

### ❖ 1979ലെ യു.എൻ. ഉടമ്പടിയിൽ ഭരണകൂടങ്ങളുടെ കടമകളായി പറയുന്നവ

- സ്ത്രീപുരുഷ തുല്യത ലഭ്യമാക്കുക.
- ഭരണകൂടം സ്ത്രീകളോട് യാതൊരു വിവേചനവും കാണിക്കാതിരിക്കുക.
- വ്യക്തിയും സംഘടനകളും സ്ഥാപനവും സ്ത്രീകളോട് യാതൊരു വിവേചനത്തിനും മുതിരില്ലെന്ന് ഉറപ്പാക്കുക.
- വിവേചനപരമായ നിയമങ്ങളും ആചാരങ്ങളും പരിഷ്ക്കരിക്കുകയോ അവസാനിപ്പിക്കാൻ നടപടിയെടുക്കുകയോ ചെയ്യുക.
- സ്ത്രീവിവേചനപരമായ എല്ലാ നിയമങ്ങളും അസാധുവാക്കുക.

### ❖ സ്ത്രീകളുടെ മറ്റ് അവകാശങ്ങൾ

- തുല്യ ജോലിക്ക് തുല്യവേതനം
- രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മേഖലയിൽ തുല്യപരിഗണന
- സ്കോളർഷിപ്പുകൾ, പഠനസഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിൽ തുല്യാവസരം

### ■ സ്ത്രീകൾ നേരിടേണ്ടിവരുന്ന അവകാശലംഘനങ്ങൾ

- ☞ അവഗണന
- ☞ വീട്ടിൽ ഭക്ഷണം, വസ്ത്രം, മറ്റ് ജീവിത സാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിലുള്ള വിവേചനം.
- ☞ ജോലി സ്ഥലങ്ങളിൽ നേരിടേണ്ടിവരുന്ന വിവേചനങ്ങൾ, യാത്രക്കിടയിലും പൊതു സ്ഥലങ്ങളിലും അനുഭവിക്കേണ്ടി വരുന്ന ഉപദ്രവങ്ങൾ

## Smack Dab

- സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി ദേശീയതലത്തിൽ പ്രവർത്തിക്കുന്നത്
  - **ദേശീയ വനിതാകമ്മീഷൻ**
- സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നത്
  - **സംസ്ഥാന വനിതാകമ്മീഷൻ**

❖ **സ്ത്രീകളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട ചില നടപടികൾ**

- വനിതാസെൽ രൂപീകരണം
- റെയിൽവേ സ്റ്റേഷനുകളിൽ വനിതകൾക്ക് പ്രത്യേക വിശ്രമകേന്ദ്രങ്ങൾ
- കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 % വനിതാ സംവരണം

❖ **സ്ത്രീകൾക്കുവേണ്ടി ഇന്ത്യയിൽ നിർമ്മിച്ച നിയമങ്ങൾ**

- ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 (Protection of Women from Domestic Violence Act 2005)
- തൊഴിലിടങ്ങളിൽ സംരക്ഷണം

## അവകാശങ്ങൾ ഇന്ത്യയിൽ

- ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളും നിർദ്ദേശകതത്വങ്ങളും മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടവയാണ്.
- ഭരണഘടനയിൽ പൗരത്വം, വോട്ടവകാശം എന്നിവ മൗലികാവകാശത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
- എന്നാൽ ഇവ അവകാശങ്ങളായി ഭരണഘടന ഉറപ്പ് നൽകുന്നു.

- എല്ലാ മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങൾ തന്നെയാണ്.
- എന്നാൽ എല്ലാ മനുഷ്യാവകാശങ്ങളെയും മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- മനുഷ്യാവകാശങ്ങൾക്ക് മൗലികാവകാശങ്ങളെക്കാൾ വ്യാപ്തിയുണ്ട്.

  **ഉദാ:** ശുദ്ധജലലഭ്യത, ശുദ്ധവായു, മലിനമാകാത്ത ചുറ്റുപാട് എന്നിവ മനുഷ്യാവകാശങ്ങളാണ്.

## മനുഷ്യാവകാശങ്ങൾ : 21 –ാം നൂറ്റാണ്ടിൽ

### ആങ്സാങ് സൂചി

- മ്യാൻമാറിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യഅവകാശങ്ങൾക്കും വേണ്ടി നടക്കുന്ന സമരങ്ങൾക്ക് നേതൃത്വം നൽകുന്ന ജനകീയ നേതാവാണ് ആങ്സാങ് സൂചി.
- പട്ടാള ഭരണകൂടം വർഷങ്ങളോളം ഇവരെ വീട്ടു തടങ്കലിലാക്കി.

### നർമ്മദ ബച്ചാവോ ആന്തോളൻ

- നർമ്മദാ നദിയിൽ സർദാർ സരോവർ പദ്ധതി നടപ്പാക്കിയപ്പോൾ പരമ്പരാഗത തൊഴിലിലേർപ്പെട്ടിരുന്ന ആദിവാസികളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾ പിഴുതെറിയപ്പെട്ടു.
- ജനങ്ങളുടെ വാസസ്ഥലം, തൊഴിൽ, കൃഷിഭൂമി, വനം, ജലം എന്നിവ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ജനങ്ങൾ നടത്തിയ പ്രക്ഷോഭമാണ് നർമ്മദ ബച്ചാവോ ആന്തോളൻ.
- നർമ്മദ ബച്ചാവോ ആന്തോളന് നേതൃത്വം നൽകിയത്
  - **മേധാ പട്കർ**

## കിർഖിസ്ഥാനിലെ വംശീയ കലാപം

- പഴയ സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ ഉടലെടുത്ത രാജ്യമാണ് കിർഖിസ്ഥാൻ.
- 2010 ൽ ഗവൺമെന്റിന്റെ ദുർഭരണത്തിനെതിരെ ജനങ്ങൾ പ്രക്ഷോഭം നടത്തുകയും ഭരണാധികാരിയെ പുറത്താക്കുകയും ചെയ്തു .
- എന്നാൽ ഭൂരിപക്ഷ ജനവിഭാഗമായ **കിർഗുകൾ** ന്യൂനപക്ഷമായ **ഉസ്ബെക്കുകൾ**ക്ക് നേരെ അക്രമം അഴിച്ചുവിടുകയും വംശഹത്യ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

## ഇറോം ഷാനു ഷർമിള

- മണിപ്പൂരിൽ വിഘടനവാദികളുടെ പ്രവർത്തനം വർദ്ധിച്ചതുകൊണ്ട് പട്ടാളത്തിന്റെ പ്രത്യേകാധികാര നിയമം (AFSPA) പ്രകാരം ആരെയും വെടിവച്ചു കൊല്ലാനും വാറന്റ് ഇല്ലാതെ അറസ്റ്റ് ചെയ്യാനും ഏത് കെട്ടിടവും ഇടിച്ചുനിരത്താനും അധികാരമുണ്ട്.
- ഈ നിയമം വിവേചനരഹിതമായി പ്രയോഗിക്കുന്നതിനെതിരെ നിരാഹാര സമരം നടത്തിയ പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകയാണ് ഇറോം ഷാനു ഷർമിള.

## മേഖലാതല മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ

- ഒരേ തരത്തിലുള്ള സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലവും ഭൂമിശാസ്ത്രപരമായി സമാനതകളുമുള്ള രാഷ്ട്രങ്ങൾ ചേർന്ന് മനുഷ്യാവകാശ സംരക്ഷണത്തിന് മേഖലാതലത്തിലുള്ള ഉടമ്പടികൾ ഉണ്ടാക്കിയിട്ടുണ്ട്.
- യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങൾ ചേർന്ന് നടത്തിയ യൂറോപ്യൻ മനുഷ്യാവകാശ പ്രഖ്യാപനം (European Convention on Human Rights) ഇത്തരത്തിലുള്ളതാണ്.
- വധശിക്ഷ നിർത്തലാക്കുന്ന വ്യവസ്ഥയും യൂറോപ്പിൽ എത്തുന്ന വിദേശീയരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതും ഈ പ്രഖ്യാപനത്തിന്റെ സവിശേഷതയാണ്.
- ആഫ്രിക്കയിലും അമേരിക്കയിലും ഇത്തരത്തിൽ മേഖലാതല മനുഷ്യാവകാശ പ്രഖ്യാപനങ്ങളുണ്ട്.

## മനുഷ്യാവകാശവും സംഘടനകളും

❖ **മനുഷ്യാവകാശ സംഘടനകളുടെ പ്രാധാന്യം**

- പല മേഖലകളിലുമുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നിരീക്ഷിക്കുവാനും പുറത്തുകൊണ്ടുവരാനും ശ്രമിക്കുന്നു.
- മനുഷ്യാവകാശങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പരിപാടികൾ പോഷിപ്പിക്കുന്നു.
- അവകാശലംഘനങ്ങൾ തടയാൻ ഭരണകൂടങ്ങളെ സംഘടനകൾ സഹായിക്കുന്നു.
- വികസനത്തിന്റെ ഭാഗമായി നടക്കുന്ന കുടിയൊഴിപ്പിക്കൽ, മലിനീകരണം തുടങ്ങിയ പൊതുപ്രശ്നങ്ങളിൽ ഇത്തരം സംഘടനകൾ പ്രക്ഷോഭങ്ങൾ നടത്തുന്നു.

- അന്തർദ്ദേശീയ തലത്തിൽ പ്രശസ്തി നേടിയ മനുഷ്യാവകാശസംഘടനകൾ
  - **ഹ്യൂമൻ റൈറ്റ്സ് വാച്ച്**
  - **ആംനസ്റ്റി ഇന്റർനാഷണൽ**
  - **ഗ്ലോബൽ വാച്ച്**
  - **അമേരിക്ക വാച്ച്**
  - **ഏഷ്യാ വാച്ച്**
  - **ആഫ്രിക്ക വാച്ച്**


LAKSHYA KERALA The steppingstone towards SUCCESS

- ദേശീയതലത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനകൾ
  - **പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (PUCL)**
  - **പീപ്പിൾസ് യൂണിയൻ ഫോർ ഡെമോക്രാറ്റിക് റൈറ്റ്സ്**
  - **സിറ്റിസൺ ഫോർ ഡെമോക്രസി**
  - **പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ്**

## ഉപഭോക്താവിന്റെ അവകാശം

- ഉപഭോക്താവ് വില കൊടുത്തു വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണം, അളവ്, തൂക്കം എന്നിവ ശരിയായ രീതിയിൽ ലഭിക്കുന്നതിനുള്ള അവകാശമാണ്

  **- ഉപഭോക്താവിന്റെ അവകാശം**

## അവകാശങ്ങളും കടമകളും

- മൗലികാവകാശങ്ങൾ പരിമിതമാകുന്നിടത്ത് നിന്ന് മനുഷ്യാവകാശങ്ങൾ ആരംഭിക്കുന്നു.
- മനുഷ്യാവകാശങ്ങൾ വ്യക്തികളും സമൂഹവുമായി ബന്ധപ്പെട്ടതാണ്.
- എല്ലാ അവകാശങ്ങൾക്കും അനുബന്ധമായ കടമകളുമുണ്ട്.
- ഒരാളുടെ അവകാശം സാധ്യമാക്കുക എന്നത് മറ്റുള്ളവരുടെ ചുമതലയാണ്.
- മനുഷ്യാവകാശങ്ങൾ അലംഘനീയമാണെങ്കിലും അനിയന്ത്രിതമല്ല.
- അവകാശങ്ങളിൽ വ്യക്തികളും സമൂഹവും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.
- അത്തരം നിയന്ത്രണങ്ങളെ കടമകളായി പരിഗണിക്കാവുന്നതാണ്.
- അന്യരുടെ മനുഷ്യാവകാശം അംഗീകരിക്കുമ്പോൾ മാത്രമാണ് മനുഷ്യാവകാശവാദം ഫലവത്താകുന്നത്.

| അവകാശങ്ങൾ | കടമകൾ |
|---|---|
| സ്വാതന്ത്ര്യം എന്റെ അവകാശമാണ്. | ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കും നൽകുക എന്റെ കടമയാണ്. |
| കുട്ടിയെന്ന നിലയിൽ സംരക്ഷണം എന്റെ അവകാശമാണ്. | എന്നെ സംരക്ഷിക്കുക മാതാപിതാക്കളുടെ കടമയാണ്. |
| വാർധക്യത്തിൽ സംരക്ഷണം മാതാപിതാക്കളുടെ അവകാശമാണ്. | വാർധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കുക എന്റെ കടമയാണ്. |
| വിദ്യാഭ്യാസവും അതിനുള്ള അടിസ്ഥാന സൗകര്യവും എന്റെ അവകാശമാണ്. | സ്കൂൾ നിയമങ്ങൾ അനുസരിക്കുക എന്റെ കടമയാണ്. |
| അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് പരിഹരിച്ച് കിട്ടാൻ എനിക്ക് അവകാശമുണ്ട്. | രാഷ്ട്രസേവനവും സമൂഹസേവനവും എന്റെ കടമയാണ്. |

# Standard VII

## CHAPTER 10

# നമ്മുടെ ഭരണഘടന

PART - 2

### ഇന്ത്യ - റിപ്പബ്ലിക്

- തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി രാഷ്ട്രത്തലവനായുള്ള സംവിധാനമാണ് **റിപ്പബ്ലിക്.**
- ഇന്ത്യയുടെ രാഷ്ട്രത്തലവൻ
  **- പ്രസിഡന്റ്**
- ഇന്ത്യയുടെ രാഷ്ട്രതലവനായ പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയായിരിക്കണമെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു.
- ഇന്ത്യ റിപ്പബ്ലിക് ആയത്
  **- 1950 ജനുവരി 26**
- ഇന്ത്യയുടെ റിപ്പബ്ലിക് ദിനമായി ആചരിക്കുന്നത്
  **- ജനുവരി 26**
- ഇന്ത്യയുടെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ഔദ്യോഗികമായി നടക്കുന്നത് തലസ്ഥാന നഗരിയായ ന്യൂഡൽഹിയിലാണ്.
- റിപ്പബ്ലിക് ദിനത്തിൽ ചെങ്കോട്ടയിൽ ദേശീയ പതാക ഉയർത്തുന്നത്
  **- രാഷ്ട്രപതി**
- റിപ്പബ്ലിക് ദിന പരേഡ് നടക്കുന്നത്
  **- രാജ്പഥ്**

### ഭരണഘടന

- ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ആശയങ്ങളും തത്ത്വങ്ങളും നിയമങ്ങളും അടങ്ങുന്ന ആധികാരിക പ്രമാണം
  **- ഭരണഘടന**
- രാഷ്ട്രത്തിന്റെ ഭരണം നടത്തുന്നതിനുള്ള നിയമങ്ങൾ ആവിർഭവിക്കുന്നത് ഭരണഘടനയിൽ നിന്നാണ്.
- ജനാധിപത്യരാഷ്ട്രങ്ങളിൽ ജനങ്ങളുടെ താൽപര്യമനുസരിച്ചാണ് ഭരണഘടന രൂപീകരിക്കുന്നതും മാറ്റം വരുത്തുന്നതും.
- ഒരു രാഷ്ട്രത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ സവിശേഷതകളുടെയും അതിന്റെ ഭരണത്തെ സംബന്ധിക്കുന്ന അടിസ്ഥാന നിയമങ്ങളുടെയും സംഹിതയാണ് ഭരണഘടന.
- ഏതൊരു രാഷ്ട്രത്തിലെയും പൗരാവലിയുടെ അവകാശങ്ങളും ചുമതലകളും വ്യക്തമാക്കിക്കൊണ്ട് ആ രാഷ്ട്രത്തിന്റെ രാഷ്ട്രീയ അധികാരഘടന വെളിപ്പെടുത്തുന്ന രേഖയാണ് ഭരണഘടന.

❖ **ഭരണഘടനയിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ**

- രാഷ്ട്രത്തിന്റെ ഘടന, പ്രവർത്തന രീതി ഇവയെ നിയന്ത്രിക്കുന്ന മൗലിക നിയമങ്ങൾ
- ഭരണകൂടത്തിന്റെ അധികാരങ്ങൾ
- പൗരന്മാരുടെ അവകാശങ്ങൾ, കടമകൾ
- നിയമ നിർമ്മാണ വിഭാഗം, ഭരണ നിർവഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നിവയുടെയെല്ലാം പ്രവർത്തനം, രൂപവത്കരണം, അധികാര പരിധി

### ഇന്ത്യൻ ഭരണഘടന

- സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യക്കാർക്കുവേണ്ടി അടിസ്ഥാന നിയമങ്ങൾ നിർമ്മിച്ചത്
  **- ബ്രിട്ടീഷുകാർ**

- ഇന്ത്യയുടെ സ്വയംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ക്യാബിനറ്റ് മിഷനെ ഇന്ത്യയിലേക്കയച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി

  **- ക്ലമന്റ് ആറ്റ്ലി**

❖ **സ്വാതന്ത്ര്യാനന്തര ഭാരതം ഭരണഘടനാ നിർമ്മാണത്തിൽ ഏറ്റെടുക്കേണ്ടിവന്ന പ്രധാന കടമകൾ**


- പൗരത്വം
- അവസരതുല്യത
- ജാതിവ്യവസ്ഥ സൃഷ്ടിച്ച ഉച്ചനീചത്വങ്ങൾ പരിഹരിക്കുക.
- വിവിധ മതവിഭാഗങ്ങളെ ഒരുമിപ്പിച്ച് ഐക്യത്തോടെ നയിക്കുക.
- പ്രവിശ്യകളായി നിലനിന്നിരുന്ന ഇന്ത്യൻ പ്രദേശങ്ങളെ ഏകീകരിച്ച് ഒറ്റ രാഷ്ട്രമാക്കി ഒരു പൊതുഭരണവ്യവസ്ഥ രൂപപ്പെടുത്തുക.
- സാമൂഹ്യവും രാഷ്ട്രീയവുമായ രംഗങ്ങളിൽ എല്ലാവർക്കും തുല്യത ലഭ്യമാക്കുക.

- ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉയർന്നു വന്ന രാഷ്ട്രസങ്കൽപ്പത്തെക്കുറിച്ചുള്ള ആശയങ്ങളുടെ പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘടന.
- തികച്ചും ജനാധിപത്യപരമായ ഒരു പ്രക്രിയയിലൂടെയാണ് ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെട്ടത്.
- ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽവന്നതോടെയാണ് ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക് എന്നറിയപ്പെടാൻ തുടങ്ങിയത്.
- ഇന്ത്യയുടെ ഭരണഘടനാ രൂപീകരണത്തിനായി വേണ്ടി വന്ന കാലയളവ്

  **- 2 വർഷവും 11 മാസവും 17 ദിവസവും**

★ **ഗാന്ധിജി രണ്ടാം വട്ടമേശ സമ്മേളനത്തിനായി ലണ്ടനിലേയ്ക്കു പോകുമ്പോൾ, ഈ ദൗത്യം വിജയിക്കുകയാണെങ്കിൽ ഏതുതരത്തിലുള്ള ഭരണഘടനയായിരിക്കും ഇന്ത്യയ്ക്ക് ശിപാർശ ചെയ്യുക എന്ന് ഒരു പത്രപ്രതിനിധി ചോദിച്ചതിന് മറുപടിയായി ഗാന്ധിജി പറഞ്ഞത്:**

"ഇന്ത്യയെ എല്ലാവിധ അടിമത്തത്തിൽ നിന്നും മേൽക്കോയ്മയിൽ നിന്നും മോചിപ്പിക്കുന്ന ഒരു ഭരണഘടനയ്ക്കുവേണ്ടി ഞാൻ കിണഞ്ഞു പരിശ്രമിക്കും. ഏറ്റവും പാവപ്പെട്ട ഇന്ത്യാക്കാരനു പോലും ഇത് തന്റെ നാടാണെന്നും അതിന്റെ നിർമ്മിതിയിൽ തനിക്കും കാര്യമായ പങ്കുണ്ടെന്നും തോന്നണം. അത്തരമൊരു ഇന്ത്യയ്ക്കുവേണ്ടിയാണ് ഞാൻ യത്നിക്കുന്നത്. ഞാൻ വിഭാവനം ചെയ്യുന്ന ഇന്ത്യയിൽ വലിയവനെന്നും ചെറിയവനെന്നും ജനങ്ങൾക്കിടയിൽ വർഗ വ്യത്യാസം ഉണ്ടായിരിക്കില്ല. എല്ലാ സമൂഹങ്ങളും വർഗങ്ങളും പരിപൂർണ്ണമായ സൗഹാർദത്തിൽ വർത്തിക്കുന്നൊരിന്ത്യ. അത്തരമൊരിന്ത്യയിൽ അസ്പൃശ്യതയുടെ ശാപമോ ലഹരി പദാർത്ഥങ്ങളുടെയും മയക്കുമരുന്നുകളുടെയും ശാപമോ അനുഭവപ്പെടുകയില്ല. പുരുഷന്മാർക്കുള്ള അതേ അവകാശങ്ങൾ സ്ത്രീകൾക്കും ഉണ്ടായിരിക്കും. ചൂഷകരാവുകയോ ചൂഷിതരാവുകയോ ചെയ്യാതെ ലോകത്തെ ഇതര ഭാഗങ്ങളിലുള്ള എല്ലാവരോടും നാം സമാധാനനയം പുലർത്തും. ഇതാണ് എന്റെ സ്വപ്നത്തിലെ ഇന്ത്യ".



## ഭരണഘടനാ നിർമ്മാണസഭ

- ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത്
  **- ഭരണഘടനാ നിർമ്മാണസഭ**
- ക്യാബിനറ്റ് മിഷനും ഇന്ത്യയിലെ പ്രധാന രാഷ്ട്രീയ പാർട്ടികളും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഭരണഘടനാ നിർമ്മാണസഭ രൂപീകരിക്കാൻ തീരുമാനമായി.
- നാട്ടുരാജ്യങ്ങളിൽ നിന്നും ബ്രിട്ടീഷ് ഇന്ത്യാ പ്രവിശ്യകളിൽ നിന്നുമുള്ള പ്രതിനിധികളെയാണ് ഭരണഘടനാ നിർമ്മാണസഭയിലേക്ക് തിരഞ്ഞെടുത്തത്.
- ഭരണഘടനാ നിർമ്മാണ സഭയിലെ ആകെ അംഗങ്ങൾ
  **- 389**
  - ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്നുള്ള അംഗങ്ങൾ **- 296**
  - നാട്ടുരാജ്യങ്ങളിൽ നിന്നുള്ള അംഗങ്ങൾ **- 93**
- ഭരണഘടനാ നിർമ്മാണ സഭയുടെ ചുമതലകൾ
  - സ്വതന്ത്ര ഇന്ത്യക്കായി ഭരണഘടന നിർമ്മിക്കുക.
  - താൽക്കാലികമായി ഇന്ത്യയുടെ നിയമ നിർമ്മാണ സഭയായി പ്രവർത്തിക്കുക.
- ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചുകൊണ്ടാണ് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്
- ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യ സമ്മേളനം ചേർന്നത്
  **- 1946 ഡിസംബർ 9**
- ഭരണഘടനാ നിർമ്മാണസഭയുടെ താത്ക്കാലിക അധ്യക്ഷൻ
  **- ഡോ.സച്ചിദാനന്ദ സിൻഹ**
- ഭരണഘടനാ നിർമ്മാണസഭയുടെ സ്ഥിര അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത്
  **- ഡോ.രാജേന്ദ്രപ്രസാദ്**
- വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം ഭരണഘടനനിർമ്മാണ സഭ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത്
  **- 1949 നവംബർ 26**
- ദേശീയ ഭരണഘടനാദിനം
  **- നവംബർ 26**
- ഇന്ത്യയുടെ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത്
  **- 1950 ജനുവരി 26**
- 1950 ജനുവരി 26 ഭരണഘടനയുടെ ഉദ്ഘാടന ദിനമായി തിരഞ്ഞെടുക്കാൻ കാരണം
  **- 1929 ലെ ലാഹോർ കോൺഗ്രസ്സ് സമ്മേളന തീരുമാനമനുസരിച്ച് 1930 ജനുവരി 26 ആദ്യ സ്വാതന്ത്ര്യ ദിനം ആചരിച്ചതിന്റെ 20-ാം വാർഷികം**

### ഇന്ത്യൻ ഭരണഘടന – ഉള്ളടക്കം (നിലവിൽ വന്നപ്പോൾ)

- ആമുഖം (Preamble)
- 395 അനുച്ഛേദങ്ങൾ (Articles)
- 8 പട്ടികകൾ (schedules)
- 22 ഭാഗങ്ങൾ (Parts)

## ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി

- നിരവധികമ്മിറ്റികൾ രൂപീകരിച്ചാണ് ഭരണഘടനാ നിർമ്മാണ സഭ പ്രവർത്തനം തുടങ്ങിയത്. ഇത്തരം കമ്മിറ്റികളിൽ ഒന്നാണ് ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി
- ഭരണഘടനയുടെ കരട് തയാറാക്കുന്നതിനു വേണ്ടി രൂപീകരിച്ച കമ്മിറ്റി
  **- ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി**
- ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ അധ്യക്ഷൻ
  **- ഡോ.ബി.ആർ അംബേദ്കർ**
- ഇന്ത്യൻ ഭരണഘടനയുടെ ശില്പി
  **- ഡോ.ബി.ആർ അംബേദ്കർ**
- ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ച വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഡോ.ബി.ആർ അംബേദ്കറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഭരണഘടനയുടെ ഒരു ഡ്രാഫ്റ്റ് (കരട്) തയ്യാറാക്കി.

## Smack Dab

- ഡ്രാഫ്റ്റിങ് കമ്മിറ്റി അംഗങ്ങൾ
  - **ഡോ.ബി.ആർ.അംബേദ്ക്കർ**
  - **എൻ. ഗോപാലസ്വാമി അയ്യങ്കാർ**
  - **അല്ലാടി കൃഷ്ണസ്വാമി അയ്യർ**
  - **കെ.എം.മുൻഷി**
  - **എൻ.മാധവറാവു**
  - **മുഹമ്മദ് സാദുള്ള**
  - **ടി.ടി.കൃഷ്ണമാചാരി**

  (ബി.എൽ.മിത്തർ, ഡി.പി.ഖേത്താൻ എന്നിവർ ചുരുങ്ങിയ കാലം ഡ്രാഫ്റ്റിങ് കമ്മിറ്റി അംഗങ്ങളായിരുന്നു)
- ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ ഉപദേഷ്ടാവ്

  **- ബി.എൻ.റാവു**

## ആമുഖം

- ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ആദർശങ്ങളും മൂല്യങ്ങളും പ്രതിഫലിക്കുന്നത് ആമുഖത്തിലാണ്
- ഭരണഘടനയുടെ ആമുഖം എഴുതിയത്

  **- ജവഹർലാൽ നെഹ്റു**
- "ഭാരതത്തിലെ ജനങ്ങളായ നാം" എന്ന വാചകത്തോടെയാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത്.
- ഇന്ത്യൻ ഭരണഘടനയുടെ സത്തയും ഭരണഘടനയുടെ താക്കോലും എന്നറിയപ്പെടുന്നത്

  **- ആമുഖം**
- നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങി പൗരൻമാർക്ക് രാഷ്ട്രം ഉറപ്പു വരുത്തേണ്ട ലക്ഷ്യങ്ങൾ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭരണഘടനയുടെ ഉദ്ദേശ്യവും ലക്ഷ്യവും ആമുഖത്തിൽ വ്യക്തമാക്കുകയും കൃത്യമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
- 1976 ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്ട് 2-ാം വകുപ്പു പ്രകാരം 'പരമാധികാര ജനാധിപത്യ റിപ്പബ്ലിക്' എന്നതിനു പകരം ആമുഖത്തിൽ ചേർത്തത്

  **- പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്**
- 1976 ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്ട് 2-ാം വകുപ്പു പ്രകാരം 'രാഷ്ട്രത്തിന്റെ ഐക്യം' എന്നതിനു പകരം ആമുഖത്തിൽ ചേർത്തത്

  **- രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും**
- 1976 ലെ നാൽപ്പത്തിരണ്ടാം ഭരണഘടനാ ഭേദഗതി പ്രകാരം ആമുഖത്തിൽ വന്ന മാറ്റങ്ങൾ പ്രാബല്യത്തിൽ വന്നത്

  **- 1977 ജനുവരി 3**
- ഇന്ത്യ ഒരു റിപ്പബ്ലിക് ആണെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് ആമുഖത്തിലാണ്.

## ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള അടിസ്ഥാന ലക്ഷ്യങ്ങൾ

### പരമാധികാരം (Sovereignty)

- ബാഹ്യവും ആഭ്യന്തരവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് രാഷ്ട്രത്തിനുള്ള അധികാരം
- ഇന്ത്യയുടെ ഭരണ സംവിധാനത്തിന്റെ പൂർണമായ നിയന്ത്രണം ജനങ്ങളിൽ തന്നെയാണ്.
- ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിസഭകൾ രാഷ്ട്രത്തിന്റെ പരമാധികാരം വിനിയോഗിക്കാൻ ചുമതലപ്പെട്ടിരിക്കുന്നു.

## സ്ഥിതിസമത്വം (Socialism)

- സമൂഹത്തിലെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ അസമത്വങ്ങൾ കുറച്ച് സാമൂഹ്യ നീതി ഉറപ്പാക്കുന്നു.
- രാജ്യത്ത് എല്ലാ പൗരന്മാർക്കും തുല്യത ഉറപ്പുവരുത്തുന്ന സാമൂഹ്യവ്യവസ്ഥയാണ് സോഷ്യലിസം.
- **സോഷ്യലിസത്തിന്റെ ഭാഗമായുള്ള നടപടികൾ**
  - സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുക
  - സ്വത്തിന് പരിധി ഏർപ്പെടുത്തുക
  - സമ്പത്ത് ഏതാനും പേരുടെ കൈയിൽ കേന്ദ്രീകരിക്കുന്നത് തടയുക
  - ദരിദ്രരുടെ ജീവിത നിലവാരം ഉയർത്തുക

## മതേതരത്വം (Secularism)

- ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും പൗരന്മാർക്കുള്ള അവകാശം. രാഷ്ട്രം ഒരു മതത്തോടും വിവേചനം കാണിക്കില്ല. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല.
- എല്ലാ മതങ്ങൾക്കും ഭരണഘടന തുല്യ പദവി നൽകുന്നു.
- ഒരു മതത്തിലും വിശ്വസിക്കാതിരിക്കുവാനും പൗരർക്ക് അവകാശമുണ്ട്.

## ജനാധിപത്യം (Democracy)

- ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളിലൂടെ ഭരണം നടത്തുന്നു.
- വിവിധ തലത്തിലുള്ള ജനപ്രതിനിധി സഭകൾക്ക് ഭരണഘടന രൂപം നൽകിയിട്ടുണ്ട്.
- തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾക്ക് ഈ സഭകളിലേക്ക് തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാനാകും.
- ഈ ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഗവൺമെന്റുകൾ രാജ്യത്തിന്റെ ഭരണത്തിന് നേതൃത്വം നൽകുന്നു.

## റിപ്പബ്ലിക് (Republic)

- ജനങ്ങൾക്ക് പരമാധികാരമുള്ളതും തിരഞ്ഞെടുപ്പിലൂടെ മാത്രം രാഷ്ട്രത്തലവനെ കണ്ടെത്തുകയും ചെയ്യുന്ന രാഷ്ട്രമാണ് റിപ്പബ്ലിക്.

## ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ

- പാർലമെന്ററി ഭരണസമ്പ്രദായം
- മൗലിക അവകാശങ്ങൾ
- മൗലിക കർത്തവ്യങ്ങൾ
- നിർദ്ദേശക തത്ത്വങ്ങൾ
- നിയമവാഴ്ച
- സംയുക്തഭരണവ്യവസ്ഥ
- എഴുതപ്പെട്ട ഭരണഘടന
- സ്വതന്ത്രനീതിന്യായവ്യവസ്ഥ

## പാർലമെന്ററി ഭരണസമ്പ്രദായം

- ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത് പാർലമെന്ററി ജനാധിപത്യഭരണ സമ്പ്രദായമാണ്.
- രാജ്യഭരണത്തിനുവേണ്ടി ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ പ്രായപൂർത്തിവോട്ടവകാശത്തിലൂടെ തിരഞ്ഞെടുക്കുന്നു.
- തിരഞ്ഞെടുക്കപ്പെട്ടവർ ചേർന്ന് ഒരു ജനപ്രതിനിധി സഭയായി പ്രവർത്തിക്കുന്നു.
- ഈ പ്രതിനിധിസഭ അറിയപ്പെടുന്നത്

  **- പാർലമെന്റ്**
- ഗവൺമെന്റിന്റെയും ജനങ്ങളുടെയും ഇച്ഛാശക്തിയുടെ അടിസ്ഥാനത്തിലാണ് ഇവ നടപ്പാക്കുന്നത്.
- ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധിസഭയിലൂടെ ഭരണം നടത്തുന്ന സംവിധാനം

  **- പാർലമെന്ററി ഭരണസമ്പ്രദായം**

- പാർലമെന്റിന്റെ പ്രധാന ചുമതല
  - **നിയമനിർമ്മാണം**
- ഇന്ത്യയിൽ പാർലമെന്ററി ഭരണസമ്പ്രദായ പ്രകാരം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി സഭകളുണ്ട്.
- കേന്ദ്രത്തിൽ പാർലമെന്റ് പോലെ സംസ്ഥാനങ്ങളിൽ സംസ്ഥാന നിയമസഭകളുണ്ട്.
- പാർലമെന്റിൽ ഭൂരിപക്ഷം നഷ്ടമായാൽ പ്രധാനമന്ത്രിയ്ക്കും മറ്റ് മന്ത്രിമാർക്കും, സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷം നഷ്ടമായാൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും അധികാരത്തിൽ തുടരാനാവില്ല.
- ഭരണാധികാരികളുടെ മേൽ ജനങ്ങൾക്കുള്ള അധികാരവും നിയന്ത്രണവും അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ പാർലമെന്ററി ഭരണസമ്പ്രദായം ഉറപ്പാക്കുന്നു.

## പ്രസിഡൻഷ്യൽ സമ്പ്രദായം

- ജനങ്ങൾ നേരിട്ട് ഭരണത്തലവനെ തെരഞ്ഞെടുക്കുന്ന സംവിധാനം
  - **പ്രസിഡൻഷ്യൽ സമ്പ്രദായം**
- പ്രസിഡൻഷ്യൽ സമ്പ്രദായം നിലവിലുള്ള രാജ്യങ്ങൾ: **അമേരിക്കൻ ഐക്യ നാടുകൾ, ഫ്രാൻസ്**

## മൗലികാവകാശങ്ങൾ


- ജനാധിപത്യത്തിന്റെ വിജയത്തിനും പൗരന്മാരുടെ സമ്പൂർണ്ണ വികാസത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ
  - **മൗലികാവകാശങ്ങൾ**
- മൗലികാവകാശങ്ങൾ പൗരന്മാർക്ക് നിഷേധിക്കാതിരിക്കാൻ ഗവൺമെന്റുകൾക്ക് ഉത്തരവാദിത്വമുണ്ട്.
- മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ പൗരന് ഹൈക്കോടതികളെയോ സുപ്രീം കോടതിയെയോ സമീപിക്കാവുന്നതാണ്.
- അത്തരം സന്ദർഭങ്ങളിൽ കോടതിക്ക് പൗരന്റെ അവകാശ സംരക്ഷണത്തിനായി ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നു.

### ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾ

- സമത്വത്തിനുള്ള അവകാശം (14-18)
- സ്വാതന്ത്ര്യത്തിനുള്ള അവകാശം (19-22)
- ചൂഷണത്തിനെതിരെയുള്ള അവകാശം (23-24)
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (25-28)
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം (29-30)
- ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം (32)

### വിദ്യാഭ്യാസത്തിനുള്ള അവകാശം

- 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം എന്ന മൗലികാവകാശത്തെ കുറിച്ച് പരാമർശിക്കുന്ന ഭരണഘടനാ അനുച്ഛേദം - **21 (a)**
- എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നുള്ള രാഷ്ട്രത്തിന്റെ ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള സർക്കാർ പദ്ധതികളിൽ പ്രധാനപ്പെട്ടത്
  - **സർവ്വശിക്ഷാ അഭിയാൻ**
- സർവ്വശിക്ഷാ അഭിയാന്റെ ആപ്തവാക്യം
  - **സർവരും പഠിക്കുക സർവരും വളരുക**



## മൗലിക കർത്തവ്യങ്ങൾ

♦ മൗലികകർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഭേദഗതി
 - **42-ാം ഭേദഗതി (1976)**

♦ ഭരണഘടനയെയും ഭരണസ്ഥാപനങ്ങളെയും ആദരിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം കാത്തു സൂക്ഷിക്കാനും മൗലിക കർത്തവ്യങ്ങൾ പൗരന്മാരെ പ്രേരിപ്പിക്കുന്നു.

♦ മൗലികകടമകളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം
 - **അനുച്ഛേദം 51 A**

## ഇന്ത്യൻ ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ

☞ **(a)** ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.

☞ **(b)** സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക.

☞ **(c)** ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

☞ **(d)** രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

☞ **(e)** മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

☞ **(f)** നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

☞ **(g)** വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക.

☞ **(h)** ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

☞ **(i)** പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക.

☞ **(j)** രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേയ്ക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കു വേണ്ടി അധ്വാനിക്കുക.

☞ **(k)** ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

## നിർദ്ദേശക തത്വങ്ങൾ

- സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി രാഷട്ര ഭരണത്തിനുള്ള നിർദ്ദേശങ്ങളായി ഭരണഘടന യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കൂട്ടം നിർദ്ദേശ ങ്ങളാണ് നിർദ്ദേശക തത്ത്വങ്ങൾ.
- ജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും രാഷ്ട്രപുരോഗതിക്കും നിർദ്ദേശക തത്ത്വങ്ങൾ പിൻതുടരേണ്ടതുണ്ട്.
- നിയമനിർമ്മാണ പ്രക്രിയയിലൂടെയാണ് ഗവൺമെന്റ് നിർദ്ദേശക തത്ത്വങ്ങൾ നടപ്പിലാ ക്കാൻ ശ്രമിക്കുന്നത്.
- നിർദ്ദേശകതത്ത്വങ്ങൾ നടപ്പിലാക്കുന്നതിനായി കോടതിയെ സമീപിക്കാനാകില്ല.

### ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നിർദ്ദേശകതത്ത്വങ്ങൾ

- സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവർക്കും തുല്യജോലിക്ക് തുല്യവേതനം അനുവ ദിക്കുക.
- രാജ്യത്തെ വനങ്ങളെയും വന്യജീവിക ളെയും പരിരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷിക്കുക.
- ദേശീയ പ്രാധാന്യവും ചരിത്രപരമായ മൂല്യവുമുള്ള എല്ലാ സ്മാരകങ്ങളും സംര ക്ഷിക്കുക.
- സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ നീതി യിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുത്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തുക.

## നിയമവാഴ്ച

- നിയമത്തിനു മുന്നിൽ എല്ലാവരും സമന്മാരാണ് എന്നതാണ് നിയമവാഴ്ച കൊണ്ട് ഉദ്ദേശി ക്കുന്നത്.
- ജനാധിപത്യസംവിധാനത്തിൽ ആരും നിയമ ത്തിന് അതീതരല്ല. എല്ലാവരും നിയമത്തിന് വിധേയരാണ്.
- ജനാധിപത്യചിന്തയുടെ വളർച്ചയോടു കൂടി യാണ് നിയമവാഴ്ച എന്ന ആശയം ഉയർന്നു വന്നത്.
- നിയമവാഴ്ച അതിന്റെ പരിഷ്കൃതവും ആധു നികവുമായ രൂപത്തിൽ വികസിച്ചുവന്നതിനടി സ്ഥാനമായ ഭരണഘടന

  **- ബ്രിട്ടീഷ് ഭരണഘടന**

## സംയുക്തഭരണവ്യവസ്ഥ

- വിസ്തൃതിയും വൈവിധ്യങ്ങളും പ്രാദേശിക പ്രത്യേകതകളും നിറഞ്ഞ രാജ്യത്ത് ഈ വൈവിധ്യങ്ങളെയെല്ലാം ഉൾക്കൊള്ളാനും ഒന്നിച്ചു നിർത്താനും ഫെഡറൽ ഭരണസംവിധാനം സഹായിക്കുന്നു.
- കേന്ദ്ര,സംസ്ഥാന പ്രാദേശിക ഗവൺമെന്റു കൾക്ക് അധികാരം പങ്കിട്ടു നൽകുന്ന ഭരണരീതി

  **- സംയുക്തഭരണ വ്യവസ്ഥ**

  **(Federal System)**

**സംയുക്തഭരണ സംവിധാനത്തിന്റെ പ്രത്യേകത കൾ**

- ലിഖിത ഭരണഘടന
- കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പ്രത്യേക ഭരണ സംവിധാനവും അധികാര വിഭജനവും
- സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ.

### ഏകായത്ത ഭരണവ്യവസ്ഥ (Unitary System)

- സംയുക്ത വ്യവസ്ഥയിൽ നിന്നു വ്യത്യ സ്തമായി എല്ലാ അധികാരവും കേന്ദ്രഗ വൺമെന്റിൽ നിലനിർത്തുകയാണെങ്കിൽ അതറിയപ്പെടുന്നത്

  **- ഏകായത്ത ഭരണവ്യവസ്ഥ**

## ഭക്ഷ്യ സുരക്ഷാബിൽ

- ഭക്ഷ്യ സുരക്ഷാബിൽ പാർലമെന്റ് അംഗീകരിച്ച വർഷം
  - **2013**
- ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയാണ് ഭക്ഷ്യ സുരക്ഷാ ബില്ലിന്റെ ലക്ഷ്യം.
- കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമം സംസ്ഥാനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

## എഴുതപ്പെട്ട ഭരണഘടന

- ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യം
  - **ഇന്ത്യ**
- ലോകത്ത് എഴുതപ്പെട്ടിട്ടുള്ളതും എഴുതപ്പെടാത്തതുമായ ഭരണഘടനകൾ നിലവിലുണ്ട്.
- പുസ്തകരൂപത്തിൽ തയ്യാറാക്കപ്പെടാത്ത ഒരു രേഖ എന്നതാണ് എഴുതപ്പെടാത്ത ഭരണഘടന എന്നത് കൊണ്ടർത്ഥമാക്കുന്നത്.
- എഴുതപ്പെടാത്ത ഭരണഘടനകളിൽ ഭരണഘടനാപരമായ നിയമങ്ങൾ, ചട്ടങ്ങൾ മുതലായവ രാജശാസനങ്ങൾ, കോടതിവിധികൾ, ആചാരങ്ങൾ, കീഴ്‌വഴക്കങ്ങൾ എന്നീ രൂപങ്ങളിൽ നിലകൊള്ളുന്നു.

### ☐ *എഴുതപ്പെട്ട ഭരണഘടന നിലവിലുള്ള രാജ്യങ്ങൾ*

- ഇന്ത്യ
- അമേരിക്കൻ ഐക്യനാടുകൾ
- ആസ്ട്രേലിയ
- ബ്രസീൽ
- ദക്ഷിണാഫ്രിക്ക


### ☐ *എഴുതപ്പെടാത്ത ഭരണഘടനനിലവിലുള്ള രാജ്യങ്ങൾ*


- ബ്രിട്ടൺ
- ഇസ്രായേൽ
- ഫ്രാൻസ്
- ന്യൂസിലൻഡ്

## സ്വതന്ത്രനീതിന്യായ വ്യവസ്ഥ

- പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ ഒരു നീതിന്യായ സംവിധാനം ഇന്ത്യയിലുണ്ട്.
- കുറ്റവാളികളെ ശിക്ഷിക്കുകയും നിയമസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് നീതിന്യായ വ്യവസ്ഥയുടെ പ്രധാന ചുമതല
- ഭരണകൂടത്തിന്റെ മറ്റ് രണ്ട് വിഭാഗങ്ങളായ നിയമനിർമ്മാണസഭയുടെയും **(Legislature)** കാര്യനിർവ്വഹണ വിഭാഗത്തിന്റെയും **(Executive)** സ്വാധീനത്തിൽ നിന്ന് നീതിന്യായ വിഭാഗം **(Judiciary)** സ്വതന്ത്രമാണ്.
- സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയാണ്.

### ☐ *ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ അധികാര ശ്രേണി*



- ഇന്ത്യയിലെ പരമോന്നത നീതിപീഠം

  **- സുപ്രീംകോടതി**

- സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതി

  **- ഹൈക്കോടതി**

- ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട താഴ്ന്ന കോടതി

  **- മജിസ്ട്രേറ്റ് കോടതി**

- സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന ഏറ്റവും താഴ്ന്ന കോടതി

  **- മുൻസിഫ് കോടതി**

## ഭരണഘടനാ ഭേദഗതി

- ഭരണഘടനയിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തുന്നതറിയപ്പെടുന്നത്

  **- ഭരണഘടനാ ഭേദഗതി**

- ഭരണഘടനാഭേദഗതിയെക്കുറിച്ച് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ

  **- ആർട്ടിക്കിൾ 368**

- കാലഘട്ടത്തിനനുസരിച്ച് ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താൻ **പാർലമെന്റിന്** അധികാരമുണ്ട്.
- എന്നാൽ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ഒരിക്കലും മാറ്റാൻ കഴിയില്ല.
- നിലവിലെ ഭരണഘടനാ ഭേദഗതികളുടെ എണ്ണം

  **- 105 (2023 ജനുവരി വരെ)**

- വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ച വർഷം

  **- 2002**

- ഭരണഘടന നിലവിൽ വന്നപ്പോൾ മൗലികാവകാശമായിരുന്ന സ്വത്തവകാശം മൗലികാവകാശമല്ലാതാക്കിയ ഭേദഗതി

  **- 44 -ാം ഭേദഗതി**

- ഭരണഘടനാഭേദഗതിക്കുള്ള അധികാരം പാർലമെന്റിന് നൽകിയിരിക്കുന്നു.
- കാരണം, ഭാരതത്തിലെ ജനങ്ങളാൽ സ്വയം സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്ത ഭരണഘടന ഭേദഗതി ചെയ്യുവാൻ പാർലമെന്റിനെ അധികാരപ്പെടുത്തുക വഴി ജനങ്ങൾക്ക് ഭരണഘടനയ്ക്ക് മേലുള്ള അവകാശത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്.

### ഭരണഘടന ഭേദഗതി നടപടിക്രമം

- പാർലമെന്റിന്റെ ഏതെങ്കിലും സഭയിൽ ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് മാത്രമേ ഭരണഘടനാഭേദഗതി നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.
- ബിൽ ഓരോ സഭയിലും പ്രത്യേക ഭൂരിപക്ഷത്തോടെ പാസാക്കണം. അതായത് സഭയിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടുപേരുടെ പിന്തുണയുണ്ടാകണം.
- കൂടാതെ, ഇത് സഭയിലെ ആകെ അംഗങ്ങളുടെ ഭൂരിപക്ഷവുമായിരിക്കണം.
- ഭരണഘടനാഭേദഗതി ബില്ലിന് രാഷ്ട്രപതി അനുമതി നൽകണം.
- രാഷ്ട്രപതിയുടെ അനുമതിക്കുശേഷം ആ ബില്ലിലെ നിബന്ധനകളനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്യുന്നതാണ്.



# Standard VIII

## CHAPTER 4

# നമ്മുടെ ഗവൺമെന്റ്

## PART - 1

♦ ഇന്ത്യയുടെ നിയമനിർമാണ സഭ സമ്മേളിക്കുന്ന മന്ദിരം

- **പാർലമെന്റ് മന്ദിരം**

♦ നീതിന്യായ വ്യവസ്ഥയുടെ പരമോന്നത സ്ഥാപനം

- **സുപ്രീം കോടതി**

♦ എല്ലാ ജനാധിപത്യരാജ്യങ്ങളിലും ഗവൺമെന്റിന്റെ ഭാഗമായി നിലകൊള്ളുന്ന പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങൾ

☞ **നിയമനിർമ്മാണ വിഭാഗം**

☞ **കാര്യനിർവഹണവിഭാഗം**

☞ **നീതിന്യായവിഭാഗം**

♦ നിയമങ്ങൾ നിർമ്മിക്കുന്നത്

- **നിയമനിർമ്മാണ വിഭാഗം**

♦ നിയമങ്ങൾ നടപ്പിലാക്കുന്നത്

- **കാര്യനിർവഹണ വിഭാഗം**

♦ നിയമങ്ങൾ വ്യാഖ്യാനിക്കുന്നത്

- **നീതിന്യായവിഭാഗം**

**ഇന്ത്യയിലെ ഗവൺമെന്റ്**

| നിയമനിർമാണ വിഭാഗം | കാര്യനിർവഹണ വിഭാഗം | നീതിന്യായ വിഭാഗം |
|---|---|---|
| രാഷ്ട്രപതി<br>ലോകസഭ<br>രാജ്യസഭ | രാഷ്ട്രപതി<br>ഉപരാഷ്ട്രപതി<br>പ്രധാനമന്ത്രി<br>മന്ത്രിസഭ<br>ഉദ്യോഗസ്ഥവൃന്ദം | സുപ്രീം കോടതി<br>ഹൈക്കോടതികൾ<br>ജില്ലാ കോടതികൾ<br>സബ്കോടതികൾ<br>മുൻസിഫ് കോടതികൾ<br>മജിസ്ട്രേറ്റ് കോടതികൾ |

## നിയമനിർമ്മാണ വിഭാഗം

- പൗരന്മാരുടെ വിവിധങ്ങളായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്തിന്റെയും പൊതുസമൂഹത്തിന്റെയും പുരോഗതിക്കും ആവശ്യമായ നിയമങ്ങൾ രൂപപ്പെടുത്തുന്നത്
  - **നിയമനിർമ്മാണ വിഭാഗം**
- ഇന്ത്യയുടെ കേന്ദ്രനിയമനിർമ്മാണസഭ അറിയപ്പെടുന്നത്
  - **പാർലമെന്റ്**
- രാഷ്ട്രപതിയും (President of India) ലോക്സഭയും (House of the people) രാജ്യസഭയും (Council of states) ചേർന്നതാണ് ഇന്ത്യയുടെ പാർലമെന്റ്.
- ഉപരിസഭ എന്നറിയപ്പെടുന്നത്
  - **രാജ്യസഭ**
- അധോസഭ എന്നറിയപ്പെടുന്നത്
  - **ലോക്സഭ**
- സഭാംഗങ്ങൾ ചേർന്ന് നിയമനിർമ്മാണം നടത്തുക എന്നതാണ് ലോക്സഭയുടെയും രാജ്യസഭയുടെയും മുഖ്യകർത്തവ്യം.
- രാജ്യസഭയും, ലോക്സഭയും ഉള്ളതിനാൽ ഇന്ത്യൻ പാർലമെന്റ് **ദ്വിമണ്ഡല നിയമനിർമ്മാണസഭ** എന്നറിയപ്പെടുന്നു.
- ബ്രിട്ടീഷ് മാതൃകയിലുള്ള പാർലമെന്ററി ജനാധിപത്യ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതിനാലാണ് ഇന്ത്യയിൽ രാഷ്ട്രപതി പാർലമെന്റിന്റെ ഭാഗമായിരിക്കുന്നത്.

**_ബ്രിട്ടണിൽ പാർലമെന്റ് എന്നത്_**
- രാജ്ഞി
- ജനസഭ (House of Commons)
- പ്രഭുസഭ (Hosue of Lords)

- സംയുക്ത ഭരണവ്യവസ്ഥ സ്വീകരിച്ചിരിക്കുന്നതിനാലാണ് പാർലമെന്റിനെ ദ്വിമണ്ഡല സഭയായി രൂപപ്പെടുത്തിയിരിക്കുന്നത്.

## രാജ്യസഭ

- രാജ്യസഭയിലെ പരമാവധി സീറ്റുകളുടെ എണ്ണം
  - **250**
- രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ
  - **238**
- രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ
  - **12**
- നിലവിൽ രാജ്യസഭ അംഗങ്ങളുടെ എണ്ണം
  - **245**
- സംസ്ഥാനങ്ങളുടെ കൗൺസിൽ എന്നറിയപ്പെടുന്നത്
  - **രാജ്യസഭ**
- രാജ്യസഭ ഒരു സ്ഥിരം സഭയാണ്
- രാജ്യസഭയിൽ അധ്യക്ഷപദം അലങ്കരിക്കുന്നത്
  - **ഉപരാഷ്ട്രപതി**
- ഉപരാഷ്ട്രപതി രാജ്യസഭയിൽ അംഗമല്ല.
- രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്.
- രാജ്യസഭ ഉപാദ്ധ്യക്ഷനെ സഭാംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുന്നു.
- രാജ്യസഭാംഗങ്ങളുടെ കാലാവധി
  - **6 വർഷം**
- കാലാവധി തീരുമ്പോൾ ലോക്സഭ പോലെ മുഴുവൻ അംഗങ്ങളും പിരിഞ്ഞു പോകുന്ന രീതിയല്ല രാജ്യസഭയ്ക്കുള്ളത്.
- രണ്ടു വർഷത്തിലൊരിക്കൽ കാലാവധി പൂർത്തിയാക്കിയ മൂന്നിലൊരുഭാഗം അംഗങ്ങൾ പിരിഞ്ഞു പോവുകയും അത്രയും പുതിയ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു.

- രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നത് ഏതൊക്കെ മേഖലയിൽ നിന്നുള്ളവരെയാണ്

  **- സാഹിത്യം, ശാസ്ത്രം, കലകൾ, സാമൂഹിക പ്രവർത്തനം**

- രാജ്യസഭയിലേക്ക് മത്സരിക്കുവാൻ എത്ര വയസ്സ് പൂർത്തീകരിക്കണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു

  **- 30**

- വളരെ ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരെ മത്സരിക്കുന്നതിൽ നിന്ന് നിയമം മുഖാന്തരം വിലക്കുന്നു.
- ജനപ്രതിനിധി ആകുവാൻ വിദ്യാഭ്യാസ യോഗ്യത മുഖ്യമായി പരിഗണിക്കാറില്ല.


## CONFUSING FACTS

- രാജ്യസഭ അംഗങ്ങളുടെ കാലാവധി

  **- 6 വർഷം**

- ലോക്സഭ അംഗങ്ങളുടെ കാലാവധി

  **- 5 വർഷം**



## രാജ്യസഭാ സീറ്റുകൾ

- ഉത്തർപ്രദേശ് ........ 31
- മഹാരാഷ്ട്ര ........ 19
- തമിഴ്നാട് ........ 18
- ബീഹാർ ........ 16
- പശ്ചിമബംഗാൾ ........ 16
- കർണാടക ........ 12
- ആന്ധ്രാപ്രദേശ് ........ 11
- മധ്യപ്രദേശ് ........ 11
- ഗുജറാത്ത് ........ 11
- രാജസ്ഥാൻ ........ 10
- ഒഡീഷ ........ 10
- കേരളം ........ 9
- ആസ്സാം ........ 7
- മേഘാലയ ........ 1
- ത്രിപുര ........ 1
- പഞ്ചാബ് ........ 7
- സിക്കിം ........ 1
- തെലങ്കാന ........ 7
- മിസ്സോറാം ........ 1
- ജാർഖണ്ഡ് ........ 6
- അരുണാചൽ പ്രദേശ് ........ 1
- ഛത്തീസ്ഗഢ് ........ 5
- നാഗാലാന്റ് ........ 1
- ഹിമാചൽപ്രദേശ് ........ 3
- ഹരിയാന ........ 5
- മണിപ്പൂർ ........ 1
- ഗോവ ........ 1
- ഉത്തരാഖണ്ഡ് ........ 3

### കേന്ദ്രഭരണപ്രദേശങ്ങൾ

- ജമ്മു-കാശ്മീർ ........ 4
- ഡൽഹി ........ 3
- പുതുച്ചേരി ........ 1

## ലോക്സഭ

- ജനപ്രതിനിധി സഭ എന്നറിയപ്പെടുന്നത്
  **- ലോക്സഭ**
- ലോക്സഭയുടെ കാലാവധി
  **- അഞ്ച് വർഷം**
- ലോക്സഭയിൽ അധ്യക്ഷപദം വഹിക്കുന്നത്
  **- സ്പീക്കർ**
- ജനങ്ങൾ നേരിട്ടാണ് ലോക്സഭയിലേക്കുള്ള തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്.
- ഇതിനായി രാജ്യത്തെയാകെ നിരവധി നിയോജകമണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്നു.
- ഭൂപ്രദേശാടിസ്ഥാനത്തിലും ജനസംഖ്യാടിസ്ഥാനത്തിലുമാണ് ഈ വിഭജനം നടക്കുന്നത്.

**ലോക്സഭയിലെ പരമാവധി സീറ്റുകൾ**

- 552
- 530 (സംസ്ഥാനങ്ങളിൽ നിന്നും)
- 20 (കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും)
- ഇതിൽ 84 എണ്ണം പട്ടികജാതിക്കും 47 എണ്ണം പട്ടികവർഗങ്ങൾക്കുമായി സംവരണം ചെയ്തിരിക്കുന്നു.

- ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന അംഗങ്ങൾ
  **- 543**
- നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്ന അംഗങ്ങൾ
  - **2** (104-ാം ഭേദഗതി പ്രകാരം ആംഗ്ലോ ഇന്ത്യൻ സംവരണം നിർത്തലാക്കി)
- ഓരോ നിയോജകമണ്ഡലത്തിൽ നിന്നും ഓരോ പ്രതിനിധിയെ വീതമാണ് തിരഞ്ഞെടുക്കുന്നത്.
- കാലാവധി പൂർത്തിയാവുന്നതിനുമുമ്പ് ലോക്സഭ പിരിച്ചു വിടാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്.
- ലോക്സഭയിലേക്ക് മത്സരിക്കാൻ ഭരണഘടന നിഷ്കർഷിക്കുന്ന പ്രായം
  **- 25 വയസ്സ്**
- സഭാംഗങ്ങളിൽ നിന്ന് ഉപാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നു.

# ലോക്സഭാ സീറ്റ് വിഭജനം

### സംസ്ഥാനങ്ങൾ

| | | | |
|---|---|---|---|
| ഉത്തർപ്രദേശ് | 80 | ജാർഖണ്ഡ് | 14 |
| മഹാരാഷ്ട്ര | 48 | പഞ്ചാബ് | 13 |
| പശ്ചിമ ബംഗാൾ | 42 | ഛത്തീസ്ഗഢ് | 11 |
| ബീഹാർ | 40 | ഹരിയാന | 10 |
| തമിഴ്നാട് | 39 | ഉത്തരാഖണ്ഡ് | 5 |
| മധ്യപ്രദേശ് | 29 | ഹിമാചൽപ്രദേശ് | 4 |
| കർണാടക | 28 | ത്രിപുര | 2 |
| ഗുജറാത്ത് | 26 | ഗോവ | 2 |
| ആന്ധ്രാപ്രദേശ് | 25 | മണിപ്പൂർ | 2 |
| രാജസ്ഥാൻ | 25 | അരുണാചൽപ്രദേശ് | 2 |
| ഒഡീഷ | 21 | മേഘാലയ | 2 |
| കേരളം | 20 | സിക്കിം | 1 |
| തെലങ്കാന | 17 | മിസോറാം | 1 |
| അസ്സം | 14 | നാഗാലാന്റ് | 1 |

## കേന്ദ്രഭരണപ്രദേശങ്ങൾ


| | |
|---|---|
| ❖ ഡൽഹി | 7 |
| ❖ ജമ്മു & കാശ്മീർ | 5 |
| ❖ ദാദ്രാ നഗർ ഹവേലി & ദാമൻ & ദിയു | 2 |
| ❖ ലഡാക്ക് | 1 |
| ❖ പുതുച്ചേരി | 1 |
| ❖ ആൻഡമാൻ നിക്കോബാർ | 1 |
| ❖ ചണ്ഡീഗഢ് | 1 |
| ❖ ലക്ഷദ്വീപ് | 1 |

## Smack Dab

- ■ ലോക്സഭയിലേക്ക് ഒരു പ്രതിനിധിയെ മാത്രം അയക്കാൻ കഴിയുന്ന 3 ഇന്ത്യൻ സംസ്ഥാനങ്ങളാണുള്ളത്. (മിസോറാം, നാഗാലാന്റ്, സിക്കിം)
- ■ രാജ്യസഭയിലേക്ക് ഒരു പ്രതിനിധിയെ മാത്രം അയക്കാൻ കഴിയുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ എണ്ണം - **8**

## രാഷ്ട്രപതി

- ♦ ഇന്ത്യയുടെ രാഷ്ട്രത്തലവൻ.
- ♦ ഇന്ത്യയുടെ സർവ്വസൈന്യാധിപൻ.
- ♦ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ തലവൻ
- ♦ രാഷ്ട്രപതി പാർലമെന്റ് അംഗമല്ല എന്നാൽ അദ്ദേഹം പാർലമെന്റിന്റെ അവിഭാജ്യ ഘടകമാണ്.
- ♦ പാർലമെന്റ് സമ്മേളനം വിളിക്കുക, സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുക, ബില്ലുകൾക്ക് അംഗീകാരം നൽകുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിനാലാണ് രാഷ്ട്രപതി ഇന്ത്യൻ പാർലമെന്റിന്റെ ഭാഗമാകുന്നത്.



## SCRUTINIZING SERIES



- നിലവിലെ (17-ാം) ലോകസഭയിലെ സീറ്റുകളുടെ എണ്ണം - **543**
  - ☞ 524 (സംസ്ഥാനങ്ങളിൽ നിന്നും)
  - ☞ 19 (കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നും)

- ♦ ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതി
  - **ഡോ.രാജേന്ദ്രപ്രസാദ്**
- ♦ രാഷ്ട്രപതിയുടെ കാലാവധി
  - **അഞ്ച് വർഷം**
- ♦ രാഷ്ട്രപതിക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്
  - **സുപ്രീംകോടതി ചീഫ് ജസ്റ്റിസ്**
- ♦ കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ കാര്യനിർവ്വഹണ അധികാരങ്ങളും രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്
- ♦ മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് രാഷ്ട്രപതി തന്റെ ചുമതലകൾ നിർവ്വഹിക്കുന്നത്



☐ നിലവിലെ രാഷ്ട്രപതി
**-ദ്രൗപതി മുർമു**

♦ രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത് - **ഇലക്ടറൽ കോളേജ്**

### ഇലക്ടറൽ കോളേജിലെ അംഗങ്ങൾ

♦ ലോകസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
♦ രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
♦ സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

### രാഷ്ട്രപതിയുടെ യോഗ്യതകൾ

♦ ഇന്ത്യൻ പൗരൻ ആയിരിക്കണം
♦ 35 വയസ്സ് പൂർത്തിയായിരിക്കണം
♦ ലോകസഭാംഗമാകുന്നതിനു വേണ്ട എല്ലാ യോഗ്യതയും ഉണ്ടാകണം

♦ എന്നാൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെയോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയോ ശമ്പളം പറ്റുന്ന ഉദ്യോഗം വഹിക്കുന്ന ഒരു വ്യക്തിക്ക് ഈ സ്ഥാനത്തേക്കു മത്സരിക്കുവാൻ അർഹതയില്ല.

### പുറത്താക്കൽ

♦ രാഷ്ട്രപതി ഏതെങ്കിലും സന്ദർഭത്തിൽ ഭരണഘടന ലംഘിച്ചു എന്ന് പാർലമെന്റിനു ബോധ്യപ്പെട്ടാൽ കുറ്റവിചാരണയിലൂടെ പാർലമെന്റിന് രാഷ്ട്രപതിയെ തൽസ്ഥാനത്തുനിന്നു നീക്കം ചെയ്യാം.

♦ അതു സംബന്ധിച്ച പ്രമേയം അംഗീകരിക്കുവാൻ പാർലമെന്റിന്റെ **മൂന്നിൽ രണ്ടു** $\left(\frac{2}{3}\right)$ അംഗങ്ങളുടെ ഭൂരിപക്ഷം ആവശ്യമാണ്.

### രാഷ്ട്രപതിയുടെ ചുമതലകൾ

♦ പ്രധാനമന്ത്രിയെയും മന്ത്രിമാരെയും നിയമിക്കൽ
♦ രാജ്യസഭയിലേക്ക് 12 അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നു.

**രാഷ്ട്രപതിയുടെ അധികാരങ്ങൾ**

☞ ഭരണനിർവഹണപരമായ അധികാരങ്ങൾ
☞ നിയമനിർമ്മാണപരമായ അധികാരങ്ങൾ
☞ നീതിന്യായപരമായ അധികാരങ്ങൾ
☞ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരങ്ങൾ (Emergency Powers).

♦ എന്നാൽ ഈ അധികാരങ്ങൾ മന്ത്രിസഭ നൽകുന്ന ഉപദേശങ്ങളനുസരിച്ചു മാത്രമേ നിർവഹിക്കുവാനാകൂ.

### ഭരണനിർവഹണപരമായ അധികാരങ്ങൾ

♦ രാഷ്ട്രപതിയുടെ പേരിലാണ് ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും നിർവഹിക്കുന്നത്.
♦ നിയമങ്ങളും നയപരമായ തീരുമാനങ്ങളും പുറത്തിറക്കുന്നതു രാഷ്ട്രപതിയാണ്.
♦ രാഷ്ട്രപതിയാണ് രാജ്യത്തെ പ്രധാനപ്പെട്ട നിയമനങ്ങളെല്ലാം ഗവൺമെന്റിനുവേണ്ടി നടത്തുന്നത്.
♦ സുപ്രീം കോടതിയിലെ മുഖ്യ ജഡ്ജി (Chief Justice), മറ്റ് ജഡ്ജിമാർ, ഹൈക്കോടതി ജഡ്ജിമാർ, ഗവർണർമാർ, തിരഞ്ഞെടുപ്പു കമ്മീഷൻ അംഗങ്ങൾ, നയന്ത്രപ്രതിനിധികൾ തുടങ്ങിയവരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
♦ ഇന്ത്യയുടെ രാജ്യരക്ഷാസേനകളുടെ സർവ്വസൈന്യാധിപനും രാഷ്ട്രപതിയാണ്.

### നിയമനിർമ്മാണപരമായ അധികാരങ്ങൾ

♦ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ പാർലമെന്റ് പാസാക്കിയ ബില്ലുകൾ നിയമമാകുകയുള്ളൂ.

- ആയതിനാൽ രാഷ്ട്രപതി നിയമനിർമ്മാണ പ്രക്രിയയുടെ അവിഭാജ്യഘടകമാണ്.
- രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്ക പ്പെടുന്ന ബില്ലുകൾ അദ്ദേഹത്തിന് വച്ചു താമസിപ്പിക്കുകയോ പുനഃപരിശോധ നയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യാം.
- എന്നാൽ തിരിച്ചയയ്ക്കുന്ന ബില്ല് പാർലമെന്റ് ഒരിക്കൽ കൂടി അംഗീകരിക്കുകയാണെങ്കിൽ രാഷ്ട്രപതി അതിന് അംഗീകാരം നൽകിയിരിക്കണം.
- പാർലമെന്റിന്റെ ഇരുസഭകളുടെയും സമ്മേളനങ്ങൾ വിളിച്ചു ചേർക്കുന്നതും നിർത്തിവയ്ക്കുന്നതും രാഷ്ട്രപതിയാണ്.
- ലോക്സഭ പിരിച്ചുവിടുന്നതിനും അദ്ദേഹത്തിന് അധികാരമുണ്ട്.

## രാഷ്ട്രപതിയുടെ നീതിന്യായപരമായ അധികാരങ്ങൾ

- ഏതെങ്കിലും കേസിനു ശിക്ഷിക്കപ്പെടുന്നയാൾക്ക്, അയാൾക്കു നൽകപ്പെട്ട ശിക്ഷ ഒഴിവാക്കി മാപ്പു കൊടുക്കാനോ ശിക്ഷ നിർത്തി വയ്ക്കാനോ റദ്ദാക്കാനോ ഉള്ള അധികാരം നമ്മുടെ ഭരണഘടന രാഷ്ട്രപതിക്കു നൽകുന്നു (ദയാഹർജിയിൽ തീർപ്പുകൽപ്പിക്കൽ)

## അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം

- ആഭ്യന്തരമോ ബാഹ്യമോ ആയ പ്രതിസന്ധികൾ രാജ്യം നേരിടുന്ന ഘട്ടത്തിൽ അതിനെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്.
- അടിയന്തരാവസ്ഥ നിലവിൽ വന്നാൽ സംസ്ഥാനങ്ങളുടെ മേൽ കൂടുതൽ നിയന്ത്രണാധികാരം കേന്ദ്രഗവൺമെന്റിൽ വന്നു ചേരും.

**മൂന്ന് വ്യത്യസ്തതരത്തിൽ അടിന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്.**

- യുദ്ധവിപത്തോ വിദേശാക്രമണമോ ആഭ്യന്തര സായുധകലാപമോ ഉണ്ടെന്നു ബോധ്യപ്പെട്ടാൽ ഇന്ത്യയിൽ ഏതെങ്കിലുമൊരു ഭാഗത്തോ രാജ്യത്തൊട്ടാകയോ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാം, ഇതാണ് **ദേശീയ അടിയന്തരാവസ്ഥ.**
- ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ഭരണഘടന വ്യവസ്ഥ ചെയ്യുന്ന ഭരണക്രമം തകരുകയാണെന്നു ബോധ്യപ്പെട്ടാൽ ആ സംസ്ഥാനത്തിൽ രാഷ്ട്രപതി ഭരണമേർപ്പെടുത്തുന്നതിനെ **സംസ്ഥാന അടിയന്തരാവസ്ഥ** എന്നു പറയുന്നു.
- രാജ്യം ഒരു സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെങ്കിൽ **സാമ്പത്തിക അടിയന്തരാവസ്ഥ** പ്രഖ്യാപിക്കാം.

## പ്രധാനമന്ത്രിയുടെ നിയമനവുമായി ബന്ധപ്പെട്ട വിവേചനാധികാരം

- ലോക്സഭയിൽ ഭൂരിപക്ഷ അംഗങ്ങളുടെ പിൻതുണയുള്ള മുന്നണിയുടേയോ പാർട്ടിയുടെയോ നേതാവിനെയാണ് സാധാരണ സന്ദർഭങ്ങളിൽ രാഷ്ട്രപതി പ്രധാനമന്ത്രിയായി നിയമിക്കുന്നത്.
- എന്നാൽ ചില സന്ദർഭങ്ങളിൽ ഏതെങ്കിലും പാർട്ടിക്കോ മുന്നണിക്കോ ഭൂരിപക്ഷം ലഭിക്കാതെ വരാറുണ്ട്.
- അത്തരം സന്ദർഭങ്ങളിൽ രാഷ്ട്രപതി തന്റെ വിവേചനാധികാരം ഉപയോഗിക്കുന്നു.
- അതായത് ലോക്സഭയിൽ ഭൂരിപക്ഷം തെളിയിക്കുവാൻ കഴിയുമെന്ന് അദ്ദേഹത്തിന് ബോധ്യമുള്ള പാർട്ടിയുടെ നേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കുകയും നിശ്ചിത സമയത്തിനുള്ളിൽ ഭൂരിപക്ഷം തെളിയിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു.

## ഉപരാഷ്ട്രപതി

- ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതി
  **- ഡോ.എസ്.രാധാകൃഷ്ണൻ**
- ഉപരാഷ്ട്രപതിയുടെ കാലാവധി
  **- അഞ്ച് വർഷം**
- ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്
  **- ഇലക്ടറൽ കോളേജ്**
- ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന ഇലക്ടറൽകോളേജിലെ അംഗങ്ങൾ
  **- രാജ്യസഭയിലെയും ലോക്സഭയിലെയും അംഗങ്ങൾ**
- ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ അദ്ധ്യക്ഷൻ.
- ഭരണഘടന അനുസരിച്ച് രാഷ്ട്രപതി മരിക്കുകയോ, രാജിവക്കുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്താലോ അസുഖമോ മറ്റേതെങ്കിലും കാരണങ്ങളാലോ രാഷ്ട്രപതിക്ക് തന്റെ ഔദ്യോഗികകൃത്യം നിർവഹിക്കാൻ കഴിയാതെ വരികയാണെങ്കിലും ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിയുടെ ചുമതലകൾ നിർവഹിക്കാം.

### ഉപരാഷ്ട്രപതിയുടെ ചുമതലകൾ

- രാഷ്ട്രപതിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതല നിർവഹിക്കുക.
- രാജ്യസഭാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുക.


## പാർലമെന്റിന്റെ അധികാരങ്ങളും ചുമതലകളും

### നിയമനിർമാണപരമായ അധികാരങ്ങൾ

- നിയമനിർമ്മാണമാണ് പാർലമെന്റിന്റെ പ്രധാന ചുമതല.
- നിയമനിർമ്മാണത്തിന് പാർലമെന്റിന്റെ രണ്ട് സഭകളുടെയും അംഗീകാരം ആവശ്യമാണ്.
- ലോക്സഭയും രാജ്യസഭയും വെവ്വേറെ സമ്മേളിച്ചാണ് നിയമ നിർമ്മാണത്തിൽ പങ്കെടുക്കുന്നത്.
- നിയമത്തിന്റെ കരടുരൂപം
  **- ബിൽ**
- ഒരു സാധാരണ ബിൽ പാർലമെന്റിന്റെ ഏതു സഭയിലും ആദ്യം അവതരിപ്പിക്കാം
- ബിൽ ആദ്യം പരിഗണിക്കുന്ന സഭ അറിയപ്പെടുന്നത്
  **- ഒന്നാം സഭ**
- ബിൽ രണ്ടാമതു പരിഗണിക്കുന്ന സഭ അറിയപ്പെടുന്നത്
  **- രണ്ടാം സഭ**
- രണ്ട് സഭകളിലും ബിൽ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നു.

### ബിൽ നിയമമാകുന്ന വിവിധഘട്ടങ്ങൾ

- ***ഒന്നാം വായന***
  ബിൽ അവതരിപ്പിക്കുന്നു
- ***രണ്ടാം വായന***
  ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓരോ വകുപ്പും പ്രത്യേകം ചർച്ച ചെയ്ത് പാസ്സാക്കുകയോ മാറ്റം വരുത്തുകയോ നിരാകരിക്കുകയോ ചെയ്യുന്നു
- ***മൂന്നാം വായന***
  ബിൽ മൊത്തമായി പാസ്സാക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നു
- ഒന്നാം സഭ പാസ്സാക്കിക്കഴിഞ്ഞാൽ സഭാദ്ധ്യക്ഷന്റെ സാക്ഷ്യ പത്രത്തോടെ ബിൽ രണ്ടാം സഭയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു
- രണ്ട് സഭയിലും ഒന്നാം വായന, രണ്ടാം വായന, മൂന്നാം വായന എന്നീ മൂന്ന് ഘട്ടങ്ങളുണ്ട്
- ബിൽ രണ്ട് സഭകളും പാസാക്കിക്കഴിഞ്ഞാൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു
- രാഷ്ട്രപതി ഒപ്പുവയ്ക്കുന്നതോടെ ബിൽ നിയമമായി മാറുന്നു.




## പാർലമെന്റ് സമ്മേളനങ്ങൾ

- ☐ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും പാർലമെന്റ് സമ്മേളനം നടന്നിരിക്കണം.
- ☐ ഒരു സമ്മേളനം കഴിഞ്ഞ് 6 മാസം തികയുന്നതിനുമുമ്പ് തന്നെ രാഷ്ട്രപതി അടുത്ത സമ്മേളനം വിളിച്ചിരിക്കണം.
- ☐ പാർലമെന്റിന്റെ രണ്ട് സമ്മേളനങ്ങൾക്കിടയിൽ ആറുമാസത്തിൽ കൂടുതൽ ഇടവേള ഉണ്ടാകരുതെന്ന് ഭരണഘടന അനുശാസിക്കുന്നു.
- ☐ എല്ലാ വർഷവും ഇന്ത്യൻ പാർലമെന്റ് സമ്മേളിക്കുന്നത് - **മൂന്നുതവ ണ**
  - ☞ ***വർഷകാലസമ്മേളനം:*** ***ജൂലൈ - സെപ്തംബർ***
  - ☞ ***ശീതകാല സമ്മേളനം:*** ***നവംബർ - ഡിസംബർ***
  - ☞ ***വേനൽക്കാല സമ്മേളനം:*** ***ഫെബ്രുവരി - മേയ്***
- ☐ രാജ്യസഭ ചില സാഹചര്യങ്ങളിൽ നാല് സമ്മേളനങ്ങൾ വരെ ചേരാറുണ്ട്.

## സംയുക്തസമ്മേളനം

- രണ്ട് സഭകൾക്കിടയിൽ ബില്ലിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ടായാൽ സംയുക്ത സമ്മേളനം വിളിച്ചുചേർക്കുന്നു.
- പാർലമെന്റിന്റെ സംയുക്ത സമ്മേളനം വിളിച്ചു ചേർക്കുന്നത് - **രാഷ്ട്രപതി**
- സംയുക്ത സമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുന്നത് - **ലോകസഭാ സ്പീക്കർ**

## ചോദ്യോത്തരവേള


- ☐ പാർലമെന്റിലെ ഒരു ദിവസത്തെ നടപടിക്രമങ്ങൾ ആരംഭിക്കുന്നത് ചോദ്യോത്തരവേളയിലൂടെയാണ്.
- ☐ പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നത് **- 11 മണിക്ക്**
- ☐ 12 മണിക്ക് ചോദ്യോത്തരവേള അവസാനിക്കും.
- ☐ ഒരു മണിക്കൂർ ഭരണപരമായ എതു വിഷയത്തിലും അംഗങ്ങൾക്ക് ചോദ്യം ഉന്നയിക്കാം
- ☐ ചോദ്യങ്ങൾക്കു മറുപടി നൽകുന്നത് അതാതു വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരാണ്
- ☐ സംസ്ഥാന നിയമസഭകൾ സമ്മേളിക്കുന്ന സമയക്രമം ഇതിൽനിന്നും വ്യത്യസ്തമാണ്

## ശൂന്യവേള

- ✦ ചോദ്യോത്തരവേളയ്ക്കു ശേഷം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അജണ്ടയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പുള്ള ചെറിയ സമയം ശൂന്യവേള എന്നറിയപ്പെടുന്നു.
- ✦ സമയം 12 മണിയാകുന്നതിനാലാണ് ശൂന്യവേള എന്ന പേരിൽ അറിയപ്പെടുന്നത്.
- ✦ അടിയന്തര പ്രമേയം, ശ്രദ്ധക്ഷണിക്കൽ പ്രമേയം തുടങ്ങിയവ പരിഗണനക്ക് വരുന്നത് ശൂന്യവേള സമയത്തായിരിക്കും.
- ✦ ശൂന്യവേള 5 മുതൽ 15 മിനിറ്റ് വരെ ദൈർഘ്യമുണ്ടാകും.

## ധനപരമായ അധികാരങ്ങൾ

- പൊതുഖജനാവിലേയ്ക്കുള്ള ധനസമാഹരണം പണത്തിന്റെ വിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട ബില്ല്
  - **ധനബിൽ**
- ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നത് പ്രകാരം ഒരു ധനബിൽ ആദ്യം അവതരിപ്പിക്കുന്നത്
  - **ലോകസഭയിൽ**
- ലോകസഭ പാസാക്കി കഴിഞ്ഞാൽ ധനബില്ലാണെന്ന സ്പീക്കറുടെ സാക്ഷ്യപത്രത്തോടെ ബിൽ രാജ്യസഭയിലേക്ക് അയയ്ക്കുന്നു.
- ധനബിൽ ലഭിച്ചു 14 ദിവസങ്ങൾക്കകം രാജ്യസഭ നിർദ്ദേശങ്ങൾ സഹിതം ലോകസഭയിലേയ്ക്ക് ബിൽ തിരിച്ചു അയക്കേണ്ടതാണ്.
- അങ്ങനെ ചെയ്യുന്നില്ലെങ്കിൽ പ്രസ്തുത ബില്ല് പാർലമെന്റ് പാസാക്കിയതായി പരിഗണിച്ച് രാഷ്ട്രപതിയുടെ അനുമതിക്കയയ്ക്കാം.
- ലോകസഭയ്ക്ക് രാജ്യസഭയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം.
- പാർലമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ ഗവൺമെന്റ് പൊതുപണം ചിലവാക്കാനും ധനശേഖരണം നടത്താനും പാടുള്ളൂ.
- ഭരണനടപടികൾക്കായുള്ള ധനസമാഹരണത്തിനും അത് ചെലവാക്കുന്നതിനും പാർലമെന്റിന്റെ അംഗീകാരം ആവശ്യമാണ്.
- ഇതെല്ലാം ബജറ്റിലൂടെയും വാർഷിക ധനകാര്യ പ്രസ്താവനയിലൂടെയും (Annual Financial Statement) പാർലമെന്റ് നിർവഹിക്കുന്നു.







- ബജറ്റ് എന്ന പദം ഭരണഘടനയിൽ പരാമർശിച്ചിട്ടില്ല.
- ഇന്ത്യൻ ഭരണഘടനയിൽ ബജറ്റ് എന്ന പദത്തിന് പകരമായി ഉപയോഗിച്ചിരിക്കുന്നത്
  - **വാർഷിക ധനകാര്യപ്രസ്താവന (Annual Financial Statement)**

## ഭരണനിർവഹണ വിഭാഗത്തിനുമേലുള്ള നിയന്ത്രണം

- പാർലമെന്റ് രൂപപ്പെടുത്തുന്ന നിയമങ്ങൾ നടപ്പിലാക്കുന്നത് ഭരണനിർവ്വഹണ വിഭാഗമാണ്.
- ഭരണനിർവ്വഹണ വിഭാഗത്തിനു മേൽ പാർലമെന്റിന് ധാരാളം നിയന്ത്രണാധികാരമുണ്ട്.
- ഭരണനിർവ്വഹണ വിഭാഗത്തിന്റെ പ്രധാന ചുമതല മന്ത്രിസഭയ്ക്കാണ്.
- ലോകസഭയിൽ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയുണ്ടെങ്കിൽ മാത്രമേ മന്ത്രിസഭയ്ക്ക് തുടരാനാവൂ.
- ലോക്സഭ മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിയാൽ മന്ത്രിസഭയ്ക്ക് അധികാരത്തിൽ നിന്ന് പുറത്ത് പോകേണ്ടി വരും.
- പാർലമെന്റിൽ ഭരണനടപടികൾ സംബന്ധിച്ച ചോദ്യങ്ങൾ ചോദിച്ചും പ്രമേയങ്ങളും ബില്ലുകളും അവതരിപ്പിച്ച് ചർച്ച ചെയ്തും നിയമനിർമ്മാണ വിഭാഗം ഭരണ നിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നു.

## പാർലമെന്റിനുള്ള മറ്റ് അധികാരങ്ങൾ

- **ഭരണഘടനാ ഭേദഗതി**
  - ☞ ഭരണഘടനാവകുപ്പുകളിൽ കാലാനുസൃതമായ മാറ്റം വരുത്തൽ
- **തെരഞ്ഞെടുപ്പ് ചുമതല**
  - ☞ രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തെരഞ്ഞെടുപ്പ്

♦ കുറ്റവിചാരണയിലൂടെ (Impeachment) രാഷ്ട്രപതി, സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാർ എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യാനും പാർലമെന്റിന് അധികാരമുണ്ട്.

## കാര്യനിർവഹണ വിഭാഗം

♦ നിയമങ്ങൾ നടപ്പിലാക്കുകയും ഭരണനിർവ്വഹണം നടത്തുകയും ചെയ്യുന്ന വിഭാഗത്തെ കാര്യനിർവ്വഹണവിഭാഗം എന്നു പറയുന്നു.

♦ ഇന്ത്യയിൽ രണ്ടു തലങ്ങളിലുള്ള കാര്യനിർവഹണ വിഭാഗമുണ്ട്.

☞ **കേന്ദ്രകാര്യ നിർവഹണവിഭാഗം**

☞ **സംസ്ഥാന കാര്യനിർവഹണ വിഭാഗം**

♦ രാഷ്ട്രപതിയും കേന്ദ്രമന്ത്രിമാരും ഉദ്യോഗസ്ഥവൃന്ദവും അടങ്ങുന്നതാണ് കേന്ദ്ര കാര്യനിർവഹണ വിഭാഗം.

♦ കാര്യനിർവഹണ വിഭാഗത്തിന് രണ്ട് ഭാഗങ്ങളുണ്ട്.

### രാഷ്ട്രീയ കാര്യനിർവഹണ വിഭാഗം

☞ ഒരു നിശ്ചിത കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളടങ്ങുന്ന വിഭാഗമാണിത്.

☞ ഇത് രാഷ്ട്രീയ കാര്യനിർവഹണ വിഭാഗം എന്നറിയപ്പെടുന്നു (Political Executive).

☞ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും മന്ത്രിസഭയും ഉൾപ്പെട്ടതാണ് ഈ വിഭാഗം.

☞ ഇവരാണ് രാജ്യത്തിനുവേണ്ട ഭരണനയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നത്.

### സ്ഥിരം കാര്യനിർവഹണ വിഭാഗം

☞ രണ്ടാമത്തെ വിഭാഗം ദൈനംദിന ഭരണത്തിൽ രാഷ്ട്രീയ കാര്യനിർവഹണ വിഭാഗത്തെ സഹായിക്കുന്ന ഉദ്യോഗസ്ഥരടങ്ങുന്നതാണ്.

☞ ഇത് സ്ഥിരം കാര്യനിർവഹണ വിഭാഗമെന്നോ (Permanent Executive) സിവിൽ സർവ്വീസ് എന്നോ അറിയപ്പെടുന്നു.

☞ വിരമിക്കുന്നതുവരെ ഇവർ സർവീസിൽ തുടരും.

## പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിസഭയും

### പ്രധാനമന്ത്രി

♦ ലോകസഭയിൽ ഭൂരിപക്ഷം അംഗങ്ങളുടെ പിൻതുണയുള്ള പാർട്ടിയുടെയോ മുന്നണിയുടെയോ നേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

♦ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി
**- ജവഹർലാൽ നെഹ്റു**

♦ പ്രധാനമന്ത്രിയുടെ ഉപദേശമനുസരിച്ചാണ് രാഷ്ട്രപതി മറ്റ് മന്ത്രിമാരെ നിയമിക്കുന്നത്.

♦ മന്ത്രിസഭയിൽ ഓരോ മന്ത്രിയുടെയും പദവിയും (Rank) ഓരോ മന്ത്രിക്കും ചുമതലയുള്ള വകുപ്പുകളും നിശ്ചയിച്ചു നൽകുന്നത് പ്രധാനമന്ത്രിയാണ്.

### കേന്ദ്രമന്ത്രിസഭ

♦ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലാണ് കേന്ദ്രമന്ത്രിസഭ പ്രവർത്തിക്കുന്നത്.

♦ രാഷ്ട്രപതിയിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ ചുമതലകളും യഥാർത്ഥത്തിൽ വിനിയോഗിക്കുന്നത് മന്ത്രിസഭയാണ്

- ♦ പ്രധാനമന്ത്രിയും ക്യാബിനറ്റ് മന്ത്രിമാരും സഹ മന്ത്രിമാരും ഉപമന്ത്രിമാരും അടങ്ങുന്നതാണ് കേന്ദ്രമന്ത്രിസഭ.
- ♦ മന്ത്രിസഭയിൽ ലഭിക്കുന്ന സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാംഗങ്ങളെ മൂന്നു വിഭാഗങ്ങളായി തരംതിരിക്കാം.

■ ***ക്യാബിനറ്റ് മന്ത്രിമാർ***

- ☞ വകുപ്പുകളുടെ ചുമതല വഹിക്കുന്നു.
- ☞ മന്ത്രിസഭയിൽ പ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരടങ്ങുന്ന ഒരു ചെറിയ സമിതിയാണ് ക്യാബിനറ്റ്

■ ***സഹമന്ത്രിമാർ***


- ☞ ക്യാബിനറ്റ് മന്ത്രിമാരെ സഹായിക്കുന്നു
- ☞ ക്യാബിനറ്റിൽ അംഗങ്ങളല്ല പ്രത്യേകം ക്ഷണിച്ചാൽ ക്യാബിനറ്റ് മീറ്റിംങിൽ പങ്കെടുക്കാം.
- ☞ ചില സഹമന്ത്രിമാർക്ക് വകുപ്പുകളുടെ സ്വതന്ത്ര ചുമതല നൽകാറുണ്ട്.

■ ***ഉപമന്ത്രിമാർ***

- ☞ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മറ്റ് മന്ത്രിമാരെ സഹായിക്കുന്നു.

- ♦ മന്ത്രിസഭാംഗങ്ങളുടെ എണ്ണം ലോകസഭാംഗങ്ങളുടെ 15 ശതമാനത്തിൽ കൂടുതലാകാൻ പാടില്ല.

## കേന്ദ്രമന്ത്രിസഭ



## പ്രധാനമന്ത്രിയുടെ മുഖ്യ ചുമതലകൾ

- ലോക്സഭയുടെ നേതാവായി പ്രവർത്തിക്കുന്നു.
- ക്യാബിനറ്റ് മീറ്റിംഗുകളിൽ ആദ്ധ്യക്ഷത വഹിക്കുന്നു.
- മന്ത്രിസഭയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു.
- മന്ത്രിസഭാ തീരുമാനങ്ങൾ രാഷ്ട്രപതിയെ അറിയിക്കുന്നു.
- മന്ത്രിസഭാ തീരുമാനങ്ങളിൽ പ്രധാനമന്ത്രിയുടെ നിലപാടുകൾ നിർണായകമാണ്.
- മന്ത്രിസഭയേയും രാഷ്ട്രപതിയേയും തമ്മിലും മന്ത്രിസഭയേയും പാർലമെന്റിനേയും തമ്മിലും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രധാനമന്ത്രി പ്രവർത്തിക്കുന്നു.
- പ്രധാനമന്ത്രി വിവിധ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും രാജ്യത്തിന്റെ പൊതുഭരണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.
- പ്രധാനമന്ത്രി രാജി സമർപ്പിച്ചാൽ അത് മന്ത്രിസഭയുടെ തന്നെ രാജിയായി കണക്കാക്കും.

## മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം

- പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭാംഗങ്ങൾക്കെല്ലാം ഭരണത്തിൽ കൂട്ടുത്തരവാദിത്വമാണുള്ളത്.
- ക്യാബിനറ്റ് മന്ത്രിമാർ സമ്മേളിച്ചാണ് ഭരണപരമായ എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുന്നത്. ഈ തീരുമാനത്തെ എല്ലാ മന്ത്രിമാരും അംഗീകരിക്കുന്നു.
- നയപരമായ കാര്യങ്ങളിൽ അവർക്ക് അഭിപ്രായ ഐക്യം ഉണ്ടായിരിക്കണം മന്ത്രിസഭയുടെ പ്രവർത്തനങ്ങളിൽ അത് ഒന്നാകെ പാർലമെന്റിനോട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

## കേന്ദ്ര സെക്രട്ടറിയേറ്റ്

- രാജ്യത്തെ വിവിധ മന്ത്രാലയങ്ങൾ ചേർന്നതാണ് കേന്ദ്ര സെക്രട്ടറിയേറ്റ്
- ഒരു രാജ്യത്തിന്റെ അടിസ്ഥാന വിഭവങ്ങൾ പ്രയോജനപ്പെടുത്തി രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ നയങ്ങൾ രൂപപ്പെടുത്തുകയും പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നത് സെക്രട്ടേറിയേറ്റ് ആണ്.
- കേന്ദ്ര സെക്രട്ടറിയേറ്റിലെ വിവിധ മന്ത്രാലയങ്ങൾ തയ്യാറാക്കുന്ന നയങ്ങളും കർമ്മപരിപാടികളും പാർലമെന്റിന്റെ അംഗീകാരത്തോടെ നടപ്പാക്കുന്നു.



## ക്യാബിനറ്റ് സെക്രട്ടറി

- കേന്ദ്ര സെക്രട്ടറിയേറ്റിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനാണ് ക്യാബിനറ്റ് സെക്രട്ടറി.
- ഏറ്റവും കൂടുതൽ സർവീസുള്ള ഐ.എ.എസ് ഉദ്യോഗസ്ഥനെയാണ് ക്യാബിനറ്റ് സെക്രട്ടറിയായി നിയമിക്കുന്നത്.
- മന്ത്രിസഭാ സമ്മേളനങ്ങളിൽ തീരുമാനമാകേണ്ട വിഷയങ്ങൾ ഓരോ മന്ത്രിസഭാ സമ്മേളനത്തിലും അവതരിപ്പിക്കുന്നത് ക്യാബിനറ്റ് സെക്രട്ടറിയാണ്.

## നീതിന്യായവിഭാഗം

- തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്ന വിഭാഗമാണ് നീതിന്യായവിഭാഗം.
- കുറ്റവാളികൾക്ക് ശിക്ഷനൽകിയും നിരപരാധികളെ സംരക്ഷിച്ചും കോടതികൾ നീതി നടപ്പിലാക്കുന്നു.
- നിയമനിർമ്മാണ വിഭാഗം പാസ്സാക്കുന്ന നിയമങ്ങൾ വ്യാഖ്യാനിക്കുന്നത് നീതിന്യായ വിഭാഗമാണ്.

### *നീതിന്യായ വിഭാഗത്തിന്റെ കർത്തവ്യങ്ങൾ*

- പൗരാവകാശങ്ങൾ സംരക്ഷിക്കുക
- സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും തമ്മിലും സംസ്ഥാനങ്ങൾ തമ്മിലുമുള്ള തർക്കങ്ങൾ പരിഹരിക്കുക.
- നിയമവാഴ്ച പരിരക്ഷിക്കുക
- സമൂഹത്തിലുണ്ടാകുന്ന വിവിധങ്ങളായ തർക്കങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുക.

- സ്വതന്ത്രമായ ഒരു നീതിന്യായ വിഭാഗമാണ് ഇന്ത്യയിലുള്ളത്, അത് നിയമനിർമാണ വിഭാഗത്തിന്റെയും ഭരണനിർവഹണ വിഭാഗത്തിന്റെയും സ്വാധീനങ്ങളിൽ നിന്നും രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സഹായിക്കുന്നു.
- അഖിലേന്ത്യാതലത്തിൽ വിവിധ തലങ്ങളിലുള്ള ഒരു ഏകീകൃത സംവിധാനമാണ് ഇന്ത്യയുടെ നീതിന്യായ വിഭാഗം.
- സുപ്രീം കോടതിയാണ് ഏറ്റവും മുകളിൽ അതിനു താഴെയായി ഹൈക്കോടതികളും ഏറ്റവും താഴെ കീഴ്ക്കോടതികളും ഉണ്ട്.

## സുപ്രീംകോടതി

- ഇന്ത്യയുടെ പരമോന്നത കോടതി.
- സുപ്രീം കോടതിക്ക് ഇന്ത്യ മുഴുവൻ അധികാര പരിധിയുണ്ട്.
- ചീഫ് ജസ്റ്റിസും മറ്റ് ജഡ്ജിമാരും അടങ്ങുന്നതാണ് സുപ്രീംകോടതി.
- നിലവിൽ സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ പരമാവധി 34 ജഡ്ജിമാർവരെ ആകാം.
- ഇന്ത്യയിലെ ആദ്യത്തെ ചീഫ് ജസ്റ്റിസ്

  **- എച്ച്.ജെ. കനിയ**
- ജഡ്ജിമാരെ നിയമിക്കുന്നത്

  **- രാഷ്ട്രപതി**
- രാജ്യത്തെ നീതിന്യായ നിർവഹണത്തിനുള്ള ഏറ്റവും ഉയർന്ന സംവിധാനമാണ് സുപ്രീം കോടതി.
- മുഖ്യ ജഡ്ജി ഒഴികെയുള്ളവരുടെ നിയമനത്തിന് രാഷ്ട്രപതി മുഖ്യ ജഡ്ജിയോടാണ് അഭിപ്രായം തേടേണ്ടത്.
- ജഡ്ജിമാരെ നിയമിക്കുമ്പോൾ രാഷ്ട്രപതി സംസ്ഥാനങ്ങളിലെ ഹൈക്കോടതി ജഡ്ജിമാരോടും അഭിപ്രായം തേടാറുണ്ട്.
- സുപ്രീംകോടതി ജഡ്ജിമാരുടെ ഔദ്യോഗിക കാലാവധി

  **- 65 വയസ്സ്**
- സ്വഭാവദൂഷ്യമോ കഴിവുകേടോ ചൂണ്ടിക്കാട്ടി പാർലമെന്റിന് ജഡ്ജിമാരെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യാം.
- ജഡ്ജിമാരെ നീക്കം ചെയ്യുന്നതിനായി പാർലമെന്റിന്റെ ഇരുസഭയും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ പിന്തുണയോടെ വിചാരണ പ്രമേയം (Impeachment Resolution) അംഗീകരിക്കണം.

## സുപ്രീം കോടതിയുടെ അധികാരങ്ങൾ

### *ഉത്ഭവാധികാരം (Original Jurisdiction)*

- ചില കാര്യങ്ങളിൽ സുപ്രീംകോടതിക്ക് ഉത്ഭവാധികാരങ്ങളുണ്ട്.

  ***ഉദാഹരണം:*** കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലും സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുമുണ്ടാകുന്ന തർക്കങ്ങൾ, മൗലികാവകാശം സംബന്ധിച്ച കേസുകൾ എന്നിവ കേൾക്കുവാനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്.

➲ ***അപ്പീൽ സംബന്ധിച്ച അധികാരങ്ങൾ (Appelate Jurisdiction)***

- സുപ്രീം കോടതിയാണ് രാജ്യത്തെ ഏറ്റവും ഉയർന്ന അപ്പീൽക്കോടതി.
- ഹൈക്കോടതികൾ സിവിലും ക്രിമിനലും ഭരണഘടനാപരവുമായ കേസുകളിൽ എടുക്കുന്ന അന്തിമ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിക്ക് അപ്പീലുകൾ സ്വീകരിക്കാം.

➲ ***ഉപദേശങ്ങൾ നൽകാനുള്ള അധികാരങ്ങൾ (Advisory Jurisdiction)***

- ചില പ്രധാന സന്ദർഭങ്ങളിൽ രാഷ്ട്രപതി ആവശ്യപ്പെട്ടാൽ സുപ്രീംകോടതിക്ക് ഏതെങ്കിലും നിയമ പ്രശ്നത്തിൽ ഉപദേശം നൽകുവാൻ അധികാരമുണ്ട്.

## ലോക്അദാലത്ത്


- സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അധികം പണച്ചെലവില്ലാതെ നീതി ലഭ്യമാക്കുന്നതിനു വേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനപ്പെട്ടതാണ് ലോക്അദാലത്ത്.
- ലോക്അദാലത്ത് എന്ന വാക്കിനർത്ഥം
  - **ജനങ്ങളുടെ കോടതി**
- സന്നദ്ധ സ്വഭാവമുള്ള ഒരു നീതിന്യായ സംവിധാനമാണ് ലോക് അദാലത്ത്
- കക്ഷികൾക്ക് താൽപര്യമെങ്കിൽ കേസ് തീർപ്പാക്കുന്നതിന് ലോക് അദാലത്തിനെ സമീപിക്കാം. കൂടിയാലോചനകളിലൂടെയും ഒത്തുതീർപ്പുകളിലൂടെയും കേസ് തീർപ്പാക്കുവാൻ അദാലത്ത് കക്ഷികളെ പ്രേരിപ്പിക്കുന്നു.
- ലോക്അദാലത്തിന്റെ ലക്ഷ്യങ്ങൾ
  - ☞ കേസുകൾ കഴിയുന്നത്ര വേഗം തീർപ്പാക്കുക
  - ☞ കാലതാമസം ഒഴിവാക്കുക

## സുപ്രീംകോടതി പരിഗണിക്കുന്ന കേസുകൾ

- സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ
- ഭരണഘടനാ വകുപ്പുകളുടെ വ്യാഖ്യാനം ആവശ്യമായ കേസുകൾ
- സംസ്ഥാന ഹൈക്കോടതികളിൽ നിന്നുള്ള അപ്പീൽ കേസുകൾ
- മൗലികാവകാശങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ടകേസുകൾ
- കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ

## പൊതുതാൽപര്യ ഹർജികൾ

- സമൂഹത്തെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് കോടതികളിൽ നൽകുന്ന പരാതികളാണ് പൊതുതാൽപ്പര്യ ഹർജികൾ
- പരാതിക്കാസ്പദമായ വിഷയങ്ങൾ പരാതിക്കാരനെ നേരിട്ടു ബാധിക്കണമെന്നില്ല.
- ഏതൊരു വ്യക്തിക്കും ഇത്തരം പൊതു പ്രശ്നങ്ങൾ കോടതിയെ ബോധ്യപ്പെടുത്താം.
- ചില സന്ദർഭങ്ങളിൽ പൊതു താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കോടതി നേരിട്ടു തന്നെ കേസെടുക്കാറുണ്ട്.



## സംസ്ഥാനനിയമ നിർമ്മാണസഭ

- സംസ്ഥാനങ്ങളിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സഭകളാണ് സംസ്ഥാന നിയമ സഭകൾ.
- ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും നിയമ നിർമ്മാണ സഭകൾ ഉണ്ട്
- സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുന്നത്
  **- സംസ്ഥാന നിയമ നിർമ്മാണസഭ**
- ഒരു സഭ മാത്രമുള്ള നിയമനിർമ്മാണ സഭ അറിയപ്പെടുന്നത്
  **- ഏകമണ്ഡല നിയമനിർമ്മാണ സഭ**
- രണ്ട് സഭകളുള്ള നിയമ നിർമ്മാണ സഭ അറിയപ്പെടുന്നത്
  **- ദ്വിമണ്ഡല നിയമനിർമ്മാണസഭ**
- ബീഹാർ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽ രണ്ട് സഭകളുണ്ട്. അധോസഭയെ നിയമസഭ (Legislative Assembly) എന്നും ഉപരിസഭയെ നിയമസമിതി (Legislative Council) എന്നും വിളിക്കുന്നു.
- ജനങ്ങളുടെ എണ്ണം ഏകദേശം തുല്യമായി വരത്തക്കവണ്ണമാണ് നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണയിച്ചിട്ടുള്ളത്, ജനസംഖ്യാ വർധനയ്ക്കനുസരിച്ച് ഇതിൽ പുനർനിർണയം നടത്താറുണ്ട്.
- നിയമനിർമാണ സഭകളിൽ പട്ടികജാതി പട്ടികവർഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ഏതാനും മണ്ഡലങ്ങൾ നീക്കിവച്ചിട്ടുണ്ട്. ഇവയാണ് സംവരണ മണ്ഡലങ്ങൾ.
- ഈ വിഭാഗങ്ങളുടെ ജനസംഖ്യയെ ആസ്പദമാക്കിയാണ് സംവരണമണ്ഡലങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.
- 104 -ാം ഭരണഘടന ഭേദഗതിക്കുമുമ്പ് ആംഗ്ലോ ഇന്ത്യൻ സംഭരണവും നിയമസഭയിലുണ്ടായിരുന്നു.

## പ്രോട്ടേം സ്പീക്കർ

- നിയമസഭാംഗങ്ങൾക്ക് സത്യപ്രതിജ്ഞയ്ക്ക് അവസരമൊരുക്കുന്നതിന് ഗവർണർ ഒരംഗത്തെ താൽക്കാലിക സ്പീക്കറായി നിയമിക്കുന്നു. ഈ താൽക്കാലിക സ്പീക്കറാണ്
  **- പ്രോട്ടേം സ്പീക്കർ**
- നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ പ്രോട്ടേം സ്പീക്കറാണ് അധ്യക്ഷത വഹിക്കുന്നത്.
- സഭാംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നവർ പ്രോട്ടേം സ്പീക്കർക്കു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു.
- തുടർന്ന് സത്യപ്രതിജ്ഞ ചെയ്ത അംഗങ്ങളിൽ നിന്ന് സ്പീക്കറെയും ഡെപ്യൂട്ടി സ്പീക്കറെയും തിരഞ്ഞെടുക്കുന്നു.

## സ്പീക്കർ

- നിയമസഭ സമ്മേളിക്കുമ്പോൾ അധ്യക്ഷത വഹിക്കുന്നത്
  **- സ്പീക്കർ**
- സ്പീക്കറുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ ഡെപ്യൂട്ടി സ്പീക്കർ നിർവഹിക്കുന്നു.

## Smack Dab

- സ്പീക്കർ രാജിക്കത്ത് നൽകേണ്ടത്
  **- ഡെപ്യൂട്ടി സ്പീക്കർക്ക്**
- ഡെപ്യൂട്ടി സ്പീക്കർ രാജിക്കത്ത് നൽകേണ്ടത്
  **- സ്പീക്കർക്ക്**

| 1-ാം കേരള നിയമസഭ (1957 - 1959) | |
|---|---|
| ആകെ അംഗസംഖ്യ - 126 | |
| ഭരണപക്ഷം | പ്രതിപക്ഷം |
| സി.പി.ഐ - 60 | ഐ.എൻ.സി - 43 |
| കക്ഷിരഹിതർ - 5 | പി.എസ്.പി - 9 |
| | മുസ്ലിംലീഗ് - 8 |
| | കക്ഷിരഹിതർ - 1 |
| ആകെ - 65 | ആകെ - 61 |

## നിയമ നിർമ്മാണത്തിലൂടെ...

- നിയമസഭയിൽ നിയമങ്ങൾ കൊണ്ടു വരുമ്പോൾ നിയമസഭാംഗങ്ങൾ നിർദ്ദിഷ്ട നിയമം മൂലമുണ്ടാകുവാനിടയുള്ള ദോഷങ്ങൾ ചൂണ്ടിക്കാട്ടുന്നു.
- ഇതിന്റെ ഫലമായി തന്റെ പ്രദേശത്തെ ജനങ്ങൾക്ക് എന്തെല്ലാം പ്രയാസങ്ങൾ നേരിടുമെന്നു കണ്ടെത്തുന്നു.
- ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നിയമത്തിനാവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുന്നു.
- വിശദമായ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലുകൾക്കും ശേഷം സഭ ബില്ല് അംഗീകരിക്കുന്നു.
- തുടർന്ന് ബില്ല് ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.
- ഗവർണറുടെ അംഗീകാരം ലഭിക്കുന്നതോടെ ഇത് നിയമമായി മാറുന്നു.

## ചോദ്യോത്തരവേള

- സഭാനടപടികളുടെ തുടക്കത്തിലുള്ള ഒരു മണിക്കൂർ സമയമാണ് ഇതിനായി നീക്കി വച്ചിട്ടുള്ളത്.
- ചോദ്യങ്ങൾ ചോദിക്കുവാനും വിവരങ്ങൾ അന്വേഷിക്കുവാനും പൊതുപ്രാധാന്യമുള്ള പരാതികൾ സഭയുടെ മുമ്പാകെ അവതരിപ്പിക്കുവാനുമാണ് ചോദ്യോത്തരവേള ഉപയോഗിക്കുന്നത്.
- സഭയിൽ അവതരിപ്പിക്കേണ്ട ചോദ്യങ്ങൾ മുൻകൂട്ടി സ്പീക്കർക്ക് നൽകേണ്ടതാണ്.
- സഭാതലത്തിൽ നേരിട്ട് ഉത്തരം പറയേണ്ട ചോദ്യങ്ങളാണ് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
- മന്ത്രിയുടെ മറുപടിയെത്തുടർന്ന് അംഗങ്ങൾക്ക് ഉപചോദ്യങ്ങളും ചോദിക്കാം. ഇത് സഭയിലവതരിപ്പിക്കുന്നതു സംബന്ധിച്ച് സ്പീക്കറാണ് തീരുമാനമെടുക്കേണ്ടത്.

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

- സഭാതലത്തിൽ നേരിട്ട് ഉത്തരം പറയേണ്ട ചോദ്യങ്ങൾ
- മന്ത്രിയുടെ മറുപടിയെത്തുടർന്ന് അംഗങ്ങൾക്ക് മറുചോദ്യങ്ങൾ ചോദിക്കാം.

## ധനപരമായ അധികാരം

- നിയമനിർമാണം പോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സംസ്ഥാനത്തെ സമ്പത്തിന്റെ വിനിയോഗവും.
- നിയമസഭയുടെ അംഗീകാരമില്ലാതെ ജനങ്ങൾക്കുമേൽ ഒരു തരം നികുതിയും ചുമത്താനാവില്ല.
- ധനപരമായ കാര്യങ്ങളിൽ നിയമസഭയ്ക്ക് നിർവഹണ വിഭാഗത്തിന്റെ മേൽ നിയന്ത്രണമുണ്ട്.
- സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റ് മുൻകൂട്ടി സഭയിലവതരിപ്പിച്ച് അംഗീകാരം നേടിയശേഷം മാത്രമേ അതു പ്രകാരമുള്ള പണം ചെലവഴിക്കാനാവൂ.

## സംസ്ഥാന കാര്യനിർവഹണ വിഭാഗം

- സംസ്ഥാനതല കാര്യനിർവഹണ വിഭാഗത്തിന്റെ തലവൻ

  **- ഗവർണർ**
- കേന്ദ്ര മന്ത്രിസഭയുടെ ഉപദേശപ്രകാരം ഗവർണറെ നിയമിക്കുന്നത്

  **- രാഷ്ട്രപതി**
- ഗവർണറുടെ ഔദ്യോഗിക കാലാവധി

  **- 5 വർഷം**
- സംസ്ഥാന നിയമനിർമാണസഭയുടെ ഭാഗമാണ് ഗവർണർ.
- കേന്ദ്രത്തിൽ രാഷ്ട്രപതിക്ക് ഉള്ളതുപോലെ സംസ്ഥാനങ്ങളിൽ ഗവർണക്ക് കാര്യനിർവഹണപരവും നിയമനിർമ്മാണപരവുമായ അധികാരങ്ങളുണ്ട്.
- സംസ്ഥാന മന്ത്രിസഭയുടെ ഉപദേശമനുസരിച്ചേ ഗവർണർക്ക് തന്റെ അധികാരങ്ങൾ വിനിയോഗിക്കാനാകൂ.
- മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും ഭരണ കാര്യങ്ങളിൽ ഗവർണറെ സഹായിക്കുന്നു.
- യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ മുഴുവൻ അധികാരങ്ങളും നിക്ഷിപ്തമായിരിക്കുന്നത് മുഖ്യമന്ത്രിയിലും മന്ത്രിസഭാംഗങ്ങളിലുമാണ്.
- നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയുള്ള പാർട്ടിയുടെയോ മുന്നണിയുടെയോ നേതാവിനെയാണ് മുഖ്യമന്ത്രിയായി നിയമിക്കുന്നത്.
- മുഖ്യമന്ത്രിയെ നിയമിക്കുന്നത്

  **- ഗവർണർ**
- നിയമസഭയുടെ നേതാവ്

  **- മുഖ്യമന്ത്രി**
- മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നിയമസഭയോടാണ് ഉത്തരവാദിത്തം.
- ഭരണ സൗകര്യത്തിനായി മന്ത്രിമാർക്ക് വിവിധ വകുപ്പുകളുടെ ചുമതലകൾ നൽകുന്നു.
- എന്നാൽ മന്ത്രിസഭ കൂട്ടുത്തരവാദിത്തത്തോടെയാണ് പ്രവർത്തിക്കുന്നത്.
- മുഖ്യമന്ത്രിയുടെ രാജി മന്ത്രിസഭയുടെ രാജിയായി കണക്കാക്കുന്നു.
- മന്ത്രിമാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു കണ്ടാൽ മുഖ്യമന്ത്രിക്ക് അവരുടെ രാജി ആവശ്യപ്പെടാവുന്നതാണ്.
- മന്ത്രിസഭയെ ദൈനംദിന ഭരണകാര്യങ്ങളിൽ സഹായിക്കുന്നത് ചീഫ്സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥന്മാരുമാണ്.
- സംസ്ഥാന ഗവർണറെയും മന്ത്രിമാരെയും തമ്മിൽ ബന്ധിപ്പിക്കുന്നത് മുഖ്യമന്ത്രിയാണ്.
- മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ സഭയിൽ അംഗമായിരിക്കണം.
- സഭയിൽ അംഗമല്ലാത്ത ഒരാൾ മുഖ്യമന്ത്രിയായി അധികാരമേറ്റാൽ ആറു മാസത്തിനകം സഭാംഗത്വം നേടേണ്ടതാണ്.
- അല്ലാത്ത പക്ഷം മുഖ്യമന്ത്രി സ്ഥാനം നഷ്ടമാകും.
- സഭാംഗമല്ലാതെ സത്യപ്രതിജ്ഞ ചെയ്യുന്ന മറ്റു മന്ത്രിമാരുടെ കാര്യത്തിലും ഈ നിബന്ധന ബാധകമാണ്.
- മന്ത്രിസഭയുടെ പ്രവർത്തനങ്ങളിൽ നിയമസഭയ്ക്ക് ഇടപെടുന്നതിന് അവസരങ്ങളുണ്ട്.
- നിയമസഭയിൽ ചോദ്യോത്തര വേളകളിൽ നിർവഹണ വിഭാഗത്തിൽ നിന്ന് വിവരങ്ങൾ ആരായാനും മന്ത്രിമാരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി പരിശോധിക്കാനും അംഗങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ട്.
- ജനഹിതത്തിനെതിരായാണ് മന്ത്രിസഭ പ്രവർത്തിക്കുന്നതെങ്കിൽ സഭയിൽ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിനും ചർച്ചയിലൂടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സഭയ്ക്കു മുമ്പാകെ തുറന്നു കാട്ടുന്നതിനും സാധ്യമാകുന്നു.

- അവിശ്വാസപ്രമേയം സഭ പാസ്സാക്കിയാൽ മന്ത്രിസഭയ്ക്ക് അധികാരം നഷ്ടമാകും.
- ജനഹിതത്തിന് എതിരായി പ്രവർത്തിക്കുന്ന മന്ത്രിസഭകളെയും അതിനു നേതൃത്വം നൽകുന്ന പാർട്ടികളെയും തിരഞ്ഞെടുപ്പിലൂടെ ജനങ്ങൾക്കു പുറംതള്ളാനാകും.
- രാഷ്ട്രീയപാർട്ടികൾ തിരഞ്ഞെടുപ്പു സമയങ്ങളിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നത് അവരുടെ പിന്തുണയോടെ അധികാരത്തിലിരിക്കുന്ന മന്ത്രിസഭകളിലൂടെയാണ്.
- മന്ത്രിമാർ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ കൂടി പരിഗണിക്കുന്നു.

## സംസ്ഥാന നീതിന്യായ വിഭാഗം

### ഹൈക്കോടതി

- സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതി
  **- ഹൈക്കോടതി**
- സംസ്ഥാനങ്ങളിലുണ്ടാകുന്ന കേസുകൾ പരിശോധിക്കുന്നത്
  **- ഹൈക്കോടതികൾ**
- ഹൈക്കോടതി ചീഫ് ജസ്റ്റിസിനെയും മറ്റു ജഡ്ജിമാരെയും നിയമിക്കുന്നത്
  **- രാഷ്ട്രപതി**
- ജില്ലാ കോടതികളുടെയും കീഴ്ക്കോടതികളുടെയും മേൽനോട്ടം വഹിക്കുന്നത്
  **- ഹൈക്കോടതി**
- ഓരോ ഹൈക്കോടതിയിലേയും ജഡ്ജിമാരുടെ എണ്ണം അതതു സമയത്ത് രാഷ്ട്രപതിക്കു നിശ്ചയിക്കാം.
- ഹൈക്കോടതി ജഡ്ജിമാരുടെ കാലാവധി
  **- 62 വയസ്സ്**
- കീഴ്ക്കോടതികൾ സിവിൽ, ക്രിമിനൽ കേസുകളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുമായി ബന്ധപ്പെട്ട് ഹൈക്കോടതികൾ അപ്പീലുകൾ സ്വീകരിക്കുന്നു.


### ഹൈക്കോടതിയുടെ അധികാരങ്ങൾ

- മൗലികാവകാശങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ ഉത്തരവുകൾ പുറപ്പെടുവിക്കൽ.
- സിവിലും ക്രിമിനലുമായ കേസുകളിൽ കീഴ്ക്കോടതികളിൽ നിന്നുമുള്ള അപ്പീൽ പരിഗണിക്കൽ.
- സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ വ്യാഖ്യാനിക്കൽ.
- സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ കോടതികൾക്കും മുകളിൽ മേൽനോട്ടത്തിനുള്ള ഉന്നതാധികാരം.
- ഭരണഘടന വ്യാഖ്യാനിക്കുന്ന തരത്തിലുള്ള കേസുകൾ കീഴ്ക്കോടതികളിൽ നിന്നു ഹൈക്കോടതിയിലേക്കു മാറ്റാനുള്ള അധികാരം
- ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരെയും ജോലിക്കാരെയും നിയമിക്കാനുള്ള അധികാരം

### കീഴ്ക്കോടതികൾ

- ജില്ലാ കോടതികൾ, സബ്കോടതികൾ, മുൻസിഫ് കോടതികൾ, മജിസ്ട്രേറ്റ് കോടതികൾ എന്നിവ ഉൾക്കൊള്ളുന്നതാണ് കീഴ്ക്കോടതികൾ
- ജില്ലകളിലുണ്ടാകുന്ന കേസുകൾ പരിശോധിക്കുന്നത് ജില്ലാകോടതികളാണ്.
- താലൂക്ക് തലത്തിലുള്ള കേസുകൾ പരിശോധിക്കുന്നത്
  - ☞ **സബ് കോടതികൾ**
  - ☞ **മുൻസിഫ് കോടതികൾ**
  - ☞ **മജിസ്ട്രേറ്റ് കോടതികൾ**

- സിവിൽ കേസുകളിലും ക്രിമിനൽ കേസുകളിലും തീർപ്പുകൽപ്പിക്കാനുള്ള അധികാരം കീഴ്ക്കോടതികൾക്കുണ്ട്.
- ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ രീതിയിലാണ് കീഴ്ക്കോടതികൾ രൂപപ്പെടുത്തിയിട്ടുള്ളത്.
- കേരളത്തിൽ ജില്ലാതലത്തിലെ ഏറ്റവും ഉയർന്ന കോടതി ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിയാണ്. ഈ കോടതിക്ക് സിവിലും ക്രിമിനലുമായ അധികാരങ്ങളുണ്ട്.
- ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിക്ക് താഴെ സിവിൽ തർക്കങ്ങളും ക്രിമിനൽ കുറ്റങ്ങളും വിചാരണ ചെയ്യാൻ പ്രത്യേകം കോടതികളുണ്ട്.
- സിവിൽ കേസുകൾക്ക് ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതിക്കു താഴെ സബ് ജഡ്ജ് കോടതിയും അതിനു താഴെയായി മുൻസിഫ് കോടതിയും പ്രവർത്തിക്കുന്നു.
- ക്രിമിനൽ കേസുകൾക്ക് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയും അതിനു താഴെയായി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും പ്രവർത്തിക്കുന്നു.




## അധികാര വിഭജനം

- ഭരണഘടനാപരമായി രാജ്യത്തിന്റെ പരമാധികാരത്തെ കേന്ദ്രഭരണകൂടത്തിനും സംസ്ഥാന ഭരണകൂടങ്ങൾക്കുമായി വിഭജിച്ചിരിക്കുന്ന രീതിയാണ്

  **- സംയുക്ത വ്യവസ്ഥ (Federal System)**
- ഇത് പ്രകാരമാണ് രാജ്യത്തെ കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും അധികാരങ്ങൾ വിഭജിച്ചിരിക്കുന്നത്.
- ഭരണഘടനയുടെ 7-ാം പട്ടികപ്രകാരമാണ് ഈ വിഭജനം നടത്തിയിരിക്കുന്നത്.
- അധികാര വിഷയങ്ങളെ യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ വേർതിരിക്കുന്നു.

## യൂണിയൻ ലിസ്റ്റ്

- ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളാണ് യൂണിയൻ ലിസ്റ്റിലുള്ളത്.
- ഈ വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുവാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനാണ്.
- നിലവിൽ 98 വിഷയങ്ങളാണ് യൂണിയൻ ലിസ്റ്റിൽ ഉള്ളത്.
- യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ചില വിഷയങ്ങൾ
  - രാജ്യരക്ഷ
  - വിദേശകാര്യം

- പൗരത്വം
- കറൻസി
- വാർത്താവിനിമയം

## സ്റ്റേറ്റ് ലിസ്റ്റ്

- ♦ പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളാണ് സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ♦ ഈ വിഷയങ്ങളിൽ സംസ്ഥാന നിയമസഭകളാണ് നിയമനിർമ്മാണം നടത്തുന്നത്.
- ♦ നിലവിൽ 59 വിഷയങ്ങളാണ് സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ♦ സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന ചില വിഷയങ്ങൾ
  - ക്രമസമാധാനം
  - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
  - കൃഷി
  - ജലസേചനം
  - പൊതുജനാരോഗ്യം

## കൺകറന്റ് ലിസ്റ്റ്

- ♦ ഒരേ സമയം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന വിഷയങ്ങളാണ് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ♦ അതിനാൽ ഈ വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്താൻ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും അധികാരം നൽകിയിരിക്കുന്നു.
- ♦ നിലവിൽ 52 വിഷയങ്ങളാണ് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ♦ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന ചില വിഷയങ്ങൾ
  - വിദ്യാഭ്യാസം
  - വിവാഹവും വിവാഹമോചനവും
  - വിദ്യുച്ഛക്തി
  - ജനസംഖ്യാനിയന്ത്രണം
  - ട്രേഡ് യൂണിയൻ

## ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം 2005

- ■ ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് ഈ നിയമം
- ■ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് നൂറ് ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരമുയർത്തുക എന്നതായിരുന്നു ഈ നിയമത്തിന്റെ ലക്ഷ്യം.
- ■ ദേശീയ തൊഴിൽ ഉറപ്പ് നിയമം നിലവിൽ വന്നത്

  **- 2005 സെപ്റ്റംബർ 5**
- ■ ഈ നിയമ പ്രകാരം 18 വയസ്സു തികഞ്ഞ ഏതൊരാളെയും പ്രായപൂർത്തി ആയവരായി കണക്കാക്കാം.
- ■ തൊഴിലിനു വേണ്ടി അപേക്ഷിച്ചിട്ടുള്ള കുടുംബനാഥൻ അല്ലെങ്കിൽ മറ്റൊരു അംഗത്തെ അപേക്ഷകനായി ഈ നിയമം നിർവചിക്കുന്നു.

# Standard IX

CHAPTER 3

# ഇന്ത്യൻ ഭരണഘടന അവകാശങ്ങളും കർത്തവ്യങ്ങളും

SS - I PART-1

## ആമുഖം

- ആമുഖത്തിൽ ഇന്ത്യ ഒരു പരമാധികാര - സ്ഥിതിസമത്വ - മതേതര-ജനാധിപത്യ-റിപ്പബ്ലിക് എന്നാണ് പ്രഖ്യാപിക്കുന്നത്.
- 1976ലെ 42-ാം ഭേദഗതി പ്രകാരമാണ് പരമാധികാര ജനാധിപത്യ റിപ്പബ്ലിക് എന്നതിനുപകരം പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക് (Sovereign, Socialist, Secular, Democratic, Republic) എന്നാക്കിയത്.
- 42-ാം ഭേദഗതിയിലൂടെ ആമുഖത്തിലെ 'രാഷ്ട്രത്തിന്റെ ഐക്യം' എന്നതിനു പകരം ചേർത്തത്
  **- രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും**
- ആമുഖം ഭേദഗതി ചെയ്തത് നിലവിൽ വന്നത്
  **- 3 ജനുവരി 1977**
- ആമുഖത്തിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളിൽ ചിലത്
  - മൗലികാവകാശങ്ങൾ
  - നിർദ്ദേശകതത്വങ്ങൾ
  - മൗലിക കർത്തവ്യങ്ങൾ

## പൗരത്വം

- ഇന്ത്യ സ്വതന്ത്രമായപ്പോൾ നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ലഭിച്ച ഒരു പദവിയാണ് പൗരത്വം.
- വ്യക്തികൾക്ക് രാജ്യം നൽകുന്ന സവിശേഷ അംഗീകാരമാണ് പൗരത്വം.
- ഇന്ത്യയിൽ പൗരത്വം ലഭിക്കുന്നത്
  1. ജനനത്തിലൂടെ (By Birth)
  2. വംശ പാരമ്പര്യത്തിലൂടെ (By Descent)
  3. രജിസ്ട്രേഷനിലൂടെ (By Registration)
  4. പൗരത്വ ദാനത്തിലൂടെ (By Naturalisation)
  5. ഏതെങ്കിലും ഭൂപ്രദേശം ഇന്ത്യയുടെ ഭാഗമായിത്തീരുന്നതിലൂടെ (By incorper-ation of Territories)
- ഭരണഘടനയിൽ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പുകൾ
  **- 5 മുതൽ 11 വരെ**

### ലേശം ചരിത്രം

- ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനം പൗരന്മാർക്ക് അവകാശങ്ങൾ അനുവദിക്കണം എന്ന ആവശ്യം നിരന്തരം ഉന്നയിച്ചിരുന്നു.
- ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 1928 ലെ നെഹ്റു കമ്മിറ്റി റിപ്പോർട്ട്.
- ഇന്ത്യയിലെ ജനങ്ങൾക്ക് ഉറപ്പു നൽകേണ്ട അവകാശങ്ങളുടെ പട്ടിക സമർപ്പിച്ച റിപ്പോർട്ട്
  **- നെഹ്റു കമ്മിറ്റി റിപ്പോർട്ട്**
- സ്വാതന്ത്ര്യ സമരം ലക്ഷ്യം വച്ചതും നെഹ്റു കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശിച്ചതുമായ അവകാശങ്ങൾ അടിസ്ഥാനമാക്കിയാണ് ഭരണഘടനാ നിർമ്മാതാക്കൾ മൗലികാവകാശം തയ്യാറാക്കിയത്

## മൗലികാവകാശങ്ങൾ

- ഭരണഘടന പൗരൻമാർക്കു പ്രദാനം ചെയ്യുന്ന പ്രത്യേക സംരക്ഷണം
  - **മൗലികാവകാശം**
- മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്ന ഭരണഘടന ഭാഗം
  - ഭാഗം **III (Part III)**
- വ്യക്തിക്ക് ഒരു കാരണവശാലും നിഷേധിക്കപ്പെടാൻ പാടില്ലാത്ത അവകാശങ്ങൾ
  - **മൗലികാവകാശങ്ങൾ**
- മൗലികാവകാശങ്ങൾ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയ ഭരണഘടന
  - **അമേരിക്കൻ ഭരണഘടന**
- ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്യുന്ന മൗലികാവകാശങ്ങൾ - **6**

### ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾ

- സമത്വത്തിനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരായുള്ള അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ഭരണഘടനാപരമായ പരിഹാരം കാണുന്നതിനുള്ള അവകാശം

## സമത്വത്തിനുള്ള അവകാശം

- നിയമത്തിനു മുന്നിൽ രാജ്യത്തെ പൗരന്മാരെല്ലാം തുല്യരാണ്.
- പദവിയോ വിദ്യാഭ്യാസമോ സാമ്പത്തിക ശേഷിയോ പരിഗണിച്ച് നിയമത്തിനു മുന്നിൽ ആർക്കും പ്രത്യേക പരിഗണനകൾ നൽകില്ല.
- ജാതി, മതം, ലിംഗം, ജനനസ്ഥലം ഇവയെ അടിസ്ഥാനമാക്കി ഒരു തരത്തിലുമുള്ള വിവേചനവും പാടില്ലെന്ന് ഭരണഘടന വിലക്കുന്നു.
- പൊതുവഴികളിലൂടെ സഞ്ചരിക്കാനും പൊതുസ്ഥലങ്ങളിൽ പ്രവേശിക്കാനും പൊതുകുളങ്ങളും കിണറുകളും ഉപയോഗിക്കാനുമുള്ള അവകാശം രാജ്യത്ത് എല്ലാവർക്കും തുല്യമാണ്.
- അയിത്തം പോലുള്ള ആചാരങ്ങൾ ഭരണഘടനാ പ്രകാരം നിയമവിരുദ്ധമാണ്.
- സർക്കാർ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നതിന് പൗരന്മാർക്കിടയിൽ യാതൊരു വിവേചനവും പാടില്ലെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു.
- പ്രത്യേക ജാതിയിലോ മതത്തിലോപെടുന്നു എന്നതിനാൽ വിദ്യാഭ്യാസം നിഷേധിക്കുന്നതും ഭരണഘടന എതിർക്കുന്നു.




➲ ***സമത്വത്തിനുള്ള അവകാശത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ***

- ☞ നിയമത്തിനുമുന്നിൽ സമത്വം ഉറപ്പാക്കൽ (ആർട്ടിക്കിൾ 14)
- ☞ ജാതി, മതം, വർഗം, ലിംഗം, ജനനസ്ഥലം, എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കൽ (ആർട്ടിക്കിൾ 15)
- ☞ പൊതുനിയമനങ്ങളിൽ അവസരസമത്വം ഉറപ്പാക്കൽ (ആർട്ടിക്കിൾ 16)
- ☞ തൊട്ടുകൂടായ്മ നിർത്തലാക്കൽ (ആർട്ടിക്കിൾ 17)
- ☞ സ്ഥാനപ്പേരുകൾ നിർത്തലാക്കൽ (ആർട്ടിക്കിൾ 18)

➲ *സ്ത്രീകൾ, കുട്ടികൾ, പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നത് സമത്വത്തിനുള്ള അവകാശത്തിന് എതിരല്ല.*

## നിയമത്തിനു മുന്നിൽ സമത്വം

- നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കു മുന്നിൽ എല്ലാ പൗരൻമാരും സമന്മാരാണ്.
- ഒരു വ്യക്തിയുടെ ഔദ്യോഗിക പദവിയോ അധികാരങ്ങളോ എന്തു തന്നെ ആയാലും അയാൾ നിയമവ്യവസ്ഥയ്ക്ക് അതീതനല്ല.

## SCRUTINIZING SERIES

***സമത്വം കൈവരിക്കുന്നതിനുവേണ്ടി ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ***

- **1955** - തൊട്ടുകൂടായ്മ നിരോധന നിയമം
- **1955** - പൗരാവകാശ സംരക്ഷണ നിയമം
- **1961** - സ്ത്രീധന നിരോധന നിയമം
- **1976** - തുല്യവേതന നിയമം
- **2005** - ഗാർഹിക പീഡന നിരോധന നിയമം

## സ്ഥാനപ്പേരുകൾ നിർത്തലാക്കൽ

- ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്ന ഇന്ത്യാക്കാരായ ഉദ്യോഗസ്ഥർക്ക് സ്ഥാനപ്പേരുകളും പദവികളും നൽകിയിരുന്നു.
- സാമ്രാജ്യത്വതാൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരം പദവികൾ ദുരുപയോഗം ചെയ്യുന്നതിനെ ഇന്ത്യൻ ദേശീയ പ്രസ്ഥാനം എതിർത്തിരുന്നു.
- ഇത്തരം സ്ഥാനപ്പേരുകൾ അസമത്വത്തിന് കാരണമാകുന്നതിനാൽ ഇന്ത്യൻ ഭരണഘടന സ്ഥാനപ്പേരുകൾ നിർത്തലാക്കി.

***വിവേചനങ്ങൾ പലവിധം***

- ജാതി അടിസ്ഥാനമാക്കിയുള്ള വിവേചനം
- സ്ത്രീ-പുരുഷ അസമത്വം
- ജനന സ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം

## സ്വാതന്ത്ര്യത്തിനുള്ള അവകാശം

- സംസാരത്തിനും ആശയ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം.
- ആയുധങ്ങൾ കൂടാതെ സമാധാനപരമായി സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം
- സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം.
- ഇന്ത്യയിലെവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം
- ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഏത് ഭാഗത്തും താമസിക്കുവാനും സ്ഥിര താമസമാക്കുവാനുമുള്ള സ്വാതന്ത്ര്യം

- ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടാനും ഏതെങ്കിലും തൊഴിലോ വ്യാപാരമോ ബിസിനസ്സോ നടത്താനുമുള്ള സ്വാതന്ത്ര്യം.
- ഏതു തൊഴിലിലും വ്യാപാര-വാണിജ്യ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം
- ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം.
- അന്യായമായ അറസ്റ്റിനും തടങ്കലിനുമെതിരായി സംരക്ഷണം.
- മൗലിക സ്വാതന്ത്ര്യങ്ങൾ നിയന്ത്രണ വിധേയമാണ്.
- രാജ്യത്തിന്റെ ഐക്യത്തിനും സമാധാനാന്തരീക്ഷത്തിനും ഭീക്ഷണിയുണ്ടാവുന്ന തരത്തിൽ ഈ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയില്ല.

## വിദ്യാഭ്യാസ അവകാശ നിയമം

- ഭരണഘടനാപരമായി പൗരന്മാരുടെ വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുന്നതിനുള്ള നിയമം

  **- വിദ്യാഭ്യാസ അവകാശ നിയമം**
- വിദ്യാഭ്യാസ അവകാശ നിയമം രാഷ്ട്രപതി ഒപ്പു വെച്ചത്

  **- 2009 ആഗസ്റ്റ് 26**
- ഈ നിയമപ്രകാരം 6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പ് നൽകുന്നു.
- പ്രായത്തിനനുസരിച്ച് ക്ലാസിൽ ചേരാൻ അവസരം.
- കുട്ടി ആവശ്യപ്പെടുന്ന സമയം അവനിഷ്ടമുള്ള വിദ്യാലയത്തിലേക്ക് വിടുതൽ സർട്ടിഫിക്കറ്റ് ലഭിക്കാനവസരം നൽകുന്നു.

## ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം

- ഭരണഘടന അനുസരിച്ച് നിയമാനുസൃത നടപടിയിലൂടെയല്ലാതെ ഒരു വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ ഹനിക്കപ്പെടരുത്.
- ഈ അവകാശം അടയന്തിരാവസ്ഥക്കാലത്തും നിഷേധിക്കാൻ പാടില്ല.
- ഭരണാധികാരികളുടെ ഏകാധിപത്യ പ്രവണതകളെ തടയാൻ ഈ അവകാശം ജനങ്ങളെ സഹായിക്കുന്നു.

## ചൂഷണത്തിനെതിരെയുള്ള അവകാശം

- നിർബന്ധിത തൊഴിൽ, മനുഷ്യക്കച്ചവടം എന്നിവ നിരോധിച്ചിരിക്കുന്നു.
- വ്യവസായശാലകളിലും മറ്റ് അപകടകരമായ മേഖലകളിലും കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു.
- സമൂഹത്തിലെ ദുർബലരെ പ്രബലരുടെ ഭീഷണികളിൽ നിന്ന് രക്ഷിക്കാനും അസമത്വമില്ലാതാക്കാ നുമുള്ള അവകാശം.
- ഇതിലൂടെ ഒരാളെ നിർബന്ധിച്ച് ജോലി ചെയ്യിക്കുന്നതിനും 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ ഏതെങ്കിലും വ്യവസായ ശാലയിലോ ഖനികളിലോ ജോലി ചെയ്യാനേർപ്പെടുത്തുന്നതും അപായസാധ്യതയുള്ള മറ്റേതെങ്കിലും ജീവനത്തിന് ഏർപ്പെടുത്തുന്നതിനും വീടുകളിലും ഹോട്ടലുകളിലും ജോലിക്കുവെക്കുന്നതും വിലക്കിയിരിക്കുന്നു.
- ബാലവേല, അടിമത്തം, സാമ്പത്തിക ചൂഷണം എന്നിവ നിരോധിക്കുന്നതിനും അന്തസ്സുള്ള ജീവിതം നയിക്കാൻ പ്രാപ്തമാക്കുന്നതിനും വേണ്ടിയുള്ള അവകാശമാണിത്.


## Juvenile Justice Act 2000
## ബാലനീതി നിയമം

- നിയമങ്ങളുമായി കലഹിക്കുന്ന കുട്ടികൾക്ക് ശരിയായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കുന്നു.
- ഇവർക്ക് കോടതി നടപടിക്രമങ്ങളിലും ശിക്ഷയിലും ഇളവു നൽകുന്നു.
- കുട്ടികളോട് ക്രൂരത കാട്ടുന്നതിന് ശിക്ഷ നൽകുന്നു.
- ഭിക്ഷാടനം പോലെയുള്ള കാര്യങ്ങളിലൂടെ കുട്ടികളെ ചൂഷണം ചെയ്യുന്നതിന് ശിക്ഷ നൽകാനുള്ള വ്യവസ്ഥ
- നിരാലംബരായ കുട്ടികൾക്ക് പുനരധിവാസവും സംരക്ഷണവും പരിരക്ഷയും ഉറപ്പ് നൽകുന്നു.



*"ധാരാളം മതങ്ങളുള്ള ഇന്ത്യയിലെപ്പോലെ ഒരു രാജ്യത്തെ ഗവൺമെന്റിന് ആധുനിക കാലഘട്ടത്തിൽ മതേതരത്വത്തിൽ അധിഷ്ഠിതമായല്ലാതെ പ്രവർത്തിക്കാൻ സാധ്യമല്ല. നമ്മുടെ ഭരണഘടന മതേതര സങ്കൽപത്തിൽ അധിഷ്ഠിതമായതും മതസ്വാതന്ത്ര്യം അനുവദിക്കുന്നതുമാണ്"*

**ജവഹർലാൽ നെഹ്റു**



- **ആധുനിക ഇന്ത്യയുടെ ശില്പി എന്നറിയപ്പെടുന്നത്**
  - **ജവഹർലാൽ നെഹ്റു**

## മതസ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങൾ

- ♦ മതനിരപേക്ഷത നിലനിർത്തുന്നതിനു പര്യാപ്തമായ അവകാശമാണിത്.
- ♦ ഇന്ത്യയിൽ ഏതൊരാൾക്കും തനിക്കിഷ്ടപ്പെട്ട മതം സ്വീകരിക്കുവാനുള്ള അവകാശമുണ്ട്.
- ♦ ഏതെങ്കിലും മതവിഭാഗത്തിന് രാഷ്ട്രം പ്രത്യേക പരിഗണന നൽകുന്നില്ല.
- ♦ ഓരോ മതക്കാർക്കും അവരവരുടെ ആരാധനാലയങ്ങളിൽ പ്രാർത്ഥന നടത്താനുള്ള അവകാശമുണ്ട്.
- ♦ ഏതെങ്കിലും മതത്തിൽ നിർബന്ധിച്ച് ആളെ ചേർക്കുന്നതും ഗവൺമെന്റ് സഹായത്താൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലൂടെ മതപരമായ വിദ്യാഭ്യാസം നൽകുന്നതും നിയമപരമായി തടയപ്പെട്ടിരിക്കുന്നു.
- ♦ സ്വതന്ത്രമായി ഏതു മതത്തിലും വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.
- ♦ മതവിഭാഗങ്ങൾക്ക് മത-ജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നോക്കി നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം
- ♦ ഏതെങ്കിലും പ്രത്യേക മതത്തിന്റെ പ്രോത്സാഹനത്തിനുവേണ്ടി നികുതികൾ കൊടുക്കാൻ നിർബന്ധിക്കുന്നതിനെതിരായ അവകാശം.




➲ ***മതേതരത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്***

- ☞ ഇന്ത്യയ്ക്ക് ഒരു ഔദ്യോഗിക മതമില്ല
- ☞ ഒരു മതത്തേയും ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നില്ല.
- ☞ എന്നാൽ മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പു നൽകുന്നു.

- ഗവൺമെന്റ് നടത്തുന്നതോ ഗവൺമെന്റിന്റെ സഹായം സ്വീകരിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനം നടത്താനോ മതാചാരങ്ങൾ നിർബന്ധമാക്കാനോ പാടുള്ളതല്ല.

## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

- ഇന്ത്യയിലെ വൈവിധ്യങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും അനിവാര്യമാണ്.
- ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാണ് സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ട പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം
- ഇന്ത്യയിൽ ഏതെങ്കിലും ഭാഗത്തു താമസിച്ചു വരുന്ന പൗരന്മാർക്ക് ഭിന്നമായ ഒരു ഭാഷയോ ലിപിയോ സംസ്കാരമോ സ്വന്തമായുണ്ടെങ്കിൽ അത് സംരക്ഷിക്കുന്നതിന് ഭരണഘടന അവകാശം നൽകുന്നു.
- അതോടൊപ്പം തന്നെ രാഷ്ട്രം സംരക്ഷിക്കുന്നതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്ന് സഹായം സ്വീകരിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ മതം, വർഗ്ഗം, ജാതി, ഭാഷ എന്നിവയോ അവയിൽ ഏതെങ്കിലും ഒന്നിനേയോ മാത്രം അടിസ്ഥാനമാക്കി ഒരു പൗരനും പ്രവേശനം നിഷേധിക്കാൻ പാടുള്ളതല്ല.
- വൈവിധ്യമാർന്ന സാംസ്കാരിക തനിമകളെ നിലനിർത്താൻ ഭരണഘടന സംരക്ഷണം നൽകുന്നു.
- കേരളത്തിൽ ഇടുക്കി, പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ തമിഴ് മാതൃഭാഷയായുള്ള വിദ്യാർത്ഥികൾക്കുവേണ്ടി തമിഴ് മാധ്യമത്തിലുള്ള വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതും കാസർകോട് ജില്ലയിൽ കന്നഡ മാധ്യമമായുള്ള വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതും ഈ അവകാശം ഉറപ്പു നൽകുന്നതിന്റെ ഭാഗമായാണ്.

## ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം

- ഒരു വ്യക്തിക്ക് മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അവ പുനഃസ്ഥാപിക്കുന്നതിന് സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ നേരിട്ട് സമീപിക്കാനുള്ള അവകാശമാണ് **ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം**.
- മൗലികാവകാശങ്ങൾ പുന:സ്ഥാപിക്കാൻ വേണ്ടി കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ

  **- റിട്ട്**
- മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും ഭരണഘടന തന്നെ നിർദ്ദേശിക്കുന്നുണ്ട്. ഇത് അറിയപ്പെടുന്നത്

  **- ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം**
- മൗലികാവകാശം സംരക്ഷിച്ചുകിട്ടുന്നതിന് കോടതിയുടെ സഹായം തേടാവുന്നതാണ്.
- സ്വത്തവകാശം തുടങ്ങിയ മറ്റവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന പ്രകാരം മുൻസിഫ് കോടതിയിലോ മജിസ്ട്രേറ്റ് കോടതിയിലോ പരാതി സമർപ്പിച്ച് പരിഹാരം തേടാം.



"ഈ ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട വകുപ്പ് ഏതാണെന്ന് ചോദിച്ചാൽ എന്റെ ഉത്തരം ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം എന്നാണ്. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്"

ഡോ.ബി.ആർ.അംബേദ്കർ



- റിട്ടുകൾ പുറപ്പെടുവിക്കാൻ അധികാരമുള്ളത്
  **- സുപ്രീം കോടതിയ്ക്കും ഹൈക്കോടതികൾക്കും**

### ☐ *അഞ്ച് തരം റിട്ടുകളാണുള്ളത്*

- ☞ ഹേബിയസ് കോർപസ്
- ☞ മാൻഡമസ്
- ☞ ക്വോവാറന്റോ
- ☞ സെർഷ്യോററി
- ☞ പ്രൊഹിബിഷൻ

## നിർദേശക തത്ത്വങ്ങൾ

- നയരൂപീകരണ വേളയിലും പദ്ധതി നടത്തിപ്പിലും രാഷ്ട്രം പരിഗണിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ നിർദ്ദേശങ്ങൾ ആണ് ഇവ.
- നിർദേശക തത്ത്വങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭാഗം
  **- ഭാഗം IV (Part IV)**
- ഒരു ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിനു സഹായകമാകുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പരിപാടികളാണ് നിർദേശക തത്ത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.
- വിവിധ ഗവൺമെന്റ് ഏജൻസികൾക്കും ഭരണത്തിൽ അടിസ്ഥാനമായിരിക്കേണ്ട പ്രമാണമാണിത്.
- മൗലികാവകാശങ്ങൾക്ക് ഉള്ളതുപോലെ നിയമ സംരക്ഷണം നിർദ്ദേശകതത്വങ്ങൾക്കില്ല.

### നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നവ

- ▸▸ സാമ്പത്തിക സാമൂഹിക രാഷ്ട്രീയ നീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുത്തു കൊണ്ട് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക.
- ▸▸ തൊഴലാളികൾക്ക് കൂടുതൽ നീതിയുക്തവും മനുഷ്യത്വപരവുമായ തൊഴിൽ വ്യവസ്ഥകളും സ്ത്രീകൾക്ക് പ്രസവസംരക്ഷണവും ഉറപ്പു വരുത്തുക.
- ▸▸ സ്ത്രീ പുരുഷ ഭേദമന്യേ എല്ലാ പൗരന്മാർക്കും ജീവിക്കാൻ മതിയായ ഉപാധികൾ ഉറപ്പുവരുത്തുക.
- ▸▸ സമൂഹത്തിന്റെ ഭൗതികസമ്പത്ത് പൊതുനന്മക്ക് ഉതകും വിധം ശരിയായി വിതരണം ചെയ്യുക.
- ▸▸ രാഷ്ട്രത്തിലെ സമ്പത്ത് ഏതാനും പേരുടെ കൈകളിൽ കേന്ദ്രീകരിക്കുന്നത് തടയുക.
- ▸▸ സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവർക്കും തുല്യ ജോലിക്ക് തുല്യ വേതനം അനുവദിക്കുക.
- ▸▸ ഗ്രാമപ്പഞ്ചായത്തുകൾ സംഘടിപ്പിച്ച് ജനങ്ങളെ ഗ്രാമഭരണത്തിൽ പങ്കാളികളാക്കുക.
- ▸▸ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച്, പട്ടികജാതി, പട്ടിക വർഗക്കാരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുക.
- ▸▸ രാജ്യത്തെ വനങ്ങളും വന്യജീവികളെയും പരിരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷിക്കുക.
- ▸▸ ദേശീയ പ്രാധാന്യവും ചരിത്രപരമായ മൂല്യവുമുള്ള എല്ലാ സ്മാരകങ്ങളും സംരക്ഷിക്കുക.
- ▸▸ ലോകസമാധാനവും രാഷ്ട്രീയ സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ശ്രമിക്കുക, രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം നീതിയുക്തവും മാന്യവുമായ രീതിയിൽ പുലർത്തുക, അന്താരാഷ്ട്രതർക്കങ്ങൾ രമ്യമായി പരിഹരിക്കുക.
- ▸▸ പോഷകാഹാരലഭ്യത ഉറപ്പാക്കാനും ജീവിത നിലവാരവും ജീവിതത്തോതും ഉയർത്താനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും രാഷ്ട്രത്തിനുള്ള കർത്തവ്യം.

- നിർദ്ദേശക തത്ത്വങ്ങൾക്കനുസൃതമായ നടപടികൾ ഭരണാധികാരികൾ കൈക്കൊണ്ടില്ലെങ്കിൽ കോടതിയിൽ പരാതിപ്പെടാനാകില്ല. എന്നാൽ ഇവ നടപ്പാക്കാൻ ഭരണാധികാരികൾ പരമാവധി ശ്രമിക്കാറുണ്ട്.
- മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്ന ചില അവകാശങ്ങളും നിർദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മൗലികാവകാശങ്ങൾ പൂർണമായ അർഥത്തിൽ സാക്ഷാൽക്കരിക്കണമെങ്കിൽ നിർദേശകതത്വങ്ങൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്.
- നിർദേശകതത്ത്വങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് കോടതിയെ സമീപിക്കാൻ കഴിയില്ല.
- മഹാത്മാഗാന്ധിയുടെ ആശയങ്ങൾ പലതും നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***നിർദേശകതത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗാന്ധിജിയുടെ ആശയങ്ങളിൽ ചിലത്***

- ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കൽ
- കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കൽ
- ലഹരി വസ്തുക്കളുടെ നിരോധനം
- സൗജന്യ നിയമസഹായം

## ക്ഷേമരാഷ്ട്രം

- എല്ലാ ജനങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കി നയങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന രാഷ്ട്രം

  **- ക്ഷേമരാഷ്ട്രം**
- ക്ഷേമരാഷ്ട്രങ്ങൾ ജനങ്ങളുടെ സർവതോമുഖമായ ഉന്നമനം ലക്ഷ്യമിട്ട് ജനങ്ങൾക്ക് സംരക്ഷണവും സേവനവും ലഭ്യമാക്കുന്നു.
- പൊതു വിഭവങ്ങളുടെ വിതരണം, വിദ്യാഭ്യാസം, പൊതു ജനാരോഗ്യം എന്നിവ ഒരു ക്ഷേമരാഷ്ട്രം ഉറപ്പ് വരുത്തുന്നു.

## മൗലിക കർത്തവ്യങ്ങൾ

- മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ ഭാഗം

  **- ഭാഗം IV A**
- രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് ചില കടമകൾ നിറവേറ്റേണ്ടതുണ്ട്.
- ഈ കടമകളാണ് മൗലിക കർത്തവ്യങ്ങൾ എന്ന പേരിലറിയപ്പെടുന്നത്.
- രാജ്യത്തെ പൗരന്മാർ എന്ന നിലയിൽ ഓരോ വ്യക്തിയും രാഷ്ട്രത്തോടായി ചെയ്യേണ്ട കടമകളാണ്

  **- മൗലിക കടമകൾ**
- തങ്ങളുടെ പ്രവൃത്തിയിലും പെരുമാറ്റത്തിലും പൗരർ പിന്തുടരണമെന്ന് പ്രതീക്ഷിക്കുന്ന പെരുമാറ്റ സംഹിതയാണിത്.
- രാഷ്ട്രപുരോഗതിക്കായി പൗരർ ചെയ്യേണ്ടുന്ന കർത്തവ്യങ്ങളാണിവ.
- മൗലിക കടമകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്


  **- 42-ാം ഭരണഘടന ഭേദഗതി (1976)**
- ഭരണഘടനയിൽ പതിനൊന്നാമത്തെ കർത്തവ്യം കൂട്ടിച്ചേർത്തത്

  **- 86-ാം ഭേദഗതി**
- ഇത് 6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കാൻ രക്ഷിതാക്കളെ ചുമതലപ്പെടുത്തുന്നു.
- ഭരണഘടന അനുസരിക്കുകയും ദേശീയ ഗാനത്തെയും ദേശീയ പതാകയേയും ആദരിക്കുകയും ചെയ്യുക തുടങ്ങിയ കടമകൾ നിർവ്വഹിക്കാത്തതിന് കോടതിയ്ക്ക് പൗരന്മാരെ ശിക്ഷിക്കാം.

CHAPTER 8

# തിരഞ്ഞെടുപ്പും ജനാധിപത്യവും

SS - I PART - 2



- സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടർ
  **- ശ്യാംസരൺ നെഗി**

- നെഗി ആദ്യവോട്ട് രേഖപ്പെടുത്തിയ വർഷം
  **- 1951 ഒക്ടോബർ 25**
- ഇന്ത്യയിലെ ആദ്യ തിരഞ്ഞെടുപ്പ് നടന്ന വർഷം
  **- 1952**
- സമുദ്ര നിരപ്പിൽ നിന്ന് 2759 മീറ്റർ ഉയരത്തിൽ, എപ്പോഴും മഞ്ഞുവീണു കൊണ്ടിരുന്ന കിന്നാറിൽ ആറു മാസം മുൻപ് തിരഞ്ഞെടുപ്പ് നടത്താൻ സർക്കാർ തീരുമാനിച്ചതിന്റെ ഫലമായാണ് 1951 ൽ നെഗിക്ക് ആദ്യം വോട്ട് രേഖപ്പെടുത്തുവാൻ കഴിഞ്ഞത്.
- 2014 ലോകസഭാ തിരഞ്ഞെടുപ്പിലെ പ്രചാരണ അംബാസഡർ
  **- ശ്യാംസരൺ നെഗി**

*"സ്വതന്ത്ര്യം കിട്ടിയതിന്റെ ആവേശമായിരുന്നു അന്നെല്ലാം ഞങ്ങൾക്ക്. അതിരില്ലാത്ത ആനന്ദവും അഭിമാനവുമായിരുന്നു വോട്ട് ചെയ്തിറങ്ങിയപ്പോൾ"*

*"വോട്ട് ചെയ്യാതിരിക്കരുത്. രാജ്യത്തോട് നമുക്ക് നിർവഹിക്കാനുള്ള കർത്തവ്യമാണിത്"*

*- ശ്യാംസരൺ നെഗി*

## തിരഞ്ഞെടുപ്പ്

- ജനാധിപത്യ വ്യവസ്ഥയിൽ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള സംവിധാനം
  **- തിരഞ്ഞെടുപ്പ്**
- ജനാധിപത്യ രാജ്യങ്ങളിൽ ഒഴിച്ചു കൂടാനാകാത്ത പ്രക്രിയയാണ്
  **- തിരഞ്ഞെടുപ്പ്**
- ഇന്ത്യയിൽ അഞ്ചു വർഷക്കാലത്തേക്കാണ് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്.
- കാലാവധി പൂർത്തിയാകും മുമ്പ് സഭ പിരിച്ചു വിടാനും അടിയന്തിരഘട്ടങ്ങളിൽ സഭയുടെ കാലാവധി ദീർഘിപ്പിക്കാനും കഴിയും

### ***ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം***

- തിരഞ്ഞെടുപ്പുകൾ ജനാഭിലാഷം പ്രതിഫലിപ്പിക്കുന്നു.
- ജനങ്ങൾക്കിഷ്ടപ്പെട്ട ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ സാധിക്കുന്നു.
- ജനങ്ങൾക്ക് ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കുന്നതിനും പ്രതികരിക്കുന്നതിനും സാധിക്കുന്നു.
- ഭരണാധികാരികൾ ജനാഭിലാഷമറിഞ്ഞ് പ്രവർത്തിക്കുന്നതിന് തിരഞ്ഞെടുപ്പ് കാരണമാകുന്നു.

- ജനങ്ങൾ നേരിട്ട് അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന രീതിയാണ് പ്രത്യക്ഷ തിരഞ്ഞെടുപ്പു രീതി.
- തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വോട്ട് രേഖപ്പെടുത്തി പ്രതിനിധികളെ കണ്ടെത്തുന്ന രീതിയാണ് പരോക്ഷ തിരഞ്ഞെടുപ്പുരീതി.

## ഇന്ത്യയിലെ തിരഞ്ഞെടുപ്പ് രീതികൾ

**തിരഞ്ഞെടുപ്പുരീതികൾ**
- പ്രത്യക്ഷ തിരഞ്ഞെടുപ്പ്
  - ലോകസഭ
  - സംസ്ഥാന നിയമസഭ
  - പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ
- പരോക്ഷ തിരഞ്ഞെടുപ്പ്
  - രാഷ്ട്രപതി
  - ഉപരാഷ്ട്രപതി
  - രാജ്യസഭ

### കേവല ഭൂരിപക്ഷ വ്യവസ്ഥ

- ഇന്ത്യയിൽ പ്രത്യക്ഷ തിരഞ്ഞെടുപ്പുരീതി പിന്തുടരുന്ന ലോകസഭ, സംസ്ഥാന നിയമസഭകൾ, പഞ്ചായത്ത് നഗരഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ സ്വീകരിച്ചിരിക്കുന്ന സമ്പ്രദായം

  **- കേവല ഭൂരിപക്ഷ സമ്പ്രദായം**
- ലളിതവും എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുന്നതുമായ തിരഞ്ഞെടുപ്പ് രീതിയാണ് കേവല ഭൂരിപക്ഷ വ്യവസ്ഥ.
- കേവല ഭൂരിപക്ഷ വ്യവസ്ഥ പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്ന രീതി
  - ☞ രാജ്യത്തെ വിവിധ നിയോജകമണ്ഡലങ്ങളായി തിരിക്കുന്നു.
  - ☞ ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.
  - ☞ എത്ര സ്ഥാനാർത്ഥികൾക്കു വേണമെങ്കിലും മത്സരിക്കാം.
  - ☞ മറ്റു സ്ഥാനാർത്ഥികളെ അപേക്ഷിച്ച് കൂടുതൽ വോട്ട് ലഭിക്കുന്നയാൾ തിരഞ്ഞെടുക്കപ്പെടുന്നു.

### ആനുപാതിക പ്രാതിനിധ്യവ്യവസ്ഥ

- ഇന്ത്യയിൽ പരോക്ഷ തിരഞ്ഞെടുപ്പുരീതി പിന്തുടരുന്ന രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭാ തിരഞ്ഞെടുപ്പുകളിൽ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയാണ് സ്വീകരിച്ചിരിക്കുന്നത്.
- സംസ്ഥാനങ്ങളിൽ നിന്നു രാജ്യസഭയിലേയ്ക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് അതാത് സംസ്ഥാന നിയമസഭകളിലെ എം. എൽ.എ മാരാണ്.
- സംസ്ഥാന നിയമനിർമ്മാണ സഭയിൽ ഓരോ രാഷ്ട്രീയ പാർട്ടിക്കുമുള്ള അംഗബലത്തിന് ആനുപാതികമായി അവർക്ക് രാജ്യസഭാ പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ സാധിക്കും.

### നിയോജക മണ്ഡലങ്ങൾ

- ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് ഓരോ സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും ചെറിയ ഭൂപ്രദേശ മേഖലയായി തിരിച്ചിരിക്കുന്നതാണ് നിയോജകമണ്ഡലങ്ങൾ.
- എല്ലാ നിയോജകമണ്ഡലത്തിലും ഏകദേശം തുല്യ ജനസംഖ്യയാണ് ഉണ്ടാകുക.
- ലോകസഭാതിരഞ്ഞെടുപ്പിനായി നമ്മുടെ രാജ്യത്തെ ജനസംഖ്യാനുപാതത്തിൽ 543 നിയോജകമണ്ഡലങ്ങളാക്കി തിരിച്ചിരിക്കുന്നു.

- ഒരു നിയോജക മണ്ഡലത്തിൽ നിന്ന് ഒരു പ്രതിനിധിയെയാണ് തിരഞ്ഞെടുക്കുന്നത്.
- നിയോജക മണ്ഡലങ്ങളെ പോലെ ഓരോ സംസ്ഥാനത്തും ജനസംഖ്യാനുപാതത്തിൽ നിയമസഭാ മണ്ഡലങ്ങളുണ്ട്.

❖ കേരളത്തിലെ ലോകസഭാ മണ്ഡലങ്ങളുടെ എണ്ണം
  **- 20**

❖ കേരളത്തിലെ നിയമസഭാമണ്ഡലങ്ങളുടെ എണ്ണം
  **- 140**

## സംവരണ മണ്ഡലങ്ങൾ

- സമൂഹത്തിലെ ദുർബലരുടെയും അടിച്ചമർത്തപ്പെട്ട വിഭാഗക്കാരുടെയും പ്രാതിനിധ്യം ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഉറപ്പുവരുത്തുന്നതിനു വേണ്ടി ഭരണഘടനാനിർമാതാക്കൾ നടപ്പിലാക്കിയതാണ് സംവരണമണ്ഡലങ്ങൾ.
- ഇന്ത്യയിൽ പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ജനസംഖ്യാനുപാതികമായി സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു.
- സംവരണം ചെയ്ത മണ്ഡലങ്ങളിൽ ആ സമുദായത്തിൽപ്പെട്ടവർക്ക് മാത്രമേ മത്സരിക്കാൻ സാധിക്കുകയുള്ളൂ.
- സംവരണ മണ്ഡലങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും വോട്ട് ചെയ്യാൻ അവകാശമുണ്ടായിരിക്കും.
- ലോകസഭയിൽ പട്ടികജാതിക്കാർക്കു സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ എണ്ണം
  **- 84**
- ലോകസഭയിൽ പട്ടിക വർഗക്കാർക്കു സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ എണ്ണം
  **- 47**

## SCRUTINIZING SERIES

- കേരള നിയമസഭയിലെ പട്ടികവർഗ സംവരണ മണ്ഡലങ്ങൾ
  **- 2 (സുൽത്താൻ ബത്തേരി, മാനന്തവാടി)**
- കേരള നിയമ സഭയിലെ പട്ടികജാതി സംവരണ മണ്ഡലങ്ങൾ
  **- 14**
- കേരളത്തിൽ എസ്.സി.സംവരണമുള്ള ലോക്സഭ സീറ്റുകളുടെ എണ്ണം
  **- 2 (ആലത്തൂർ, മാവേലിക്കര)**
- കേരളത്തിൽ പട്ടികവർഗ സംവരണമുള്ള ലോക്സഭാ സീറ്റുകൾ ഇല്ല.

***സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് എന്ന ലക്ഷ്യം മുൻനിർത്തി ഇന്ത്യൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ***

- ☞ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം
- ☞ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം
- ☞ സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

## സാർവത്രിക പ്രായ പൂർത്തി വോട്ടവകാശം

- പതിനെട്ടു വയസ്സ് പൂർത്തിയായ ഏതൊരിന്ത്യൻ പൗരനും ജാതി, മത, വർഗ, വർണ, ഭാഷ, പ്രദേശ വ്യത്യാസങ്ങളില്ലാതെ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാനുള്ള അവകാശമാണ്
  **- പ്രായപൂർത്തി വോട്ടവകാശം**

- ജനാധിപത്യ ഭരണ ക്രമത്തിൽ പൗരനു ലഭിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശമാണ്
  - **പ്രായപൂർത്തി വോട്ടവകാശം**
- വോട്ടവകാശത്തിലൂടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നവർ
  - **സമ്മതിദായകർ** (Electors)
- 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതു മുതൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു.
- സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെ പരാമർശിക്കുന്ന ഭരണഘടനാ അനുഛേദം
  - **326**

### ഇന്ത്യയിലെ വോട്ടിംഗ് പ്രായം

- 1989 വരെ വോട്ടവകാശത്തിനുള്ള പ്രായം - **21 വയസ്സ്**
- വോട്ടിങ് പ്രായം 21 വയസ്സിൽ നിന്നും 18 ആയി കുറച്ച ഭരണഘടനാ ഭേദഗതി
  - **1989 ലെ 61-ാം ഭരണഘടനാ ഭേദഗതി**
- ഇന്ത്യയിൽ നിലവിൽ വോട്ടവകാശത്തിനുള്ള കുറഞ്ഞ പ്രായം - **18**

- സമ്മതിദായക രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ മാനദണ്ഡങ്ങൾ
  - ☞ നിർദ്ദിഷ്ട ഫോറം 6 ൽ അപേക്ഷ നൽകണം.
  - ☞ ജനുവരി 1 ന് 18 വയസ് പൂർത്തിയാകണം
  - ☞ സമ്മതിദാന പ്രദേശത്ത് 6 മാസകാലയളവിൽ താമസക്കാരനാവണം.

☐ 1905 ലെ തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭാ തിരഞ്ഞെടുപ്പിൽ വോട്ടവകാശത്തിനു അർഹരായവർ
- ☞ വാർഷിക ഭൂനികുതി 50 രൂപയിൽ കുറയാതെ അടയ്ക്കുന്നവർ
- ☞ വാർഷിക വരുമാനം 2000 രൂപയിൽ കുറയാത്തവർ

### മാറുന്ന വോട്ടിംങ് രീതികൾ

- ഓരോ സ്ഥാനാർഥിയുടെയും പേരും തിരഞ്ഞെടുപ്പ് ചിഹ്നവും പ്രദർശിപ്പിച്ച ബാലറ്റ് പെട്ടികൾ പോളിങ് ബൂത്തിൽ സജ്ജീകരിക്കുകയും സമ്മതിദായകർ തങ്ങൾക്ക് ലഭിക്കുന്ന എഴുതാത്ത ബാലറ്റ് പേപ്പർ ഇഷ്ടമുള്ള സ്ഥാനാർഥിയുടെ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കുന്ന രീതിയായിരുന്നു ആദ്യത്തെ രണ്ട് പൊതു തിരഞ്ഞെടുപ്പുകളിൽ പിന്തുടർന്നത്.
- സമ്മതിദായകർ ഇഷ്ടപ്പെടുന്ന സ്ഥാനാർഥിക്ക് ബാലറ്റ് പേപ്പറിൽ വോട്ട് ചെയ്ത്, പോളിങ് ബൂത്തിൽ സ്ഥാപിച്ച ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കുന്ന രീതിയാണ് രണ്ടാം പൊതു തിരഞ്ഞെടുപ്പിന് ശേഷം സ്വീകരിച്ചത്.
- തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ട്രോണിക്ക് വോട്ടിങ് യന്ത്രം അവതരിപ്പിച്ചത്
  - **1990 കളുടെ അവസാനത്തിൽ**
- ഇന്ത്യയിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടന്നത്
  - **കേരളത്തിൽ**

### തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം

- ജനപ്രാതിനിധ്യ നിയമമനുസരിച്ച് വോട്ടർപട്ടികയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ഇന്ത്യൻ പൗരനും മറ്റ് അയോഗ്യതകൾ കൽപ്പിച്ചിട്ടില്ലെങ്കിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാം.
- മത്സരിക്കുന്നതിന് കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്.

# Quick Look

### വിവിധ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനുള്ള പ്രായപരിധി

| | |
|---|---|
| ➢ രാഷ്ട്രപതി | 35 |
| ➢ ഉപരാഷ്ട്രപതി | 35 |
| ➢ രാജ്യസഭ | 30 |
| ➢ ലോകസഭ | 25 |
| ➢ സംസ്ഥാനനിയമസഭ | 25 |
| ➢ നഗരസഭകൾ | 21 |
| ➢ പഞ്ചായത്ത് | 21 |

## തിരഞ്ഞെടുപ്പ് കമ്മീഷൻ

- ഇന്ത്യൻ ഭരണഘടന ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.
- നിലവിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഉൾപ്പെടെ തിരഞ്ഞെടുപ്പു കമ്മീഷനിലെ അംഗങ്ങൾ
  **- 3**
- മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറെയും മറ്റു രണ്ടു കമ്മീഷണർമാരെയും നിയമിക്കുന്നത്
  **- രാഷ്ട്രപതി**
- ഇന്ത്യയിലെ ആദ്യത്തെ മുഖ്യ തിരഞ്ഞെടുപ്പു കമ്മീഷണർ
  **- സുകുമാർസെൻ**
- തിരഞ്ഞെടുപ്പു കമ്മീഷനെ സഹായിക്കാൻ എല്ലാ സംസ്ഥാനങ്ങളിലും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുണ്ട്.
- രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, ലോകസഭ, സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനാണ്
- തിരഞ്ഞെടുപ്പ് നടത്താൻ വിപുലമായ ഉദ്യോഗസ്ഥ വൃന്ദം തിരഞ്ഞെടുപ്പു കമ്മീഷനില്ല.
- ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ജോലികൾക്ക് നിയമിക്കുന്നു.
- തിരഞ്ഞെടുപ്പു പ്രഖ്യാപനം നടത്തുന്നതും നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതും തിരഞ്ഞെടുപ്പ് കമ്മീഷനാണ്.

## തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

- ✦ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കൽ
- ✦ വോട്ടർ പട്ടിക തയ്യാറാക്കൽ
- ✦ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങളുടെ തീയതി പ്രഖ്യാപിക്കൽ
- ✦ തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ അനുവദിക്കൽ
- ✦ പെരുമാറ്റച്ചട്ടം രൂപീകരിക്കൽ
- ✦ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയമനവും പരിശീലനവും
- ✦ വോട്ടിങ്, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം
- ✦ തിരഞ്ഞെടുപ്പ് കണക്കുകൾ പരിശോധിക്കൽ

## ഇന്ത്യയിലെ തിരഞ്ഞെടുപ്പു പ്രക്രിയയിലെ അനഭിലഷണീയ പ്രവണതകൾ

### *പണത്തിന്റെ സ്വാധീനം*

- ☞ തിരഞ്ഞെടുപ്പിൽ വോട്ടർമാരെ പണം കൊടുത്ത് സ്വാധീനിക്കുന്നു.
- ☞ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനത്തിന് രാഷ്ട്രീയ പാർട്ടികൾ അമിതമായി പണം ചെലവഴിക്കുന്നു.

### തിരഞ്ഞെടുപ്പിനോടനുബന്ധിച്ച അതിക്രമങ്ങൾ

- പോളിങ് ദിനത്തിൽ ഉണ്ടാകുന്ന അതിക്രമങ്ങൾ
- തിരഞ്ഞെടുപ്പിലെ കള്ളവോട്ടും ബൂത്ത് പിടിത്തവും

### ജാതിമത വിഭാഗങ്ങളുടെ സ്വാധീനം

- സ്ഥാനാർഥിനിർണയത്തിൽ ജാതിമത പരിഗണനകൾ സ്വാധീനം ചെലുത്തുന്നു.

### സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്

- സ്ഥാനാർഥി നിർണയത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല.
- പാർലമെന്റിലും നിയമസഭകളിലും സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

♦ പഞ്ചായത്ത് - നഗരഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് നേതൃത്വം വഹിക്കുന്നത്

**- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

♦ എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കാനിടയായ ഭരണഘടന ഭേദഗതികൾ

**- 73, 74 ഭരണഘടനാ ഭേദഗതികൾ**

## തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

♦ ഇന്ത്യയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയ പ്രധാന പരിഷ്കാരങ്ങൾ

- സമ്മതിദായകരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി.
- സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പു ചെലവിന്റെ പരിധി നിശ്ചയിച്ചു.
- രാഷ്ട്രീയപ്പാർട്ടിക്കും സ്ഥാനാർത്ഥികൾക്കുമുള്ള പെരുമാറ്റച്ചട്ടം നടപ്പിലാക്കി.
- തിരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ നടപ്പിലാക്കി.
- സമ്മതിദായകരുടെ ഫോട്ടോ പതിച്ച വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.
- നിഷേധവോട്ട് സമ്പ്രദായം നടപ്പിലാക്കി.
- ബാലറ്റിൽ സ്ഥാനാർത്ഥികളുടെ ചിത്രം ഉൾപ്പെടുത്തി.
  - സ്ഥാനാർഥികൾക്കെതിരെ അതേ പേരുള്ള അപരന്മാർ വ്യാപകമായതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇങ്ങനെ ചെയ്യാൻ തീരുമാനിച്ചത്
  - നിരക്ഷരരായ വോട്ടർമാർക്കും അവരുടെ വോട്ടവകാശം ശരിയായി വിനിയോഗിക്കാൻ ഇതു സഹായകമായി.

## നിഷേധവോട്ട്

✦ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളെയും തിരസ്കരിക്കാനുള്ള വോട്ടർമാരുടെ അവകാശം.

✦ ഇലക്ട്രോണിക് വോട്ടിങ് മെഷീനിൽ സ്ഥാനാർഥികളുടെ പേരിന് അവസാനമായി ഉൾപ്പെടുത്തിയ NOTA (None of the Above) ബട്ടൺ അമർത്തി നിഷേധ വോട്ട് രേഖപ്പെടുത്താം.

## തിരഞ്ഞെടുപ്പും രാഷ്ട്രീയ പാർട്ടികളും

♦ ഒരു പ്രത്യയശാസ്ത്ര കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുകയും രാഷ്ട്രീയാധികാരം നേടുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകൾ

**- രാഷ്ട്രീയപ്പാർട്ടികൾ**

♦ ജനാധിപത്യ പ്രക്രിയയിൽ ഏതു വ്യക്തിയ്ക്കും രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

♦ എല്ലാ രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിരിക്കണം.

- ജനാധിപത്യവ്യവസ്ഥയുടെ അവിഭാജ്യഘടകമാണ് രാഷ്ട്രീയ പാർട്ടികൾ.
- തിരഞ്ഞെടുപ്പുവേളയിൽ രാഷ്ട്രീയപ്പാർട്ടികൾ വോട്ടിനായി പരസ്പരം മത്സരിക്കുന്നു.
- ഒറ്റക്കോ മുന്നണികളായോ സ്ഥാനാർഥികളെ നിർത്തിയാണ് മത്സരിക്കുന്നത്.
- സ്വന്തം സ്ഥാനാർഥികളുടെ വിജയത്തിനു വേണ്ടി രാഷ്ട്രീയ പാർട്ടികൾ പ്രചാരണം നടത്തുന്നു.
- അധികാരത്തിലെത്തിയാൽ അവർ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ പ്രകടന പത്രികയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഇങ്ങനെ പരമാവധി ജനപിന്തുണ നേടാനും കൂടുതൽ സ്ഥാനാർഥികളെ വിജയിപ്പിക്കാനും ഓരോ പാർട്ടിയും ശ്രമിക്കുന്നു.
- രാഷ്ട്രീയപ്പാർട്ടികൾ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുകയും തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.
- അധികാരത്തിനു പുറത്തു നിൽക്കുമ്പോൾ ഇവർ നിലവിലുള്ള ഭരണസംവിധാനത്തിന്റെ വീഴ്ചകൾ ചൂണ്ടിക്കാട്ടി പ്രചാരണം നടത്തുന്നു.
- സ്ഥാനാർഥിപ്പട്ടിക തയ്യാറാക്കുന്നതും പ്രകടന പത്രിക പ്രസിദ്ധീകരിക്കുന്നതും രാഷ്ട്രീയ പാർട്ടികളാണ്.
- ഇരുപത്തിയഞ്ചു വയസ്സ് പൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും ലോക്സഭ/ നിയമസഭ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ അവകാശമുണ്ട്.
- തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ നിർബന്ധമില്ല.
- പാർട്ടി പിന്തുണയില്ലാതെ മത്സരിക്കുന്നവർ അറിയപ്പെടുന്നത്

  **- സ്വതന്ത്ര സ്ഥാനാർഥികൾ**
- ജനസംഖ്യാവർധനയ്ക്കനുസരിച്ചാണ് നിയമസഭാ മണ്ഡലങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നത്.

## രാഷ്ട്രീയ പാർട്ടികളുടെ ചുമതലകൾ

- ഗവൺമെന്റിനെയും ജനങ്ങളെയും ബന്ധിപ്പിക്കുന്നു.
- പൊതുജനാഭിപ്രായം രൂപീകരിക്കുന്നു.
- രാഷ്ട്രീയ ബോധവൽക്കരണം നടത്തുന്നു.
- തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടികൾ ഗവൺമെന്റ് രൂപീകരിക്കുന്നു.
- തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കാത്ത പാർട്ടികൾ ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നു.
- ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽ മാറ്റം വരുത്തുന്നതിനു പ്രവർത്തിക്കുന്നു.
- വിവിധ നയങ്ങളും പരിപാടികളും മുന്നോട്ട് വയ്ക്കുന്നു.

## ദേശീയ പാർട്ടികൾ

- ദേശവ്യാപകമായി പ്രവർത്തിക്കുകയും ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്വാധീനമുണ്ടാക്കുകയും ചെയ്യുന്ന പാർട്ടികൾ

  **- ദേശീയ പാർട്ടികൾ**
- ഒരു രാഷ്ട്രീയപ്പാർട്ടിയെ ദേശീയ പാർട്ടിയായി അംഗീകരിക്കണമെങ്കിൽ ആ പാർട്ടി ലോകസഭാ തെരഞ്ഞെടുപ്പിൽ പോൾ ചെയ്ത ആകെ വോട്ടിന്റെ ആറുശതമാനമെങ്കിലും നാലോ അതിലധികമോ സംസ്ഥാനങ്ങളിൽ

നിന്നായി നേടിയിരിക്കണം. കൂടാതെ ഒന്നോ അതിലധികമോ സംസ്ഥാനങ്ങളിൽ നിന്നായി നാല് ലോകസഭാ സീറ്റും ലഭിച്ചിരിക്കണം.




**ഇന്ത്യയിലെ ദേശീയപാർട്ടികൾ**

- ഭാരതീയ ജനതാപാർട്ടി
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
- ബഹുജൻ സമാജ് പാർട്ടി
- നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി
- തൃണമൂൽ കോൺഗ്രസ്
- നാഷണൽ പീപ്പിൾസ് പാർട്ടി
- ആം ആദ്മി പാർട്ടി

## സംസ്ഥാന പാർട്ടികൾ

- ഒരു സംസ്ഥാനത്തു മാത്രം സ്വാധീനമുള്ള രാഷ്ട്രീയ പാർട്ടികൾ
  - **സംസ്ഥാന പാർട്ടികൾ**
- ഒരു പാർട്ടിയെ സംസ്ഥാന പാർട്ടിയായി പരിഗണിക്കണമെങ്കിൽ ആ പാർട്ടിക്ക് സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ ആറു ശതമാനം വോട്ടും രണ്ട് സീറ്റും ലഭിച്ചിരിക്കണം.

  ***ഉദാ:*** ഡി.എം.കെ, എ.ഐ.എ.ഡി.എം.കെ, സമാജ് വാദി പാർട്ടി, തെലുങ്ക് ദേശം പാർട്ടി

## തിരഞ്ഞെടുപ്പ് പ്രകടനപത്രിക (Election Manifesto)

- ഓരോ രാഷ്ട്രീയപ്പാർട്ടിയും തിരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കാറുണ്ട്.
- പാർട്ടിയുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ വിഷയങ്ങളിലെ നിലപാടുകളും അധികാരത്തിൽ വന്നാൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളും പദ്ധതികളും ഉൾപ്പെടുത്തിയ ലഘുലേഖയാണ് തിരഞ്ഞെടുപ്പ് പ്രകടന പത്രിക.




## രജിസ്റ്റേഡ് പാർട്ടികൾ

- ദേശീയ-സംസ്ഥാന പാർട്ടികൾക്ക് നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്തതും തെരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പാർട്ടികൾ
  - **രജിസ്റ്റേഡ് പാർട്ടികൾ**

## തിരഞ്ഞെടുപ്പു ചിഹ്നം

- ഇന്ത്യയിലെ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കെല്ലാം തിരഞ്ഞെടുപ്പു കമ്മീഷൻ ചിഹ്നങ്ങൾ അനുവദിച്ചിട്ടുണ്ട്.
- പാർട്ടി ലിസ്റ്റിൽപ്പെട്ട സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിൽ ഈ ചിഹ്നങ്ങളാണ് ഉപയോഗിക്കുന്നത്.
- സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് കമ്മീഷൻ അതതു സമയങ്ങളിൽ ചിഹ്നങ്ങൾ അനുവദിക്കുന്നു.
- ഇലക്ട്രോണിക് വോട്ടിംങ് യന്ത്രത്തിൽ സ്ഥാനാർത്ഥികളുടെ പേരിനൊപ്പം ഈ ചിഹ്നങ്ങളും രേഖപ്പെടുത്തും.

## മുന്നണി രാഷ്ട്രീയവും തിരഞ്ഞെടുപ്പും

- തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ കക്ഷിയ്ക്കും ഒറ്റയ്ക്ക് ഭൂരിപക്ഷം ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യങ്ങളിൽ പരസ്പരം സഹകരിക്കാൻ കഴിയുന്ന രാഷ്ട്രീയ കക്ഷികൾ ഒരു പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു ചേർന്ന് മുന്നണി രൂപീകരിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് അറിയപ്പെടുന്നത്.

  **- മുന്നണി രാഷ്ട്രീയം (Coalition Politics)**
- മുന്നണി രാഷ്ട്രീയത്തിലൂടെ മുന്നണികൾ വിജയിച്ച് അധികാരത്തിൽ വരുമ്പോൾ രൂപീകരിക്കുന്ന സർക്കാരുകൾ

  **- മുന്നണി സർക്കാരുകൾ (Coalition Governments)**
- കേരളത്തിൽ ആദ്യമായി മുന്നണി സർക്കാർ അധികാരത്തിൽ വന്ന വർഷം

  **- 1960**
- ചില അവസരങ്ങളിൽ തിരഞ്ഞെടുപ്പിനു ശേഷവും ഇങ്ങനെ മുന്നണികൾ രൂപീകരിക്കാറുണ്ട്.





## കേവല ഭൂരിപക്ഷം

**നി**യമസഭയിൽ ആകെ അംഗങ്ങളുടെ പകുതിയും ഒന്നും ചേർന്നു വരുന്ന സംഖ്യയാണ് കേവല ഭൂരിപക്ഷം.

## തിരഞ്ഞെടുപ്പ് പ്രവചന ശാസ്ത്രം *(Psephology)*

- തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനു മുമ്പ് രാഷ്ട്രീയപ്പാർട്ടികളുടെയും മുന്നണികളുടെയും വിജയസാധ്യത പരിശോധിച്ച് പ്രവചിക്കുന്ന പഠനശാഖ.
- അഭിപ്രായ സർവേകൾ, മാധ്യമ വിശകലനങ്ങൾ, അഭിമുഖങ്ങൾ, എക്സിറ്റ് പോൾ, മുൻതിരഞ്ഞെടുപ്പ് ഫലങ്ങൾ എന്നിവ മുൻനിർത്തിയാണ് തെരഞ്ഞെടുപ്പ് പ്രവചനങ്ങൾ നടത്തുന്നത്.



# INDUBITABLE SERIES

1. ദേശീയ മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനയേത്?
   (i) മനുഷ്യാവകാശ സംരക്ഷണ നിയമം പാർലമെന്റ് പാസാക്കിയത് 1993 ലാണ്.
   (ii) ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങളുടെ (ചെയർമാനുൾപ്പെടെ) എണ്ണം 5 ആണ്.
   (iii) സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പദവി വഹിച്ച വ്യക്തിക്കുമാത്രമേ കമ്മീഷന്റെ ചെയർമാനാകാൻ സാധിക്കുകയുള്ളൂ.
   (a) i, ii, iii (b) i, ii
   (c) i മാത്രം (d) ii, iii
2. തെറ്റായ ജോടി തിരഞ്ഞെടുക്കുക
   (i) സാംസ്കാരികവും വിദ്യാഭ്യാസ- (25 - 28) പരവുമായ അവകാശം.
   (ii) ചൂഷണത്തിനെതിരെയുള്ള - (19 - 22) അവകാശം.
   (iii) സ്വാതന്ത്ര്യത്തിനുള്ള - (23 - 24) അവകാശം
   (iv) മതസ്വാതന്ത്ര്യത്തിനുള്ള - (29 - 30) അവകാശം
   (a) എല്ലാം ശരിയാണ് (b) ii, iii
   (c) i, iv (d) i, ii, iii, iv
3. താഴെ പറയുന്നവയിൽ സംയുക്ത ഭരണ സംവിധാനത്തിന്റെ പ്രത്യേകതകളല്ലാത്തതേത്?
   (i) ലിഖിത ഭരണഘടന
   (ii) എല്ലാ അധികാരവും കേന്ദ്രഗവൺമെന്റിൽ നിലനിർത്തുന്നു.
   (iii) സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ
   (a) ii, iii (b) iii മാത്രം
   (c) ii മാത്രം (d) ഇവയൊന്നുമല്ല
4. പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ ഒരു നീതിന്യായ സംവിധാനം ഇന്ത്യയിലുണ്ട്. ഇന്ത്യയുടെ നീതിന്യായ സംവിധാനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
   (i) ഭരണകൂടത്തിന്റെ മറ്റ് രണ്ട് വിഭാഗങ്ങളായ നിയമനിർമ്മാണ സഭയുടെയും കാര്യനിർവ്വഹണ വിഭാഗത്തിന്റെയും സ്വാധീനത്തിൽ നിന്ന് നീതിന്യായ വിഭാഗം സ്വതന്ത്രമാണ്.
   (ii) കുറ്റവാളികളെ ശിക്ഷിക്കുകയും നിയമസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് നീതിന്യായ വ്യവസ്ഥയുടെ പ്രധാന ചുമതല.
   (iii) ഇന്ത്യയിൽ ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട താഴ്ന്ന കോടതി മജിസ്ട്രേറ്റ് കോടതിയാണ്.
   (a) ii, ii (b) i, ii, iii
   (c) ii മാത്രം (d) ii, iii
5. ഭരണഘടനയിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്തുന്നതറിയപ്പെടുന്നതാണ് ഭരണഘടനാ ഭേദഗതി. ഇതുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?
   (i) കാലഘട്ടത്തിനനുസരിച്ച് ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താൻ സുപ്രീം കോടതിക്ക് അധികാരമുണ്ട്.
   (ii) ആവശ്യമെങ്കിൽ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.
   (iii) സ്വത്തവകാശത്തെ മൗലികാവകാശങ്ങളിൽ നിന്നും നീക്കം ചെയ്ത ഭേദഗതിയാണ് 44-ാം ഭേദഗതി.

(iv) വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ചത് 2002 ലാണ്.

(a) ii മാത്രം (b) i, ii, iv
(c) iii മാത്രം (d) i, ii

6. ഇന്ത്യയുടെ നിയമനിർമ്മാണ വിഭാഗവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

(i) പാർലമെന്റ് ആണ് ഇന്ത്യയുടെ കേന്ദ്ര നിയമ നിർമ്മാണസഭ

(ii) ബ്രിട്ടീഷ് മാതൃകയിലുള്ള പാർലമെന്ററി ജനാധിപത്യ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതിനാലാണ് ഇന്ത്യയിൽ രാഷ്ട്രപതി പാർലമെന്റിന്റെ ഭാഗമായിരിക്കുന്നത്.

(iii) സംയുക്ത ഭരണവ്യവസ്ഥ സ്വീകരിച്ചിരിക്കുന്നതിനാലാണ് പാർലമെന്റിനെ ദ്വിമണ്ഡലസഭയായി രൂപപ്പെടുത്തിയിരിക്കുന്നത്.

(iv) സഭാംഗങ്ങൾ ചേർന്ന് നിയമനിർമ്മാണം നടത്തുക എന്നതാണ് ലോക്സഭയുടെയും രാജ്യസഭയുടെയും മുഖ്യകർത്തവ്യം

(a) എല്ലാം ശരിയാണ്(b) i, iii, iv
(c) i, ii, iv (d) ii, iv

7. താഴെ പറയുന്നവയിൽ രാജ്യസഭയുമായി ബന്ധമില്ലാത്ത പ്രസ്താവനകൾ ഏവ?

(i) ഒരു സ്ഥിരം സഭയാണ്

(ii) അധ്യക്ഷപദം അലങ്കരിക്കുന്നത് ഉപരാഷ്ട്രപതിയാണ്.

(iii) അധോസഭ എന്നറിയപ്പെടുന്നു.

(iv) അംഗങ്ങളുടെ കാലാവധി 5 വർഷമാണ്.

(a) iii മാത്രം (b) i, iii, iv
(c) iv മാത്രം (d) iii, iv

8. **പ്രസ്താവന A :** ലോക്സഭയിലേക്ക് ഒരു പ്രതിനിധിയെ മാത്രം അയക്കാൻ കഴിയുന്ന സംസ്ഥാനങ്ങളുടെ എണ്ണം 3 ആണ്.

**പ്രസ്താവന B :** ലോക്സഭയിലേക്ക് ഒരു പ്രതിനിധിയെ മാത്രം അയയ്ക്കാൻ കഴിയുന്ന സംസ്ഥാനങ്ങളാണ് മേഘാലയ, സിക്കിം, നാഗാലാന്റ് എന്നിവ.

(a) A, B എന്നിവ ശരിയാണ്.
(b) A ശരിയാണ് B തെറ്റാണ്
(c) A തെറ്റാണ് B ശരിയാണ്
(d) A, B എന്നിവ തെറ്റാണ്

9. പാർലമെന്റിന്റെ ധനപരമായ അധികാരങ്ങളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?

(i) ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നത് പ്രകാരം ഒരു ധനബിൽ പാർലമെന്റിന്റെ ഏതു സഭയിൽ വേണമെങ്കിലും ആദ്യം അവതരിപ്പിക്കാവുന്നതാണ്.

(ii) ധനബില്ലിനുമേൽ ലോക്സഭയ്ക്ക് രാജ്യസഭയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം.

(iii) പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ ഗവൺമെന്റ് പൊതുപണം ചിലവാക്കാനും ധനശേഖരണം നടത്താനും പാടുള്ളൂ.

(a) i, ii, iiii (b) ii മാത്രം
(c) iii മാത്രം (d) ii, iii

10. താഴെപറയുന്നവയിൽ പാർലമെന്റിന്റെ സ്ഥിരം കാര്യനിർവഹണ വിഭാഗവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

(i) ഇവരാണ് രാജ്യത്തിനു വേണ്ട ഭരണനയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നത്.

(ii) രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും മന്ത്രിസഭയും ഉൾപ്പെട്ടതാണ് ഈ വിഭാഗം

(iii) ദൈനംദിന ഭരണത്തിൽ രാഷ്ട്രീയ കാര്യനിർവഹണ വിഭാഗത്തെ സഹായിക്കുന്നു.

(iv) ഈ വിഭാഗത്തെ സിവിൽ സർവ്വീസ് എന്നും വിളിക്കുന്നു.

(a) ii മാത്രം (b) ii, iii
(c) i, ii (d) iii, iv

11. താഴെപറയുന്നവയിൽ രാഷ്ട്രപതിയുടെ ചുമതലകളിൽ ഉൾപ്പെടാത്തത് ഏതൊക്കെയാണ്?

(i) സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ചീഫ് ജസ്റ്റിസിനെയും മറ്റു ജഡ്ജിമാരെയും നിയമിക്കൽ

(ii) ക്യാബിനറ്റ് മീറ്റിംഗുകളിൽ ആദ്ധ്യക്ഷം വഹിക്കുന്നു.

(iii) പാർലമെന്റ് പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകൽ

(iv) വിവിധ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും രാജ്യത്തിന്റെ പൊതു ഭരണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

(a) iii മാത്രം (b) ii, iii

(c) ii, iv (d) i, ii, iv

12. താഴെപറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്/ ഏതെല്ലാം?

(i) പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭാംഗങ്ങൾക്കെല്ലാം ഭരണത്തിൽ കൂട്ടുത്തരവാദിത്വമാണ് ഉള്ളത്.

(ii) ക്യാബിനറ്റ് മന്ത്രിമാർ സമ്മേളിച്ചാണ് ഭരണപരമായ എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുന്നത്. ഈ തീരുമാനത്തെ എല്ലാ മന്ത്രിമാരും അംഗീകരിക്കുന്നു.

(iii) നയപരമായ കാര്യങ്ങളിൽ മന്ത്രിസഭയ്ക്ക് അഭിപ്രായ ഐക്യം ഉണ്ടായിരിക്കണം.

(a) ii മാത്രം (b) ii, iii

(c) i, ii (d) i, ii, iii

13. നീതിന്യായ വിഭാഗവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത് / ഏതെല്ലാം?

(i) നിയമനിർമ്മാണ വിഭാഗം പാസാക്കുന്ന നിയമങ്ങൾ വ്യാഖ്യാനിക്കുന്നു.

(ii) ദയാഹർജിയിൽ തീർപ്പുകൽപ്പിക്കുന്നു.

(iii) നിയമവാഴ്ച പരിരക്ഷിക്കുന്നു.

(iv) സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും തമ്മിലും സംസ്ഥാനങ്ങൾ തമ്മിലുമുള്ള തർക്കങ്ങൾ പരിഹരിക്കുന്നു.

(a) i മാത്രം (b) i, ii

(c) iii, iv (d) ii മാത്രം

14. പ്രധാനമന്ത്രിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?

(i) ലോക്സഭയിൽ ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷിയുടെയോ മുന്നണിയുടെയോ നേതാവിനെയായിരിക്കും പ്രധാനമന്ത്രിയായി നിയമിക്കുക.

(ii) ലോകസഭയുടെ നേതാവായി പ്രവർത്തിക്കുന്നു.

(iii) സഭാസമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നു.

(iv) പാർലമെന്റ് പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകുന്നു.

(a) എല്ലാം ശരിയാണ് (b) i, iii, iv

(c) i, ii (d) ii മാത്രം

15. താഴെപറയുന്നവയിൽ സുപ്രീം കോടതി പരിഗണിക്കുന്ന കേസുകൾ ഏതെല്ലാം?

(i) മൗലികാവകാശങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട കേസുകൾ

(ii) സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ

(iii) ഭരണഘടനാവകുപ്പുകളുടെ വ്യാഖ്യാനം ആവശ്യമായ കേസുകൾ

(iv) സിവിലും ക്രിമിനലുമായ കേസുകളിൽ കീഴ്ക്കോടതികളിൽ നിന്നുമുള്ള അപ്പീൽ പരിഗണിക്കൽ

(v) സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾ വ്യഖ്യാനിക്കൽ

(a) i, ii, iii (b) ii, iii, iv

(c) i, ii, v (d) i, ii, iii, iv

16. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അധികം പണച്ചെലവില്ലാതെ നീതി ലഭ്യമാക്കുന്നതിനു വേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനപ്പെട്ടതാണ് ലോക്അദാലത്ത്. ലോക്അദാലത്തുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ?

(i) ജനങ്ങളുടെ കോടതി എന്നറിയപ്പെടുന്നു.

(ii) ലോക്അദാലത്തിന്റെ പരിഗണനയിൽ വരുന്ന കേസുകൾ ഒരു മാസത്തിനകം തന്നെ തീർപ്പാക്കേണ്ടതാണ്.

(iii) കൂടിയാലോചനകളിലൂടെയും ഒത്തുതീർപ്പുകളിലൂടെയും കേസ് തീർപ്പാക്കുവാൻ അദാലത്ത് കക്ഷികളെ പ്രേരിപ്പിക്കുന്നു,

(iv) ലോക് അദാലത്ത് സന്നദ്ധസ്വഭാവമുള്ള ഒരു നീതിന്യായ സംവിധാനമാണ്.

(a) i, ii, iii, iv (b) iii, iv

(c) i, iii, iv (d) ii, iii, iv

17. ശരിയായത് ഏതാണ്?
   (a) നിലവിൽ യൂണിയൻ ലിസ്റ്റിൽ 97 ഉം സ്റ്റേറ്റ് ലിസ്റ്റിൽ 66 ഉം കൺകറന്റ് ലിസ്റ്റിൽ 52 ഉം വിഷയങ്ങളുണ്ട്.
   (b) നിലവിൽ യൂണിയൻ ലിസ്റ്റിൽ 98 ഉം സ്റ്റേറ്റ് ലിസ്റ്റിൽ 59 ഉം കൺകറന്റ് ലിസ്റ്റിൽ 52 ഉം വിഷയങ്ങളുണ്ട്.
   (c) നിലവിൽ യൂണിയൻ ലിസ്റ്റിൽ 97 ഉം സ്റ്റേറ്റ് ലിസ്റ്റിൽ 52 ഉം കൺകറന്റ് ലിസ്റ്റിൽ 47 ഉം വിഷയങ്ങളുണ്ട്.
   (d) നിലവിൽ യൂണിയൻ ലിസ്റ്റിൽ 66 ഉം സ്റ്റേറ്റ് ലിസ്റ്റിൽ 59 ഉം കൺകറന്റ് ലിസ്റ്റിൽ 47 ഉം വിഷയങ്ങളുണ്ട്.

18. തെറ്റായവ തിരഞ്ഞെടുക്കുക

| യൂണിയൻ ലിസ്റ്റ് | സ്റ്റേറ്റ് ലിസ്റ്റ് | കൺകറന്റ് ലിസ്റ്റ് |
|---|---|---|
| i. രാജ്യരക്ഷ<br>ii. പൊതുജനാരോഗ്യം | iii. ട്രേഡ് യൂണിയൻ<br>iv. ക്രമസമാധാനം<br>v. കൃഷി | vi. വിദ്യുച്ഛക്തി<br>vii. വിദ്യാഭ്യാസം<br>viii. വാർത്താവിനിമയം |

   (a) iii, iv, vi  (b) iii, iv, v, viii
   (c) ii, iii, viii  (d) ii, iv, vi

19. 42-ാം ഭരണഘടനാഭേദഗതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?
   (i) ആമുഖം ഭേദഗതി ചെയ്തു.
   (ii) 1976 ൽ നിലവിൽ വന്നു.
   (iii) സോഷ്യലിസ്റ്റ്, സെക്കുലർ, ഡെമോക്രാറ്റിക് എന്നീ വാക്കുകൾ കൂട്ടിച്ചേർത്തു.
   (iv) രാഷ്ട്രത്തിന്റെ ഐക്യം എന്നതിനു പകരം രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും എന്ന് ആക്കിയ ഭേദഗതി
   (a) i, ii, iii, iv  (b) i, iv
   (c) i, iii, iv  (d) i, ii, iv

20. "ഈ ഭരണഘടയിൽ ഏറ്റവും പ്രധാനപ്പെട്ട വകുപ്പ് ഏതാണെന്ന് ചോദിച്ചാൽ, എന്റെ ഉത്തരം ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം എന്നാണ്. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്." - എന്ന് അഭിപ്രായപ്പെട്ട താരാണ്?
   (a) ഡോ. ബി. ആർ. അംബേദ്കർ
   (b) ജവഹർലാൽ നെഹ്റു
   (c) എച്ച്. ജെ. കെനിയ
   (d) ബി. എൻ. റാവു

21. താഴെ പറയുന്ന പ്രസ്താവനകൾ വിലയിരുത്തുക
   (i) നിർദ്ദേശകതത്വങ്ങൾക്ക് ഉള്ളതുപോലെ നിയമസംരക്ഷണം മൗലികാവകാശങ്ങൾക്കില്ല.
   (ii) ഒരു ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ പരിപാടികളാണ് നിർദ്ദേശകതത്ത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്
   (iii) മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്ന ചില അവകാശങ്ങളും നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
   (iv) രാഷ്ട്രപുരോഗതിക്കായി പൗരർ ചെയ്യേണ്ടുന്ന കർത്തവ്യങ്ങളാണ് നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
   (a) i, ii ശരി iii, iv തെറ്റ്
   (b) i, ii, iii ശരി iv തെറ്റ്
   (c) i, iii, iv ശരി i തെറ്റ്
   (d) ii, iii ശരി i, iv തെറ്റ്

22. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
   (i) മൗലിക സ്വാതന്ത്ര്യങ്ങൾ നിയന്ത്രണവിധേയമാണ്.
   (ii) ഭരണാധികാരികളുടെ ഏകാധിപത്യപ്രവണതകളെ തടയാൻ ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം ജനങ്ങളെ സഹായിക്കുന്നു.

(iii) ഭരണഘടന അനുസരിച്ച് നിയമാനുസൃത നടപടിയിലൂടെയല്ലാതെ ഒരു വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ ഹനിക്കപ്പെടരുത്.

(iv) ആയുധങ്ങൾ കൂടാതെ സമാധാനപരമായി സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയിൽ സമത്വത്തിനുള്ള അവകാശങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(a) എല്ലാം ശരിയാണ്

(b) i, ii, iii ശരി iv തെറ്റ്

(c) i, ii ശരി iii, iv തെറ്റ്

(d) i, iii ശരി ii, iv തെറ്റ്

23. **പ്രസ്താവന A** : ഇന്ത്യൻ ഭരണഘടന മതേതര സങ്കൽപ്പത്തിൽ അധിഷ്ഠിതമായതും മതസ്വാതന്ത്ര്യം അനുവദിക്കുന്നതുമാണ്.

**പ്രസ്താവന B** : ചില മതങ്ങളുടെ ആശയങ്ങൾ ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(a) A, B തെറ്റാണ്

(b) A ശരി B തെറ്റ്

(c) A, B ശരിയാണ്

(d) A തെറ്റ് B ശരി

24. താഴെ പറയുന്നവയിൽ ബാലനീതി നിയമവുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏത്?

(i) സമൂഹത്തിൽ പ്രത്യേകം പരിഗണന ലഭിക്കേണ്ട കുട്ടികൾക്കു വേണ്ടിയുള്ള നിയമം.

(ii) ഈ നിയമത്തിനു കീഴിൽ വരുന്ന കുട്ടികളെ കോടതി നടപടിക്രമങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

(iii) കുട്ടികളോട് ക്രൂരത കാട്ടുന്നതിന് ശിക്ഷ നൽകുന്നു.

(iv) നിരാലംബരായ കുട്ടികൾക്ക് പുനരധിവാസവും സംരക്ഷണവും പരിരക്ഷയും ഉറപ്പ് നൽകുന്നു.

(a) ii, iii (b) i, iii, iv

(c) i, ii (d) iii മാത്രം

25. ശരിയായ ജോടി തിരഞ്ഞെടുക്കുക.

(i) കേരള നിയമസഭയിലെ പട്ടികവർഗ സംവരണ മണ്ഡലങ്ങൾ - 3

(ii) കേരളത്തിൽ പട്ടികജാതി സംവരണമുള്ള നിയമസഭ മണ്ഡലങ്ങൾ - 14

(iii) ലോക്സഭയിൽ പട്ടികവർഗക്കാർക്കു സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ - 47

(iv) കേരളത്തിൽ പട്ടികവർഗ സംവരണമുള്ള ലോക്സഭാ മണ്ഡലങ്ങൾ - 2

(a) ii, iv (b) i, iii, iv

(c) ii, iii (d) i, iii, iv

26. സമ്മതിദായക രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ മാനദണ്ഡങ്ങളിൽ ശരിയായവ ഏതെല്ലാം?

(i) മാർച്ച് 1 ന് മുൻപ് 18 വയസ് പൂർത്തിയാകണം

(ii) നിർദ്ദിഷ്ടഫോറം 8 ൽ അപേക്ഷ നൽകണം

(iii) സമ്മതിദാന പ്രദേശത്ത് 6 മാസകാലയളവിൽ താമസക്കാരനാവണം

(a) i, ii, iii (b) i മാത്രം

(c) iii മാത്രം (d) ii, iii

27. താഴെ പറയുന്ന പ്രസ്താവനകൾ വിലയിരുത്തുക.

(i) 1990 കളുടെ അവസാനത്തിലാണ് ഇന്ത്യയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ട്രോണിക് വോട്ടിങ് യന്ത്രം അവതരിപ്പിച്ചത്.

(ii) ഇന്ത്യയിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടന്നത് കേരളത്തിലാണ്.

(iii) 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നത് മുതൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു.

(iv) സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെപ്പറ്റി പരാമർശിക്കുന്ന ഭരണഘടനാ അനുഛേദം - 326

(a) i, ii, iii iv ശരിയാണ്
(b) ii, iii, iv ശരി i തെറ്റ്
(c) ii, iv ശരി i, iii തെറ്റ്
(d) ii, iii ശരി i, iv തെറ്റ്

28. തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?

(i) നിലവിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഉൾപ്പെടെ 4 അംഗങ്ങളാണ് കമ്മീഷനിൽ ഉള്ളത്.
(ii) തിരഞ്ഞെടുപ്പു നടത്താൻ വിപുലമായ ഉദ്യോഗസ്ഥവൃന്ദം തിരഞ്ഞെടുപ്പു കമ്മീഷനില്ല.
(iii) രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് തിരഞ്ഞെടുപ്പ് കമ്മീഷൻ അല്ല.
(iv) തിരഞ്ഞെടുപ്പ് കണക്കുകൾ പരിശോധിക്കുന്നത് CAG ആണ്.

(a) i, ii, iii iv (b) i മാത്രം
(c) iii മാത്രം (d) i, iii, iv

29. **പ്രസ്താവന A :** ഓരോ രാഷ്ട്രീയ പാർട്ടിയും തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറത്തിറക്കാറുണ്ട്.

**പ്രസ്താവന B :** പാർട്ടിയുടെ പ്രാദേശിക, ദേശീയ, അന്തർദേശീയ വിഷയങ്ങളിലെ നിലപാടുകളും അധികാരത്തിൽ വന്നാൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളും പദ്ധതികളും ഉൾപ്പെടുത്തിയ ലഘുലേഖയാണിത്

(a) A, B ശരിയാണ് (b) A ശരി B തെറ്റ്
(c) A തെറ്റ് B ശരി (d) A, B തെറ്റ്

30. പാർലമെന്റുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം

(i) പാർലമെന്റിന്റെ രണ്ട് സമ്മേളനങ്ങൾക്കിടയിൽ മൂന്നു മാസത്തിൽ കൂടുതൽ ഇടവേള ഉണ്ടാവരുതെന്ന് ഭരണഘടന അനുശാസിക്കുന്നു.
(ii) അടിയന്തര പ്രമേയം, ശ്രദ്ധ ക്ഷണിക്കൽ പ്രമേയം തുടങ്ങിയവ പരിഗണനക്ക് വരുന്നത് ശൂന്യവേള സമയത്താണ്.
(iii) ചോദ്യോത്തരവേള സമയത്ത് ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നത് അതാതു വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരാണ്.

(a) i, ii (b) i, iii
(c) i, ii, iii (d) ii, iii

31. ശരിയായി യോജിപ്പിക്കുക.

i. തൊട്ടുകൂടായ്മ നിരോധന നിയമം - m - 2005
ii. സ്ത്രീധന നിരോധന നിയമം - n - 1955
iii. ഗാർഹിക പീഡന നിരോധന നിയമം - o - 1976
iv. തുല്യവേതന നിയമം - p - 1961

(a) i - o, ii - m, iii - n, iv - p
(b) i - p, ii - o, iii - m, iv - n
(c) i - n, ii - p, iii - m, iv - o
(d) i - m, ii - o, iii - p, iv - n

32. വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട് ഉചിതമായ ഉത്തരം തിരഞ്ഞെടുക്കുക.

(i) 2010 ഏപ്രിൽ 10 നാണ് ഈ നിയമം രാഷ്ട്രപതി ഒപ്പു വച്ചത്.
(ii) ഈ നിയമപ്രകാരം 4 നും 14 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പ് നൽകുന്നു.
(iii) പ്രായത്തിനനുസരിച്ച് ക്ലാസിൽ ചേരാനുള്ള അവസരം ഈ നിയമത്തിന്റെ കീഴിൽ ഉൾപ്പെടുന്നു.
(iv) ഈ നിയമപ്രകാരം കുട്ടി ആവശ്യപ്പെടുന്ന സമയം അവനിഷ്ടമുള്ള വിദ്യാലയത്തിലേക്ക് വിടുതൽ സർട്ടിഫിക്കറ്റ് ലഭിക്കാനവസരം നൽകുന്നു.

(a) i, iii, iv ശരി, ii തെറ്റ്
(b) i, ii ശരി, iii, iv തെറ്റ്
(c) ii, iii തെറ്റ്, i, iv ശരി
(d) i, ii, തെറ്റ് iii, iv ശരി

33. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം IV A യുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.
(i) മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.
(ii) 42-ാം ഭേദഗതിയിലൂടെ കൂട്ടിച്ചേർത്തു.
(iii) തങ്ങളുടെ പ്രവൃത്തിയിലും പെരുമാറ്റത്തിലും പൗരർ പിന്തുടരണമെന്ന് പ്രതീക്ഷിക്കുന്ന പെരുമാറ്റ സംഹിതയാണിത്
(iv) മഹാത്മാഗാന്ധിയുടെ ആശയങ്ങളിൽ ചിലതും IV Aയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
(a) i, ii, iii, iv (b) i, ii, iv
(c) i, ii, iii (d) i, ii

34. താഴെ പറയുന്നവയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളുമായി ബന്ധപ്പെട്ട പ്രസ്താവനകൾ തെരഞ്ഞെടുക്കുക.
(i) വോട്ടർ പട്ടിക തയ്യാറാക്കൽ
(ii) വോട്ടിങ്, വോട്ടെണ്ണൽ ഫലപ്രഖ്യാപനം എന്നിവ.
(iii) പഞ്ചായത്ത് - നഗരഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് നേതൃത്വം വഹിക്കുന്നു.
(iv) സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നു.
(a) ii, iii (b) i, ii, iv
(c) iii മാത്രം (d) ii, iii, iv

35. ഗ്രാമീണമേഖലയിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമമായാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം നിലവിൽ വന്നത്. ഇതുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?
(i) 2005 ആഗസ്റ്റ് 6 ന് നിയമം നിലവിൽ വന്നു.
(ii) ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് നൂറ് ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കുന്നു.
(iii) ഈ നിയമ പ്രകാരം 21 വയസു തികഞ്ഞ ഏതൊരാളെയും പ്രായപൂർത്തി ആയവരായി കണക്കാക്കുന്നു.
(a) i മാത്രം (b) i, ii
(c) iii മാത്രം (d) i, iii

36. ശരിയായ ജോടി/ജോടികൾ തിരഞ്ഞെടുക്കുക.
(i) നിയമത്തിനുമുന്നിൽ സമത്വം ഉറപ്പാക്കൽ **- ആർട്ടിക്കിൾ 15**
(ii) പൊതുനിയമനങ്ങളിൽ അവസരസമത്വം ഉറപ്പാക്കൽ **- ആർട്ടിക്കിൾ 16**
(iii) തൊട്ടുകൂടായ്മ നിർത്തലാക്കൽ **- ആർട്ടിക്കിൾ 17**
(iv) സ്ഥാനപ്പേരുകൾ നിർത്തലാക്കൽ **- ആർട്ടിക്കിൾ 19**
(a) i, ii (b) ii, iii
(c) i, iv (d) ii, iv

37. താഴെ പറയുന്നതിൽ ജനാധിപത്യേതര ഭരണ വ്യവസ്ഥയുമായി ബന്ധമില്ലാത്ത സവിശേഷതയേത്?
(i) കോടതികൾക്ക് നിയന്ത്രണം
(ii) ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയരാണ്.
(iii) അധികാരം പരമ്പരാഗതമായി കൈമാറുകയോ പിടിച്ചെടുക്കുകയോ ചെയ്യുന്നു.
(iv) ജനാധിപത്യേതര ഭരണം നടത്തുന്ന രാജ്യത്തിനുദാഹരണമാണ് മ്യാൻമാർ.
(a) ii മാത്രം (b) i, iii, iv
(c) ii, iii, iv (d) i, iii

38. ഇന്ത്യയിലെ ദേശീയ പാർട്ടികൾക്ക് ഉദാഹരണങ്ങൾ ഏതെല്ലാം?
(i) ബഹുജൻ സമാജ് പാർട്ടി
(ii) തൃണമൂൽ കോൺഗ്രസ്
(iii) ഡി.എം.കെ
(iv) നാഷണൽ പീപ്പിൾസ് പാർട്ടി
(v) സമാജ്‌വാദി പാർട്ടി
(a) i, ii, iv (b) ii, iii, iv, v
(c) i, ii, iv, v (d) ii, iv, v

39. ഭരണഘടനയുടെ ഡ്രാഫ്റ്റിങ് കമ്മിറ്റി അംഗങ്ങളിൽ ഉൾപ്പെടാത്ത വ്യക്തി/വ്യക്തികളെ കണ്ടെത്തുക.

(i) കെ.എം.മുൻഷി
(ii) ബി.എൻ.റാവു
(iii) എച്ച്.സി.മുഖർജി
(iv) എം.എൻ.റോയ്
(v) ടി.ടി.കൃഷ്ണമാചാരി
(a) i, ii, iv
(b) ii, iii, v
(c) i, iii, iv
(d) ii, iii, iv

40. രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്ന ഇലക്ടറൽ കോളേജിലെ അംഗങ്ങളിൽ ഉൾപ്പെടാത്തവരെ കണ്ടെത്തുക.
(i) രാജ്യസഭയിലെ നോമിനേറ്റഡ് അംഗങ്ങൾ
(ii) നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
(iii) നിയമസമിതിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
(iv) നിയമസമിതിയിലെ നോമിനേറ്റഡ് അംഗങ്ങൾ
(v) ലോകസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
(a) i, ii, iv, v
(b) iv മാത്രം
(c) i, iii, iv
(d) i, iv

# ANSWERS

1. (c) i മാത്രം
2. (d) i, ii, iii, iv
3. (c) ii മാത്രം
4. (b) i, ii, iii
5. (d) i, ii
6. (a) എല്ലാം ശരിയാണ്
7. (d) iii, iv
8. (b) A ശരിയാണ് B തെറ്റാണ്
9. (b) ii മാത്രം
10. (c) i, ii
11. (c) ii, iv
12. (d) i, ii, iii
13. (d) ii മാത്രം
14. (c) i, ii
15. (a) i, ii, iii
16. (c) i, iii, iv
17. (b) നിലവിൽ യൂണിയൻ ലിസ്റ്റിൽ 98 ഉം സ്റ്റേറ്റ് ലിസ്റ്റിൽ 59 ഉം കൺകറന്റ് ലിസ്റ്റിൽ 52 ഉം വിഷയങ്ങളുമുണ്ട്.
18. (c) ii, iii, viii
19. (b) i, iv
20. (a) ഡോ. ബി. ആർ. അംബേദ്കർ
21. (d) ii, iii ശരി i, iv തെറ്റ്
22. (b) i, ii, iii ശരി iv തെറ്റ്
23. (b) A ശരി B തെറ്റ്
24. (c) i, ii
25. (c) ii, iii
26. (c) iii മാത്രം
27. (a) i, ii, iii iv ശരിയാണ്
28. (d) i, iii, iv
29. (a) A, B ശരിയാണ്
30. (d) ii, iii
31. (c) i - n, ii - p, iii - m, iv - o
32. (d) i, ii, തെറ്റ് iii, iv ശരി
33. (c) i, ii, iii
34. (c) iii മാത്രം
35. (d) i, iii
36. (b) ii, iii
37. (a) ii മാത്രം
38. (a) i, ii, iv
39. (d) ii, iii, iv
40. (c) i, iii, iv